www.malankaralibrary.com




മാർച്ച് 2023

# ക്രൈസ്തവ കാഹളം

## ആരാധനയും ആത്മീയതയും ഭക്താഭ്യാസങ്ങളും

www.malankaralibrary.com



കൃപ നിറഞ്ഞ മറിയമേ, നീ സ്വീകരിച്ച ദൈവകൃപ ഒരിക്കലും വ്യർഥമാക്കാതെ, വലിയ സഹനശീലത്തിലും പീഢകളിലും ഞെരുക്കങ്ങളിലും വൈഷമ്യങ്ങളിലും മർദനങ്ങളിലും ലഹളകളിലും അധ്വാനങ്ങളിലും എല്ലാ സമയത്തും എല്ലാ വിധത്തിലും കർത്താവിന്റെ ദാസിയും സഹപ്രവർത്തകയുമാണെന്നു നീ കാണിച്ചുകൊണ്ടിരുന്നു. പുനരൈക്യത്തിൻ മാതാവേ, ഞങ്ങൾ സ്വീകരിച്ച ദൈവകൃപ ഒരിക്കലും വ്യർഥമാക്കാതെ എല്ലാ സമയത്തും എല്ലാ വിധത്തിലും കർത്താവിന്റെ ദാസരും സഹപ്രവർത്തകരുമായിരിക്കാൻ ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കണമെ. ആമ്മേൻ.

www.malankaralibrary.com

മാർച്ച് 25

# വചനിപ്പു പെരുന്നാൾ



ദൈവവചനത്തിന് മാംസം ധരിക്കുവാൻ
ജീവിതം സമർപ്പിച്ച പരിശുദ്ധ അമ്മേ
ഞങ്ങൾക്കു വേണ്ടി പ്രാർത്ഥിക്കണമേ!

www.malankaralibrary.com

# ഉള്ളടക്കം

മാർച്ച് 2023 വാല്യം 84 ലക്കം 3




രക്ഷാധികാരി
മോറാൻ മോർ ബസേലിയോസ്
കർദ്ദിനാൾ ക്ലീമിസ് കാതോലിക്കാബാവ
പ്രിന്റർ ആന്റ് പബ്ലിഷർ
റൈറ്റ് റവ. ജെയിംസ് പാറവിള
കോർ എപ്പിസ്കോപ്പാ
എഡിറ്റർ
റവ. ഫാ. ഷീൻ പാലക്കുഴി
ചീഫ് എഡിറ്റർ
റവ. ഫാ. ബോവസ് മാത്യു
ഫോൺ: 9447661943
bovasmathew@gmail.com

പത്രാധിപ സമിതി
റവ. ഡോ. ജോൺ പടിപ്പുരക്കൽ
റവ. ഫാ. ജോസഫ് വള്ളിയാട്ട്
റവ. ഫാ. ജോസഫ് പൂവത്തുംതറയിൽ
റവ. ഫാ. ഗീവർഗീസ് വലിയചാങ്ങവീട്ടിൽ
റവ. ഫാ. വർഗീസ് വിനയാനന്ദ് ഒ.ഐ.സി
ഡോ. കെ. വി. തോമസ്കുട്ടി
റവ. സി. ഡോ. ആർദ്ര എസ്.ഐ.സി.
റവ. സി. ഡോ. അഞ്ജലി തെരേസ് ഡി.എം.
ഡോ. ഷേർളി സ്റ്റുവർട്ട്
ശ്രീ. രാജു മാത്യു

ഉപദേശക സമിതി
ശ്രീ. ജേക്കബ് പുന്നൂസ്
റവ. ഫാ. വിൽസൺ തട്ടാരുതുണ്ടിൽ
റവ, ഫാ. തോമസ് കയ്യാലക്കൽ
ഡോ. തോമസ്കുട്ടി പനച്ചിക്കൽ
ശ്രീ. ബോബി എബ്രഹാം

സർക്കുലേഷൻ മാനേജർ
റവ. ഫാ. തോമസ് മുകളുംപുറത്ത് - 9446703056
കവർ & ലേഔട്ട്
Fingraph - 9387811920
പ്രിന്റിംഗ്
സെന്റ് മേരീസ് പ്രസ്, പട്ടം, തിരുവനന്തപുരം-4
വിലാസം
ക്രൈസ്തവ കാഹളം, സമന്വയ പാസ്റ്ററൽ സെന്റർ
സെന്റ് മേരീസ് കാമ്പസ്, പട്ടം, തിരുവനന്തപുരം-4


- എഡിറ്റോറിയൽ 05
- പിതൃമൊഴി 07
- ആരാധനയും സഭാജീവിതവും 09
- ജപമാല: വിശ്വാസജീവിതത്തിന്റെ പാഠശാല 13
- വിശുദ്ധ കുർബാനയുടെ പരസ്യാരാധനയിൽ പുലർത്തേണ്ട അജപാലന ജാഗ്രത 16
- ആത്മീയവളർച്ചയിൽ തീർത്ഥാടനത്തിന്റെ പങ്ക് 20
- തിരുശേഷിപ്പുകളെ വണങ്ങുന്ന വിശുദ്ധ സഭ 24
- നൊവേനകൾ: ദൈവത്തെ കേൾക്കാനുള്ള പ്രാർത്ഥനകൾ 27
- വിശുദ്ധ കുരിശിന്റെ വഴി പ്രാർത്ഥനയുടെ ആത്മീയത. 30
- പ്രദക്ഷിണങ്ങൾ ക്രിസ്തീയ സ്വത്വത്തിന്റെ ഭാഗം 35
- വി. ജോൺ ക്രിസോസ്റ്റം 37
- താഴത്തുവയ്ക്കാനാവാത്ത വിഴുപ്പുകൾ 45
- സ്വർഗം വരച്ച കാലത്തിന്റെ പുരോഹിതൻ 49
- ശാസ്ത്രപാതയിൽ ഒരു അൾത്താര ശുശ്രൂഷകൻ 52
- സ്വത്വബോധവും സ്വത്വ രാഷ്ട്രീയവും 55

www.malankaralibrary.com





# ഫേസ്ബുക്കിൽ വളരുന്ന ആരാധനാ ജീവിതം

കുറച്ചു നാളായി ഫേസ്ബുക്കും, വാട്ട്സാപ്പും തുറന്നാൽ വലിയ ചർച്ചയാണ്. മലങ്കര കത്തോലിക്കാ സഭയിലെ ആരാധനാക്രമത്തെയും അനുഷ്ഠാനങ്ങളെയും കുറിച്ചാണ് ചർച്ച. ഏതെങ്കിലും സ്ഥലങ്ങളിലോ, പള്ളികളിലോ, പൊതുകൺവൻഷനുകളുടെയോ പെരുന്നാളാഘോഷങ്ങളുടെയോ ഭാഗമായി നടത്തുന്ന എല്ലാ ശുശ്രൂഷകളെയും മുടിനാരിഴ കീറി പരിശോധിച്ച് ഇതൊന്നും പാടില്ല എന്ന് 'തിരുവെഴുത്തുകൾ' പുറപ്പെടുവിക്കുന്നതാണ് പ്രസ്തുത ചർച്ചകളിലെ രീതി. ആരാണിവരെ ചുമതലപ്പെടുത്തിയത് എന്ന് ചോദിച്ചാൽ ഉത്തരമില്ല. സഭയുടെ ആരാധനക്രമം സംരക്ഷിക്കാൻ ഇറങ്ങി പുറപ്പെട്ടിരിക്കുന്ന ചാവേറുകൾ, അഭിനവ താലിബാൻ. ഇവരിൽ പലരെയും ഞായറാഴ്ചകളിൽ അന്വേഷിച്ചാൽ അവരുടെ പള്ളികളിൽ കാണില്ല. ചിലർ ഈ സഭയുമായി യാതൊരു ബന്ധവുമില്ലാത്തവർ. എല്ലാത്തിനും ഇവർ അടിസ്ഥാനമിടുന്നത് ഇപ്പോൾ സീറോ മലബാർ സഭയിൽ നടക്കുന്ന ചില അനിഷ്ഠ സംഭവങ്ങളാണ്. ഇതൊന്നും ഇവിടെ നടക്കാൻ പാടില്ല. ഇവർ ചോദിക്കുന്ന ചില ചോദ്യങ്ങൾ. പള്ളിയിലെന്തിനാണ് സക്രാരി? സക്രാരി തുറന്ന് എന്തിനാണ് വിശുദ്ധ കുർബ്ബാന പരസ്യാരാധനയ്ക്ക് എടുത്ത് വയ്ക്കുന്നത്? എന്തിനാണ് ജപമാല ചൊല്ലുന്നത്? നോമ്പുകാലത്ത് എന്തിനാണ് കുരിശിന്റെ വഴി നടത്തുന്നത്? കരുണ കൊന്ത ചൊല്ലാമോ? ചോദ്യങ്ങളുടെ പട്ടിക വളരെ നീണ്ടതാണ്. പാലിൽ ഹോർലിക്സ് ചേർക്കണമോ?. കഞ്ഞിയിൽ ഉപ്പ് ചേർക്കാമോ? ഓംലെറ്റിൽ കുരുമുളക്പൊടി ചേർക്കാമോ? ഇതുപോലെ ചോദ്യങ്ങൾ ചോദിക്കുന്ന ധാരാളം പേരെ കണ്ടിട്ടുണ്ട്.

മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ ആരാധനക്രമത്തെയും അനുഷ്ഠാനങ്ങളെയും സംബന്ധിച്ച് അവസാനവാക്ക് ഈ സഭയുടെ പരമാധ്യക്ഷൻ നേതൃത്വം നൽകുന്ന പരിശുദ്ധ എപ്പിസ്കോപ്പൽ സുന്നഹദോസ് ആണ്. കൃത്യമായ നിർദ്ദേശങ്ങൾ സുന്നഹദോസ് നൽകിയിട്ടുണ്ട്. വിശുദ്ധ കുർബ്ബാന കേന്ദ്രീകൃതമായ ആരാധാനാ ജീവിതം, യാമ പ്രാർത്ഥനകൾ, വിശുദ്ധ വചന വായന, നോമ്പനുഷ്ഠാനം തുടങ്ങിയവ ഈ സഭയുടെ ആരാധന ജീവിതത്തിന്റെ അടിസ്ഥാന ശിലകളാണ്. എന്നാൽ സാർവ്വത്രിക സഭാ കൂട്ടായ്മയിൽ ദൈവദാസൻ മാർ ഇവാനിയോസ് തിരുമേനിയുടെ നേതൃത്വത്തിൽ മലങ്കര സഭ പ്രവേശിച്ചപ്പോൾ ലഭിച്ചതും, അനുഭവിച്ചതുമായ വ്യത്യസ്ഥമായ അനേകം ആത്മീയധാരകൾ ഈ സഭയിൽ എങ്ങനെ ഉപയോഗിക്കാം എന്ന് നാമെല്ലാവരെയും പിതാവ് പഠിപ്പിച്ചിട്ടുണ്ട്. ജപമാല, കുരിശിന്റെ വഴി, വിശുദ്ധ കുർബ്ബാനയുടെ ആരാധന എന്നീ കാര്യങ്ങളിൽ നമ്മുടേതായ ശൈലിയും രീതികളും നമ്മുടെ പ്രാർത്ഥനാ പുസ്തകത്തിൽത്തന്നെ എഴുതിച്ചേർത്തിട്ടുണ്ട്. ഇവയൊന്നും നമ്മുടെ ആരാധനാ ക്രമത്തിൽ നാം പാലിക്കുന്ന പ്രധാന കാര്യങ്ങൾക്ക് പകരമല്ല. എന്നാൽ അവയെ കൂടുതൽ അർത്ഥവത്തായും അനുഭവവേദ്യമയായും കൈകാര്യം ചെയ്യുന്നതിന് ഈ ഭക്തകൃത്യങ്ങൾ ഏറെ സഹായിക്കുന്നു. അനേകർക്ക് അത് വലിയ കൃപ

www.malankaralibrary.com



യുടെ നീർച്ചാലുകളാണ്. സാർവ്വത്രിക സഭ അനേകം വ്യക്തിസഭകളുടെ കൂട്ടായ്മയാണ്. ഓരോ സഭയിലും രൂപപ്പെട്ട ആരാധാനാ രീതികളും, അനുഷ്ഠാനങ്ങളും, ഭക്താഭ്യാസങ്ങളും ആ സഭയുടെ വളർച്ചയിലും ആത്മീയമായ രൂപീകരണത്തിലും ഏറെ സഹായിച്ചിട്ടുണ്ട്. പരസ്പരം വളർത്തുന്ന നന്മകൾ സ്വീകരിക്കുന്നതിനും അനുകരിക്കുന്നതിനും ശ്രമിക്കുന്നതിനിടയിൽ സ്വന്തമായത് നഷ്ടമാകാതെ നോക്കുക എന്നുള്ളതാണ് മർമ്മപ്രധാനം.

ഫേസ്ബുക്കിലും, യൂട്യൂബിലും വായിൽതോന്നുന്നത് പറഞ്ഞും എഴുതിയും അനുവാചകരെയും പ്രേക്ഷകരെയും കൂട്ടി അതിൽ നിന്ന് ഒരു ചെറിയ വരുമാനം ഒപ്പിക്കാനുള്ള തത്രപ്പാടിൽ പലരും സഭയെ മറന്നുപോകുന്നു. ഇപ്പോൾ നല്ല മാർക്കറ്റിംഗ് ഉള്ള ഒരു മേഖലയാണ് സഭയുടെ ചരിത്രം പറയുക, ആരാധനക്രമം ചർച്ച ചെയ്യുക തുടങ്ങിയ കാര്യങ്ങൾ. ഇതൊന്നും സഭയെ നന്നാക്കുകയില്ല എന്ന് മാത്രമല്ല, ഇതെല്ലാം ആന്തരിക സമാധാനം നഷ്ടപ്പെടുത്തുന്ന പിശാചിന്റെ തന്ത്രങ്ങളാണെന്നുള്ള തിരിച്ചറിവ് പോലും നഷ്ടപ്പെട്ടിരിക്കുന്നു. ദൈവത്തിന്റെ വെളിപാടുകൾ, പരിശുദ്ധ ദൈവമാതാവിന്റെ പ്രത്യക്ഷീകരണങ്ങൾ, സന്ദേശങ്ങൾ, കാലഘട്ടത്തിന് ആവശ്യമായ പ്രാർത്ഥനകൾ ഇതൊന്നും ഇനിയും സംഭവിക്കാൻ പാടില്ല, പണ്ടുള്ളതൊക്കെ മതി എന്ന നിലപാടുകൾ ആരെ സഹായിക്കും? തിരിച്ചറിവും വിവേകവും ഉണ്ടെങ്കിൽ ഇത്തരം ചർച്ചകളുടെ അർത്ഥശൂന്യത വേഗം തിരിച്ചറിയും. അതിനായി നമുക്ക് പ്രാർത്ഥിക്കാം.

ഫാ. ബോവസ് മാത്യു
ചീഫ് എഡിറ്റർ,
bovasmathew@gmail.com 9447661943



www.malankaralibrary.com





# ആത്മീയതയും ഭക്ത്യാഭ്യാസങ്ങളും: നമ്മുടെ സഭ പഠിപ്പിക്കുന്നത് എന്ത്?

പരിമിതികളോടെ സൃഷ്ടിക്കപ്പെട്ട മനുഷ്യന് അപരിമിതനായ ദൈവത്തെ അന്വേഷിക്കുന്നതിനും സംവദിക്കുന്നതിനുമുള്ള ആഗ്രഹവും തൃഷ്ണയും ദൈവത്താൽ തന്നെ നൽകപ്പെട്ടിട്ടുണ്ട്. ആദൈവാന്വേഷണത്തിന് സാധാരണ മനുഷ്യന് എപ്പോഴും മാധ്യമം ആവശ്യമാണ്. വിശ്വാസത്തിന്റെ പല തലങ്ങളിൽ മാധ്യമങ്ങളായി പലതും ഉപയോഗിക്കപ്പെടുന്നുണ്ട്. ദൈവവചനവും ദൈവാ രാധനാരീതിയും പ്രാർത്ഥനയും കൂദാശകളും പുണ്യപ്രവൃത്തികളുമൊക്കെ ദൈവാന്വേഷണത്തിന്റെയും ദൈവാനുഭവത്തിന്റെയും മാധ്യമങ്ങളാണ്. മറ്റു ചിലപ്പോൾ ഭാഷ തന്നെ ഒരു മാധ്യമമാണ്. നമ്മുടെ ആരാധനാജീവിതത്തോട് ഇഴചേർന്നു കിടക്കുന്ന ഭക്ത്യാഭ്യാസങ്ങളും ഇത്തരത്തിൽ നമ്മെ ദൈവത്തോടു ബന്ധപ്പെടുത്തുന്ന ചില വഴികളാണ്. ഉദാഹരണത്തിന് ജപമാല, കുരിശിന്റെ വഴി, നൊവേനകൾ, തിരുശേഷിപ്പുകൾ, തീർത്ഥാടനങ്ങൾ, പ്രദക്ഷിണങ്ങൾ തുടങ്ങി ഒട്ടേറെക്കാര്യങ്ങൾ അക്കൂട്ടത്തിൽ വരും.

നമ്മുടെ പാരമ്പര്യത്തിൽ നിന്നും ദൈവശാസ്ത്രത്തിൽ നിന്നും ആരാധനയിൽ നിന്നും സ്വാഭാവികമായി ഉരുത്തിരിയുകയും സഭാത്മകമായ ആരാധനയിലേക്ക് തന്നെ ആളുകളെ നയിക്കുകയും ചെയ്യുന്നവയാണ് ഭക്ത്യാഭ്യാസങ്ങൾ. അവ നമ്മുടെ ആരാധനാജീവിതത്തിന് പകരം നിൽക്കുന്നവയല്ല, അതിനെ വിശാലമാക്കുന്നവയാണ്. കത്തോലിക്കാ സഭയുടെ മതബോധന ഗ്രന്ഥം ഇത്തരം ഭക്താഭ്യാസങ്ങളെക്കുറിച്ച വ്യക്തമായ മാർഗ്ഗനിർദ്ദേശം നൽകുന്നുണ്ട്. "ഈ ഭക്തിപ്രകടനങ്ങൾ സഭയുടെ ആരാധനാജീവിതത്തെ വ്യാപിപ്പിക്കുകയാണ്, അതിനു പകരം നിൽക്കുകയല്ല. ആരാധനാകാലങ്ങളോട് ഒത്തുപോകുന്നവിധത്തിലും വിശുദ്ധ ആരാധനക്രമത്തോടു പൊരുത്തപ്പെടുന്ന രീതിയിലും അവയെ ചിട്ടപ്പെടുത്തണം. അതിൽ നിന്ന് അവ ഒരു കണക്കിൽ ഉരുത്തിരിയുകയും അതിലേക്ക് ആളുകളെ നയിക്കുകയും വേണം. കാരണം ആരാധനാക്രമം അതിന്റെ സ്വഭാവത്താൽ തന്നെ ഏതൊരു ഭക്ത്യാഭ്യാസ ത്തെക്കാളും അത്യന്തം ശ്രേഷ്ഠമാണ്" (CCC 1675).

ഭക്താഭ്യാസങ്ങൾ ഒരിക്കലും സഭാവിരുദ്ധമല്ല. അവ ക്രൈസ്തവ ജീവിതത്തെ പുഷ്ടിപ്പെടുത്തുന്നു. അതിന്റെ ഉള്ളടക്കത്തിൽ ക്രൈസ്ത ജീവിതത്തെ സംബന്ധി ക്കുന്ന അമൂല്യമായ ജ്ഞാനമുണ്ട്. എന്നാൽ ഇവയുടെ അനുഷ്ഠാനങ്ങളിൽ ഏറെ ശ്രദ്ധ ആവശ്യമുണ്ട്.

www.malankaralibrary.com



"പൊതുജന ഭക്താഭ്യാസങ്ങളെ സംരക്ഷിക്കുന്നതിനും പോഷിപ്പിക്കുന്നതിനും അജപാലനാപരമായ വിവേചനാ ബുദ്ധി ആവശ്യമാണ്. വിശ്വാസികൾ ക്രിസ്തുരഹസ്യത്തിന്റെ അറിവിൽ വളരേണ്ടതിന് ഈ ഭക്തകൃത്യങ്ങളുടെ പിന്നിലുള്ള മതബോധനത്തെ ശുദ്ധീകരിക്കുകയും തിരുത്തുകയും ചെയ്യുക ആവശ്യമായി വരാം. ഭക്താഭ്യാസങ്ങൾ മെത്രാൻമാരുടെ മേൽനോട്ടത്തിനും തീരുമാനത്തിനും സഭയുടെ പൊതുചട്ടങ്ങൾക്കും വിധേയമാണ്" (CCC 1676).

വിശ്വാസത്തിന്റെ അടിസ്ഥാനതത്വങ്ങൾക്ക് അൽപം പോലും ഭംഗം വരുത്താത്ത, സുവിശേഷാധിഷ്ഠിതമായ, ആത്മീയജ്ഞാനം പ്രസരിപ്പിക്കുന്ന, ക്രൈസ്തവ ജീവിതത്തെ പുഷ്ടിപ്പെടുത്തുന്ന ഭക്താഭ്യാസങ്ങളെ സഭ പ്രോത്സാഹിപ്പിക്കുന്നു.

മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ പ്രത്യേക നിയമാവലിയിൽ ഇത്തരം ഭക്തഭ്യാസങ്ങളെക്കുറിച്ച് സൂചനയുണ്ട്. 'കുരിശിന്റെ വഴി, വിശുദ്ധ ജപമാല പ്രാർത്ഥന, പരിശുദ്ധ കന്യാമറിയത്തോടും മറ്റുവിശുദ്ധരോടുമുള്ള നൊവേനകൾ തുടങ്ങിയ ഭക്താഭ്യാസങ്ങളും സഭയിൽ പ്രേത്സാഹിപ്പിക്കപ്പെടേണ്ടവയാണ്' (CPC SMCC. Can.576). നമ്മുടെ പിതാവായ ദൈവദാസൻ മാർ ഈവാനിയോസ് തിരുമേനിയും ആത്മീയോത്കർഷത്തിന് ഉതകുന്നതെന്ന നിലയിൽ ഇത്തരം ഭക്താഭ്യാസങ്ങളെ പ്രോത്സാഹിപ്പിക്കുന്നുണ്ട്.

സഭയുടെ ആരാധനക്രമം സംബന്ധിച്ച് സ്വകാര്യ യൂട്യൂബ് ചാനലുകളും മറ്റു മാധ്യമങ്ങളുമല്ല അന്തിമവാക്കെന്നത് സഭാമക്കൾ ശ്രദ്ധാപൂർവ്വം മനസ്സിലാക്കുക. നമ്മുടെ സഭയുടെ വിവിധ പ്രേഷിതവേദികളിലുള്ളവർ ശ്രദ്ധയോടും അവധാനതയോടും കൂടി വേണം ആരാധനക്രമ സംബന്ധിയായചർച്ചകൾ പൊതുവേദികളിൽ നടത്താൻ. നമ്മുടെ സഭാനിയമ സംഹിതയിലെ (CPC SMCC) കാനൻ 575, 576 ശ്രദ്ധയോടെ വായിച്ച ശേഷമേ മഹറോൻ വാദങ്ങളിലേക്ക് പ്രവേശിക്കാവൂ. ഏതെങ്കിലും ഒരു പ്രത്യേക സംഭവമോ നിരീക്ഷണമോ നടത്തി അതിന്റെ വെളിച്ചത്തിൽ സഭാമക്കളുടെ ഇടയിൽ അനാവശ്യമായ ഇഷ്ടവും ഇഷ്ടക്കേടുകളും സൃഷ്ടിക്കുന്നത് ഏതു ദിശയിൽ നമ്മെ എത്തിക്കുമെന്നത് ആനുകാലിക സംഭവങ്ങളിൽ നിന്ന് മനസ്സിലാക്കേണ്ടതാണ്.

കാലാകാലങ്ങളിൽ സഭയുടെ ആരാധനാജീവിതത്തിൽ നിന്ന് സ്വാഭാവികമായി ഉരുത്തിരിഞ്ഞതും ആഗോളകത്തോലിക്കാ സഭയുടെ വിശിഷ്ട പൈതൃകത്തിൽ നിന്ന് നാം സ്വാംശീകരിച്ചിട്ടുള്ളതുമായ ഭക്താഭ്യാസങ്ങൾ വിശ്വാസവിരുദ്ധമോ സഭാവിരുദ്ധമോ അല്ല, മറിച്ച് അവ നമ്മുടെ ആത്മീയതയെ പുഷ്ടിപ്പെടുത്താനും വിശാലമാക്കാനുമുള്ളതാണ്. എന്നാൽ അവ ഒരിക്കലും നമ്മുടെ തനിമയാർന്ന ആരാധനാക്രമത്തിനു പകരമല്ല. മറിച്ച് അതിനെ കൂടുതൽ സമ്പന്നമാക്കാനുള്ളതാണ്! സഭയുടെ ആരാധനാജീവിതം അതിന്റെ നിയതവും സജീവവുമായ നിലയിൽ വളരുന്നതിന് ഏവരുടേയും ശ്രദ്ധവേണം. ഈ വലിയ നോമ്പ് അതിന് ഏവരേയും സഹായിക്കട്ടെ!

നിങ്ങളുടെ പിതാവ്,

+Baselios cleemis

✠കർദ്ദിനാൾ ബസേലിയോസ് ക്ലീമിസ്
മേജർ ആർച്ചുബിഷപ്പ്-കാതോലിക്കോസ്


www.malankaralibrary.com



കവർ സ്റ്റോറി



# ആരാധനയും സഭാജീവിതവും



ആർച്ച്ബിഷപ് ഡോ. തോമസ് മാർ കൂറിലോസ്

ആരാധനയും സഭാജീവിതവും ഒന്നുതന്നെയാണ്. ആരാധന കൂടാതെ സഭയോ, ജീവിതമില്ലാതെ ആരാധനയോ പ്രസക്തമാവില്ല. ദൈവം വ്യക്തികൾക്കുതന്നെ തന്നെ വെളിപ്പെടുത്തിയെങ്കിലും അവിടുന്ന് ഒരു കൂട്ടായ്മയാണ് അതിലൂടെ വിഭാവനം ചെയ്തത്. മനുഷ്യനും പ്രപഞ്ചവും ഒന്നുപോലെ ദൈവത്തിന്റെ നന്മകൾ അനുഭവിച്ച് ഒരുമയിൽ മുന്നേറണമെന്നാഗ്രഹിച്ചു ദൈവാരാധനയിലാണ് ഇതു സംഭവിക്കുന്നത്. മനുഷ്യൻ സ്വയം മറന്ന് സൃഷ്ടാവായ ദൈവത്തിലേക്കുയരുമ്പോൾ അവനിൽ രൂപീകരണം ഉണ്ടാകുകയും സ്വാർത്ഥത വെടിഞ്ഞ് എല്ലാവരോടും ഒരുമയിലും സ്നേഹത്തിലും കഴിയുവാൻ ഇടയാകുകയും ചെയ്യും. ദൈവം അബ്രഹാമിനെ വിളിച്ചതും മോശയെ തെരഞ്ഞെടുത്തതും പുതിയ ഇസ്രായേലായ സഭയെ തന്റെ തിരുമകന്റെ വക്ഷസിൽ നിന്നു രൂപീകരിച്ചതും ലോകം മുഴുവൻ പോയി സുവിശേഷം അറി

www.malankaralibrary.com



യിക്കുവാൻ കല്പിച്ചതും ഈ കൂട്ടായ്മയ്ക്കാണ്. മനുഷ്യനും പ്രപഞ്ചവും ഒന്നുപോലെ ദൈവീകതയിലേക്ക് മാറ്റപ്പെടുന്നതിനാണ്. അത് ആരാധനയിലും ആരാധനയിലൂടെ മാത്രവും സംഭവിക്കുന്നു. ആരാധനയിൽ ആരംഭിച്ച് ജീവിതത്തിലേക്കും അവിടെ നിന്നും തിരിച്ച് ആരാധനയിലേക്കും.

സഭ തന്റെ അടിസ്ഥാന വ്യക്തിത്വവും തനിമയും ഘോഷിക്കുന്നത് ആരാധന സവിശേഷതയിലൂടെയാണ്. ആയതുകൊണ്ട് ആരാധനയുടെ പൗരാണികതയും തനിമയും നിലനിർത്തേണ്ടത് അസ്തിത്വപരമായ ആവശ്യം ആണ്. ആരാധനയുടെ ഉള്ളടക്കം ദൈവമഹത്വവും മനുഷ്യന്റെ ദൈവീകവൽക്കരണവും അതിലൂടെ പ്രപഞ്ചം മുഴുവന്റെയും മഹത്വീകരണവുമാണ്. ദൈവം താൻ ആരെന്നും തന്റെ രക്ഷാകര പദ്ധതിയുടെ നന്മ എന്തെന്നും തന്റെ പുത്രനിലൂടെ വെളിപ്പെടുത്തി. ഓരോ സംസ്കാരത്തിലും ഈ മഹത്തരമായ ദൈവീക വെളിപാട് ജഡം ധരിക്കുവാൻ ദൈവം അനുവദിച്ചു. അങ്ങനെ ഓരോ സംസ്കാരത്തിലേക്കും ദൈവീകരഹസ്യങ്ങൾ അനുരൂപപ്പെട്ട് കാലകാലങ്ങളിലൂടെ രൂപവും ഭാവവും തനിമയും സ്വീകരിച്ച് ആരാധന സഭയുടെ അസ്തിത്വമായി മാറി. വിശുദ്ധ വചനം കാലകാലങ്ങളിലൂടെ ദൈവീക ആത്മാവിന്റെ പ്രചോദനത്തിൽ രൂപീകരിക്കപ്പെടുകയും അതിനെ സഭയുടെ പ്രബോധനാധികാരത്താൽ വെളിപാടിന്റെ ഭാഗമായി നിശ്ചയിക്കുകയും ചെയ്ത്, എഴുതപ്പെട്ട വചനം ലഭ്യമായി. ഇതുപോലെ എഴുതപ്പെടാത്തതും എന്നാൽ എഴുതപ്പെട്ട ദൈവീകവെളിപാടുകളോടു ചേർന്നുപോകുന്നതുമായ ദൈവീകരഹസ്യങ്ങളുടെ കൈമാറ്റവും അവ ആരാധനപാരമ്പര്യങ്ങളിലൂടെ സഭയുടെ അലിഖിതസമ്പത്തുമായി രൂപം പ്രാപിക്കുകയും അത് സഭയുടെ പ്രബോധനാധികാരത്തിൽ കൃത്യമായി നിർവ്വചിക്കുകയും നിജപ്പെടുത്തുകയും ചെയ്തുവന്നു. സർവ്വാരൂപിയായ ദൈവം, നിർണ്ണയിക്കുവാനോ പൂർണ്ണമായി മനസിലാക്കാനോ സാധിക്കാത്ത ദൈവത്തെയും ദൈവീക രഹസ്യങ്ങളെയും മനുഷ്യനു പരിചിതമായതും എന്നാൽ പരിശുദ്ധമെന്ന് കരുതിപ്പോകുന്നതുമായ സങ്കേതങ്ങളിലൂടെയും രീതികളിലൂടെയും സാദൃശ്യങ്ങളിലൂടെയും ദൈവത്തെ മഹത്വപ്പെടുത്തുവാൻ മനുഷ്യനു സാധിക്കുന്നു. മനുഷ്യന്റെ അപ്രകാരമുള്ള ചെയ്തികളിൽ ദൈവം പ്രീതിപ്പെടുന്നു. ഹാബേലിന്റെ കാഴ്ച ദൈവം സ്വീകരിച്ചു, മൽക്കിസദേക്ക് അപ്പവും വീഞ്ഞും കാഴ്ചവച്ചു, അബ്രഹാം കുഞ്ഞാടിനെ ബലി അർപ്പിച്ചു, മായൽത്തോയിൽ രണ്ടു പ്രാവിൻ കുഞ്ഞുങ്ങളെ സ്വീകരിച്ച് സംപ്രീതനായി, വിധവയുടെ രണ്ടു ചെമ്പിൻ തുട്ടുകളെ വിലയേറിയതായി കണ്ടു – എന്റെ ആത്മാവിനെ നിന്റെ കരങ്ങളിൽ ഭരമേല്പിക്കുന്നു എന്നു പറഞ്ഞ് പിതാവിനു യേശുനാഥൻ സ്വയം കാഴ്ചയായി – ഇവ എല്ലാം ദൈവം മനുഷ്യനിൽ പ്രീതനാകുന്നതിന്റെ സൂചനകൾ ആണ്. ഭൗതീകമനുഷ്യന് ഭൗതിക സങ്കേതങ്ങളിലൂടെ മാത്രമെ ദൈവത്തെ അനുഭവിക്കുവാൻ കഴിയൂ. ആരാധന എന്നത് സഭയുടെ ദൈവസ്നേഹമാണ്. അതിന്റെ ഉറവിടവും അതിന്റെ ലക്ഷ്യവും മാർഗ്ഗവും ദൈവം തന്നെയാണ്. അതിലൂടെ മനുഷ്യൻ ദൈവോന്മുഖനും സോദരോന്മുഖനും പ്രപഞ്ചോന്മുഖനും സന്തുഷ്ടനും ആകും. ദൈവം നന്മ മാത്രമായതുകൊണ്ടും നന്മ മാത്രം ചെയ്യുന്നവനും ആകയാൽ ഈ ആരാധനയിലൂടെ നാം നന്മയുള്ളവരാകും. “നിങ്ങളുടെ സ്വർഗ്ഗസ്ഥ പിതാവ് പൂർണ്ണനായിരിക്കുന്നതുപോലെ നിങ്ങളും പൂർണ്ണരായിരിക്കുവിൻ”. ആരാധനയിൽ സൗന്ദര്യവും കണ്ണിനു കൗതുകവും കേൾവിക്കിമ്പവും മനസിനു സുഖാനുഭവവും തരുന്ന ഘടകങ്ങൾ ഉണ്ടെങ്കിലും അവ നമ്മെ യദാർത്ഥ ആത്മീകതയിലേക്ക് നയിക്കണം. ശിഷ്യജീവിതത്തിലെ കുരിശും സഹോദരന്റെ കാവൽക്കാരനായതുകൊണ്ടു വരാവുന്ന ത്യാഗങ്ങളും മനുഷ്യൻ അപൂർണ്ണനായതുമൂലം ഉണ്ടാകുന്ന വേദനകളും ഔദാര്യത്തോടെ സ്വീകരിക്കുവാൻ പ്രാപ്തനാക്കുന്ന അനുഗ്രഹ ഉറവയാണ് ആരാധന.

മലങ്കര സഭയുടെ ആരാധനയെപ്പറ്റി പൊതുവെ പറയുമ്പോൾ അതു ദൈവവചനാധിഷ്ഠിതവും ഏറെ പങ്കാളിത്വമുള്ളതും ധാരാളം പ്രതീകങ്ങളും രഹസ്യഭാവങ്ങളും കൊണ്ട് നിറഞ്ഞിരിക്കുന്നതുമാണ്. ആരാധനയുടെ മഹത്വം അതിന്റെ രഹസ്യാത്മകതയിലും അതു മനുഷ്യനിലുണർത്തുന്ന ഭക്തിസാന്ദ്രമായ അനുഭവത്തിലുമാണ്. അവയെ യുക്തി കൊണ്ടോ വാഗ്വാദങ്ങൾ കൊണ്ടോ സമർത്ഥിക്കുവാൻ സാധിക്കുന്നവയല്ല. ഓരോ ശാസ്ത്രത്തിനും അതിന്റേതായ ഒരു രീതിശാസ്ത്രവും യുക്തിഭദ്രമായ തലവുമുണ്ട്. ആ തലത്തിൽ നിന്നും ചിന്തിക്കുമ്പോൾ മാത്രമെ അതു അർത്ഥമുള്ളതായി തോന്നുകയുള്ളൂ. സ്നേഹത്തിന്റെ പ്രതീകമായി ഒരു സമ്മാനം നൽകുന്നതും അല്പസമയം സ്നേഹിതന്റെ മുഖത്തു നോക്കി സൗഹൃദം പങ്കുവയ്ക്കുന്നതും സ്നേഹം തന്നെയാണ്. അല്ലാതെ സമ്മാനം നൽകിയതു മാത്രമാണ് സ്നേഹ സൂചന എന്നതു സമർത്ഥിക്കുന്നത് തെറ്റാണ്. ഇവ യുക്തിക്കു മനസിലാകണമെന്നില്ല. അതുപോലെ ആരാധനയിൽ ഉപയോഗിക്കുന്ന സാദൃശ്യങ്ങളും പ്രതീകങ്ങളും സ്വരങ്ങളും എല്ലാം എല്ലാവർക്കും ഒരുപോലെ സ്വീകാര്യമാകണമെന്നില്ല. എന്നാൽ അതിലേക്കു ഇറങ്ങി ചെല്ലുവാൻ പരിശ്രമിച്ചാൽ അത് ഏറെ പ്രസക്തമായ ഒരനുഭവമായി മനസിലാക്കപ്പെടും. എന്തെന്നാൽ അവയിൽ ദൈവാത്മാവിന്റെ ഇടപെടലുണ്ട്.

നമ്മുടെ അന്ത്യോക്യൻ ആരാധനയുടെ പവിത്രത കാത്തുസൂക്ഷിക്കുന്നതും അതിൻെറ അനന്യത സംരക്ഷിക്കുന്നതും പരമപ്രധാനമായ ദൗത്യമായിരിക്കെ മറ്റു സഭകളിലും സമൂഹങ്ങളിലും കാണുന്ന ചില ഭക്തകൃത്യങ്ങളും പ്രാർത്ഥനകളും സമുക്കുപയോഗിക്കാമോ. എവിടെവരെയാണ് നമുക്കു സ്വാന്ത്ര്യം ഉള്ളത്? പ്രത്യേകിച്ചും സ്ലീബാപാത, ജപമാല, നൊവേനകൾ, വി. കുർബാനയുടെ ആരാധന തുടങ്ങിയ കാര്യങ്ങളെക്കുറിച്ച് മനസിലാക്കുന്നത് നല്ലതാണ്. ലോകത്തിന്റെ അധഃപതനത്തിനു കാരണം ദൈവഭക്തി നഷ്ടപ്പെടുന്നതാണ്. മനുഷ്യൻ ദൈവഭക്തിയിൽ ജീവിക്കുമ്പോൾ അവൻ നന്നാകും, സഹോദരങ്ങൾക്കു നന്മ ലഭിക്കും. ഭൂമിയും അതിലെ സമസ്തവും അനുഗ്രഹിക്കപ്പെടും. ക്രൈസ്തവവിശ്വാസത്തിൽ ഭക്തിക്കു വലിയ പ്രാധാന്യമാണ്. നിരന്തരമായ ദൈവസാന്നിദ്ധ്യസ്മരണയും ദൈവത്തിന്റേതാണ് താൻ എന്ന ചിന്തയും വലിയ ഫലപ്രാപ്തിക്കു കാരണമാണ്. ഔദ്യോഗികമായ ആരാധനയും യാമനമസ്കാരവും അതിന്റേതായ രീതിയിലും ഒരുക്കത്തിലും നിശ്ചയിക്കപ്പെട്ടിരുന്ന പ്രകാരം ഏറെ സൂക്ഷ്മമായി നിർവ്വഹിക്കേണ്ടതാണ്. എന്നാൽ മനുഷ്യനെ

www.malankaralibrary.com





ചൂഴ്ന്നു നിൽക്കുന്ന യാഥാർത്ഥ്യങ്ങളുടെ നടുവിൽ നിരന്തരമായ ദൈവഭക്തികൊണ്ടും പ്രാർത്ഥനകൊണ്ടും അനുഗ്രഹിക്കപ്പെടുവാൻ ഇടയാക്കുന്നവയാണ് ഭക്തകൃത്യങ്ങൾ. ഭക്തകൃത്യങ്ങളെ പൂർണ്ണമായി ഒഴിവാക്കുന്നത് ആരാധനയ്ക്ക് ഭംഗം വരുത്തുകയേ ഉള്ളു. സഭയുടെ ഔദ്യോഗിക ആരാധനയായ വി. കുർബാന, കൂദാശകൾ, കൂദാശാനുകരണങ്ങൾ, യാമപ്രാർത്ഥനകൾ, തിരുന്നാളുകൾ, നോമ്പ് തുടങ്ങിയവ കൂടുതൽ സജീവമാകുവാൻ ഭക്തകൃത്യങ്ങൾ സഹായിക്കും. പരി. ബനഡിക്ട് 16-ാമൻ മാർപ്പാപ്പ പറയുന്നതും ഇതുതന്നെയാണ്. “piety is objectively directed towards Liturgy. Refusal to accept popular piety is not good”. ഒരേ സമയം തന്നെ അതീവ ജാഗ്രതയും ദൈവമക്കൾക്കടുത്ത സ്വാതന്ത്ര്യവും നാം പുലർത്തണം. ഈ കാര്യങ്ങൾ സൂഷ്മതയോടെ നോക്കുവാനും ആവശ്യമായ തിരുത്തലുകൾ നടത്തുവാനും നിയോഗിക്കപ്പെട്ടിരിക്കുന്ന വ്യക്തിയാണ് മെത്രാൻ, വി. സുന്നഹദോസ്. ഭക്തകൃത്യങ്ങൾ അതുകൊണ്ടുതന്നെ സഭയുടെ അടിസ്ഥാന ജീവിതമാണ്-അത് എന്നും സഭയിൽ നിലനിൽക്കും. എന്നാൽ സഭയുടെ ആരാധന-വ്യക്തിത്വത്തെ ഹനിക്കാതിരിക്കുവാൻ ശ്രദ്ധവേണ്ടതാണ്.

നമ്മുടെ സഭയിൽ ആരാധനയുടെ മോഡറേറ്റർ പരിശുദ്ധ സഭയും സഭയിലെ പരി. സുന്നഹദോസും ആണ്. ആരാധനയിൽ എന്തെങ്കിലും മാറ്റങ്ങളോ മറ്റു പ്രതീകങ്ങളുടെ ഉൾചേരലോ, ഗാനങ്ങളോ, പ്രാർത്ഥനയോ; എല്ലാം നിയന്ത്രിക്കുന്നത് സഭാതലവൻ അദ്ധ്യക്ഷനായുള്ള പരി. സുന്നഹദോസ് ആണ്. എല്ലാവരും സുന്നഹദോസിനു കീഴ്പ്പെട്ടവരാണ്. അത് അനുവർത്തിക്കുവാൻ എല്ലാവർക്കും ബാദ്ധ്യതയുണ്ട്. ഇത്തരുണത്തിൽ 1956 ൽ പരി. സിംഹാസനം നമുക്കു നൽകിയ നിർദേശങ്ങൾ ഓർക്കുന്നതു നന്നായിരിക്കും. പരി. കുർബാനയുടെ വാഴ്വും ആരാധനയും സംബന്ധിച്ചുള്ള നിർദേശങ്ങളാണ് അവ. പരി. കത്തോലിക്കാസഭയിൽ നിലനിൽക്കുന്ന ഈ ഭക്താഭ്യാസം പരി. സിംഹാസനം ഉൾക്കൊണ്ടുകൊണ്ട് പറഞ്ഞിരിക്കുന്ന കാര്യം ഈ ആരാധനയ്ക്ക് നമ്മുടെ തന്നെ പ്രാർത്ഥനകളും ഗാനങ്ങളും ഉണ്ടാവണം എന്നും അരുളിയ്ക്ക നേരിയനേർത്ത നെറ്റുകൊണ്ട് മൂടിയിരിക്കണം എന്നുമാണ്. നമ്മുടെ പൈതൃകത്തിൽ ഏതൊക്കെ കാര്യങ്ങളാണ് സത്താപരമായി ആ രഹസ്യത്തോടു ചേർന്നിരിക്കുന്നതെന്നും അവ മാറ്റപ്പെടാതെ അസ്തിത്വഭാഗമായി കാത്തുസൂക്ഷിക്കപ്പെടേണ്ടവയുമാണ്. എന്നാൽ അത്രമാത്രം കേന്ദ്രബിന്ദുവല്ലാത്തവയിൽ അത്യാവശ്യ സന്ദർഭങ്ങളിൽ മാറ്റങ്ങൾ ആവശ്യമാകാം. അങ്ങനെയുള്ള സന്ദർഭങ്ങളിൽ പരി. സുന്നഹദോസിന്റെ തീരുമാനമാണ് എല്ലാവരും കൈക്കൊള്ളേണ്ടത്. നമ്മുടെ സഭയിൽ ഓർത്തഡോക്സ്, യാക്കോബായ, മർത്തോമ്മാ, സി.എസ്.ഐ., സീറോ മലബാർ, ലത്തീൻ എന്നീ സഭകളിലെയും മറ്റു മതസ്ഥരായ മക്കളും അംഗങ്ങളായിട്ടുണ്ട്. ഏറെ വൈവിധ്യവും വ്യത്യസ്തതകളും നമ്മുടെ സഭാമക്കളിൽ ഉണ്ട്. ഓരോരുത്തരും കടന്നുവരുന്ന സാഹചര്യങ്ങൾ വ്യത്യസ്തമാണ്. ഇവിടെ നമ്മുടെ സുവിശേഷ ശുശ്രൂഷയ്ക്കു ഭംഗംവരുന്ന ഒന്നും ഉണ്ടാവാൻ പാടില്ല. ആരാധന സുവിശേഷവൽക്കരണത്തിനാണ് എന്ന് ഓർക്കാം. ആരാധനയിലെ ഭാഗഭാഗിത്വം രൂപീകരണത്തിലൂടെയാണ് നാം സാംശീകരിക്കേണ്ടത്. ജപമാലയും മറ്റു ഭക്ത്യാഭ്യാസങ്ങളും നമ്മുടെ സഹോദരീസഭകളിൽ സജീവമായിട്ടുണ്ട്. മലങ്കര കത്തോലിക്കാസഭയിൽ ഈ ഭക്തകൃത്യങ്ങൾ നിലനിൽക്കുന്നു. പരി.സുന്നഹദോസ് അനുവദിച്ചവയാണ്. അവ

www.malankaralibrary.com



നമുക്ക് അനുഷ്ഠിക്കുന്നതിനു സാധിക്കും. ആദിമസഭയിൽ ശ്ലീഹന്മാരുടെ സുന്നഹദോസ് കൽപ്പിച്ചവയാണ് നമുക്കും ആധാരം – അനാവശ്യമായ ഒരു ഭാരവും നിങ്ങളുടെ മേൽ വരുത്തണ്ടാ എന്ന് പരിശുദ്ധാത്മാവിനും ഞങ്ങൾക്കും തോന്നി. നമസ്കാരത്തിനു പകരം ജപമാലയോ മറ്റു സാർവ്വത്രികമായ ഭക്തകൃത്യങ്ങളോ അനുവദിച്ചിട്ടില്ല. എന്നാൽ ഇവയ്ക്കു പുറമെ മറ്റു സാർവ്വത്രികമായ ഭക്തകൃത്യങ്ങൾ കൽപ്പിച്ചു തന്നിരിക്കുന്നതു നമുക്കു പാലിക്കാൻ സാധിക്കും. തീവ്രമായ ഭാവങ്ങൾ ആരെയും സഹായിക്കുകയില്ല എന്നു മാത്രമല്ല അതു വിള്ളലും വിഘടനവും ഉണ്ടാക്കും. നിയന്ത്രണമില്ലാത്ത സ്വാതന്ത്ര്യഭാവം വ്യക്തിത്വത്തെ ഇല്ലാതാക്കും, അരാജകത്വത്തെ സൃഷ്ടിക്കും. പഴമയുടെ പേരിൽ കടുംപിടുത്തങ്ങളും തീവ്രഭാവങ്ങളും സഭയുടെ സുവിശേഷ ശുശ്രൂഷയെ ശുഷ്കമാക്കും, നമ്മുടെ വിളി നഷ്ടമാക്കും. ഇവ രണ്ടും ഒരുപോലെ കൂട്ടിയിണക്കുവാൻ പരി. സുന്നഹദോസ് ഏറെ പഠനത്തിന്റെയും വിചിന്തനത്തിന്റെയും പശ്ചാത്തലത്തിൽ നൽകിയിരിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങൾ പാലിക്കാം. ജൂബിലി വത്സര ആഘോഷവും വിശുദ്ധ നാടും തീർത്ഥാടന ദൈവാലയങ്ങളും സന്ദർശിക്കുന്നത് സംബന്ധിച്ച് ദൈവദാസൻ മാർ ഈവാനിയോസ് പിതാവ് 1951 ഏപ്രിൽ 9 ന് പുറപ്പെടുവിച്ച ഇടയലേഖനത്തിലെ ഒരു ചിന്ത കൂടി പങ്കുവയ്ക്കട്ടെ!

“ജനങ്ങൾ കൂട്ടംകൂട്ടമായി ചേർന്നു ഭക്തിപരമായി ജപമാല പ്രാർത്ഥന ചൊല്ലിക്കൊണ്ടും ഭക്തഗാനങ്ങൾ ആലപിച്ചുകൊണ്ടും പ്രത്യേകം ആശീർവദിച്ച കുരിശു വഹിച്ചുകൊണ്ട് “സ്ലീബാപാത” നടത്തിയും വി. കുർബാന എഴുന്നള്ളിച്ചു വച്ചിട്ടുള്ള പള്ളികളിലേയ്ക്കു തീർത്ഥാടനം ചെയ്യുകയും വി. കുർബാനയുടെ മുമ്പാകെ മേല്പറഞ്ഞ കൗമാ മുതലായ പ്രാർത്ഥനകൾ കൂട്ടമായി ചൊല്ലുകയും ചെയ്യുന്നതു എത്രയും അനുഗ്രഹകരമാണ്”.

നമ്മുടെ പുണ്യപിതാവ് മാർ ഈവാനിയോസ് പിതാവ് നമുക്കു നൽകിയിരിക്കുന്ന പാരമ്പര്യങ്ങൾ നാം സ്വീകരിക്കണം. വിവിധ സഭകളിൽ നിന്നും വന്നിട്ടുള്ള നമുക്ക് പലതിനെയും ക്രിയാത്മകമായി സ്വീകരിക്കേണ്ടതാണ്. ജപമാല എന്ന ഭക്തകൃത്യം ഏറെ ബൈബിൾ അധിഷ്ഠിതവും നമ്മുടെ കർത്താവിന്റെ രക്ഷാകരജീവിതം അടിസ്ഥാനപ്പെടുത്തിയുള്ളതുമാണ്. കർത്താവിന്റെ ജീവിതരഹസ്യങ്ങളും രക്ഷാകരസംഭവങ്ങളും ഉരുവിട്ടു നാം പ്രാർത്ഥിക്കുന്നു. എന്നാൽ നമസ്കാരത്തിനുപകരം ജപമാലയോ കുടുംബ പ്രാർത്ഥനയ്ക്കു പകരം ജപമാലയോ പള്ളിപ്പെരുന്നാളിന്റെ റാസയ്ക്ക് ജപമാലയോ അല്ല വേണ്ടത്. ഭക്താഭ്യാസങ്ങൾ പൊതുവെ വ്യക്തിപരമായ പ്രാർത്ഥനയ്ക്ക് സഹായിക്കുന്നു. ആരാധനപരമായത് പൊതു സമൂഹത്തിന്റേതാണ്. സ്ലീബാ പാതയും ഇങ്ങനെതന്നെ. കർത്താവിന്റെ രക്ഷാകരമായ പീഡാസഹനങ്ങളെ ധ്യാനിച്ചു മാനസാന്തരത്തിനും അനുതാപ ചിന്തയ്ക്കും നമ്മെ പ്രേരിപ്പിക്കുന്നു. എന്നാൽ ഔദ്യോഗിക യാമപ്രാർത്ഥനകൾക്കു പകരം സ്ലീബാ പാത നടത്തുന്നത് ശരിയല്ല. ധ്യാനഗുരുക്കന്മാരും കരിസ്മാറ്റിക് പ്രസ്ഥാനത്തിലുള്ളവരും ആരാധനയെ സവിശേഷമായി കാത്തുപരിപാലിക്കണം. പുതുമയ്ക്കുവേണ്ടിയും സ്വീകാര്യതയ്ക്കുവേണ്ടിയും ആരാധനയെ തൊട്ടുകളിയ്ക്കുന്നത് ഏറെ അപകടം ഉണ്ടാക്കും. എന്നാൽ ആരാധനയിലേക്കു നയിക്കുന്ന ഭക്തകൃത്യങ്ങൾ നല്ലതാണ്. ആത്മസ്ഥിതി പരിപോഷിപ്പിക്കപ്പെട്ട് നാം മുന്നേറുമ്പോൾ എമ്മാവൂസിലേക്കു പോയ ശിഷ്യരെപോലെ പറയാൻ കഴിയും: വഴിയിൽ വച്ച് അവൻ നമ്മോടു സംസാരിച്ചപ്പോൾ നമ്മുടെ ഹൃദയം ജ്വലിച്ചിരുന്നില്ലേ എന്ന്. നമ്മുടെ ഭക്തകൃത്യങ്ങൾ ഇപ്രകാരം ജ്വലിക്കുന്നതിനുള്ള ഉപാധികളാണ്.

ഇന്ന് മലങ്കര സഭയ്ക്ക് ആവശ്യം ആരാധനയുടെ സവിശേഷമായ ആഘോഷവും അതിൽ ഊന്നിയ ക്രിസ്തീയ ജീവിത സാക്ഷ്യവുമാണ്. ആരാധന ഏറ്റം ഭക്തിപൂർവ്വവും അതിന്റെ വിധിപ്രകാരവും നടത്തുമ്പോഴും സഹോദരങ്ങളെ ദ്വേഷിക്കുന്നതും അന്യായം പ്രവർത്തിക്കുന്നതും കപടഭക്തി തന്നെയാണ്. അതേപോലെ സാമൂഹിക പ്രവൃത്തിയാണെല്ലാം എന്ന തരത്തിൽ ആരാധനയെ ഇകഴ്ത്തുന്നതും ഗൗരവം നശിപ്പിക്കുന്നതും ഒരുപോലെ പാപം തന്നെയാണ്. തീവ്രത സമുദായ സ്നേഹത്തിനായിരിക്കരുത്. ദൈവമഹത്വത്തിനാവണം. ശരിയായ ആത്മികത നാം തിരിച്ചറിയണം. മതാത്മകത ഇന്ന് വർദ്ധിക്കുന്നു എന്നാൽ യഥാർത്ഥ ആത്മികത നന്നേ കുറയുന്നു. ദൈവികകാര്യങ്ങളും ആരാധനപരമായ ഇടപെടലുകൾ നടത്തുമ്പോഴും പ്രകടമാകുന്ന ക്രൗരഭാവവും ഭാഷയുടെ മുനകളും ആക്ഷേപങ്ങളുടെ തോതും ഒരു കാര്യം വ്യക്തമാക്കുന്നു – നാം എന്തിനെ കെട്ടിപടുക്കുവാൻ തുനിയുന്നുവോ അതിനെ വാദപ്രതിവാദങ്ങളുടെ രൂക്ഷതയിൽ തകർക്കുകയാണ്. എല്ലാവരും അവസാനത്തെ തീർപ്പു കൽപ്പിക്കുന്നവരായി പരിണമിക്കുക, മറ്റ് അന്ത്യോക്യൻ ആരാധന ശൈലികളോടുള്ള അന്ധമായ ആഭിമുഖ്യങ്ങളും അനുകരണഭ്രമവും, എല്ലാം വിചിന്തന വിഷയമാവണം. സഭയിൽ ആരാധന അതിന്റെ സമഗ്രതയിൽ ആഘോഷിക്കപ്പെടുന്നത്, അവ അപ്രകാരം ക്രമീകരിച്ച് പരി. സുന്നഹദോസ് പ്രഖ്യാപിക്കുമ്പോഴാണ്. നമ്മുടെ സഭയുടെ സുവിശേഷാധിഷ്ഠിതമായ ധർമ്മം പ്രധാനപ്പെട്ടതായി തീരണം. ഓരോ ഭാഷയിലും സംസ്കാരത്തിലും അത് വിതയ്ക്കപ്പെട്ട് ഫലം പേറുമ്പോഴാണ് ആരാധന സമ്പുഷ്ടമാകുന്നത്. അതിനായി നാം എല്ലാവരും സജ്ജരാകണം. ആയതുകൊണ്ട് സുവിശേഷ ശുശ്രൂഷ പ്രഥമ ദൗത്യമായി കാണാത്ത സമൂഹത്തിന് ആരാധനയെപ്പറ്റി സംസാരിക്കുവാൻ അവകാശമില്ല. ദൈവസ്നേഹമാണ് മഹത്തായ കൽപ്പന. എന്തും സ്നേഹത്തിലും കരുണയിലും സംവദിക്കുവാൻ കഴിയണം. എല്ലാ സംസ്കാരങ്ങളിലും ദൈവസ്നേഹം ജഡം ധരിക്കട്ടെ. അവിടെ പുഷ്ടിപ്പെടട്ടെ. ആരാധനയുടെ സവിശേഷതയിൽ ജനം രൂപപ്പെടട്ടെ.

www.malankaralibrary.com



കവർ സ്റ്റോറി



# ജപമാല
## വിശ്വാസ ജീവിതത്തിന്റെ പാഠശാല



**ബിഷപ് ഡോ. സാമുവൽ മാർഐറേനിയോസ്**

പരിശുദ്ധ മറിയം യേശുവിന്റെ മൗതിക ശരീരമായ സഭയുടെയും അമ്മയാണ്. മറിയത്തോടുള്ള ഭക്തി സഭയിൽ ആദിമ കാലം മുതൽ നിലനിന്നിരുന്നു "ദൈവം എല്ലാ മാലാഖമാരിലും മനുഷ്യരിലും ഉപരിയായി ഉയർത്തിയ മറിയത്തെ ദൈവത്തിന്റെ പരിശുദ്ധമാതാവും ക്രിസ്തുവിന്റെ ജീവിത രഹസ്യങ്ങളിൽ പങ്കുകാരിയുമായി സഭ പ്രത്യേകമാം വിധം ബഹുമാനിക്കുന്നു." (രണ്ടാം വത്തിക്കാൻ കൗൺസിൽ, തിരു സഭ 66). എഫേസുസ് സൂന്നഹദോസിനു ശേഷമാണ് മറിയത്തോടുള്ള ഭക്തി വളരെയേറെ വർദ്ധിച്ചു വന്നത്. പരിശുദ്ധ മറിയത്തോടുള്ള ഭക്തി ആഴപ്പെടുത്തിയതും സാർവ്വത്രികമാക്കിയതും ജപമാല ഭക്തിയിലൂടെയാണ്. 12-ാം നൂറ്റാണ്ടിൽ സഭയെ ഉലച്ച ആൽബിജേൻസിയൻ പാഷണ്ഡതയ്ക്കെതിരെ പോരാടുവാൻ വിശുദ്ധ ഡൊമനിക്കിലൂടെ മാതാവ് സഭയ്ക്ക് നൽകിയ ആയുധമാണ് ജപമാല. ചരിത്രപരമായി ചിന്തിക്കുമ്പോൾ സഭ ഉള്ളിൽ നിന്നും പുറമെ നിന്നും പല പ്രതിബന്ധങ്ങളും നേരിടേണ്ടി വന്നപ്പോൾ ജപമാലയിലൂടെയാണ് സ്വർഗ്ഗത്തിന്റെ സംരക്ഷണം സഭയ്ക്ക് ലഭിച്ചത്. മാർപ്പാപ്പമാർ ജപമാല ഭക്തി പോഷിപ്പിക്കുന്നതിന് നൽകിയിട്ടുള്ള ശ്രദ്ധ അൽഭുതകരമാണ്.

### ലാളിത്യവും ആഴവും

നമുക്ക് പരിചയമുള്ള ഏറ്റവും ലളിതവും അതേസമയം ആഴമുള്ളതുമായ പ്രാർത്ഥനയാണ് ജപമാല. വിശുദ്ധിയിലേക്കുള്ള വളർച്ചയിൽ ഈ പ്രാർത്ഥന ഏറെ സഹായിക്കും. കാരണം യേശുവുമായുള്ള സജീവ സമ്പർക്കത്തിലേക്ക് ഇത് നമ്മെ നയിക്കുന്നു. ജപമാല മുഖരിതമായ ഗൃഹാന്തരീക്ഷം കുടുംബത്തിന്റെ വിശുദ്ധിയുടേയും സ്വർഗ്ഗീയ സംരക്ഷണത്തിന്റെയും അടയാളമാണ്. ഒരു സാധാരണ വിശ്വാസിയെ സംബന്ധിച്ചിടത്തോളം ഈശോയുടെ ജീവിതത്തിന്റെയും സുവിശേഷത്തിന്റെയും സംഗ്രഹം ഈ പ്രാർത്ഥനയിലുണ്ട് "എനിക്ക് ഏറ്റവും പ്രിയപ്പെട്ട പ്രാർത്ഥന ജപമാലയാണ്" എന്ന് വി.ജോൺപോൾ രണ്ടാമൻ പാപ്പായുടെയും "എല്ലാ ദിവസവും പ്രഭാതത്തിൽ ഞാൻ ജപമാല ചെല്ലുന്നു" എന്ന ബനഡിക്ട് 16-ാമൻ മാർപ്പാപ്പയുടെയും വാക്കുകൾ ശ്രദ്ധേയമാണ്. എഴുന്നൂറിലേറെ വർഷമായി ജപമാല ഭക്തി സാർവ്വത്രിക സഭയിൽ പ്രചുരപ്രചാരത്തിലിരിക്കുന്നു. 1958-ൽ ലൂർദ്ദിൽ പ്രത്യക്ഷപ്പെട്ട പരിശുദ്ധ മറിയം ബർണദിത്തയോട് പറഞ്ഞു "പാപികളുടെ മാനസാന്തരത്തിനായി ജപമാല ചൊല്ലുവിൻ"എന്ന്. 1917 മെയ് 13ന് ഫാത്തിമായിൽ പ്രത്യക്ഷപ്പെട്ടപ്പോഴും "ഞാൻ ജപമാല രാജ്ഞിയാണ്, ഭക്തിപൂർവ്വം ജപമാല ചൊല്ലുവിൻ" എന്നാണ് ആവശ്യപ്പെട്ടത്.

### വിലപ്പെട്ട നിക്ഷേപം

ഒൻപതാം പീയൂസ് മാർപ്പാപ്പ ഒരിക്കൽ പറഞ്ഞു "വത്തിക്കാൻ കൊട്ടാരത്തിൽ ജപമാലയോളം വിലപിടിപ്പുള്ള വേറൊന്നും ഇല്ല"എന്ന്. ജപമാല ചൊല്ലുമ്പോൾ നമ്മുടെ ആത്മീയ ജീവിതത്തിൽ വലിയ ഊർജ്ജമാണ് നാം സ്വീകരിക്കുന്നത്. യേശുവിന്റേയും മറിയത്തിന്റെയും ജീവിതം നമ്മുടെ ഹൃദയത്തിലൂടെയും അധരങ്ങളിലൂടെയും കൈവിരലുകളിലൂടെയും കടന്നുപോവുകയാണ്. സ്വർഗ്ഗവുമായി നമ്മെ

www.malankaralibrary.com





ചേർത്തുനിർത്തുന്ന ദിവ്യമായ ചങ്ങലയാണ് ജപമാല; തിന്മയോട് പോരാടാനുള്ള ശക്തമായ ആയുധവും. സന്തോഷത്തിലും സന്താപത്തിലും ജപമാല നമ്മോടൊപ്പം ഉണ്ടായിരിക്കണം. നമ്മുടെ എല്ലാ ഉൽകണ്ഠകളും അതിൽ ഇറക്കിവയ്ക്കാം.

**സുവിശേഷ പ്രാർത്ഥന**

ക്രിസ്തുരഹസ്യമാണ് ജപമാലയുടെ കാതൽ. അത്മായന്റെ കാനോന നമസ്ക്കാരഗ്രന്ഥവും നിരക്ഷരന്റെ ബൈബിളും എളിയവന്റെ ധ്യാനസഹായിയുമായി ജപമാലയെ ഉപമിക്കാറുണ്ട്. ഒരാഴ്ചകൊണ്ട് ക്രിസ്തു രഹസ്യത്തിലൂടെ സഭ നമ്മെ നടത്തുകയാണ്. ചുരുക്കത്തിൽ സുവിശേഷം തന്നെ നാം മറ്റൊരു രീതിയിൽ വായിക്കുന്നതാണ് ജപമാല പ്രാർത്ഥന. ഇത്രയും തിരുവചനാധിഷ്ഠിതമായ മറ്റൊരു പ്രാർത്ഥനയില്ല. വാച്യപ്രാർത്ഥനയും മാനസിക പ്രാർത്ഥനയും ഇവിടെ മനോഹരമായി സമ്മേളിക്കുന്നു. 'നന്മനിറഞ്ഞ മറിയമേ' എന്ന പ്രാർത്ഥന പൂർണ്ണമായും തിരുവചനം തന്നെയാണ്. തിരുവചനങ്ങൾക്കൊണ്ട് തുന്നിച്ചേർത്ത മേലങ്കി എന്ന് പിതാക്കന്മാർ ഈ പ്രാർത്ഥനയെ വിശേഷിപ്പിക്കുന്നു. നാം പരിശുദ്ധ മറിയത്തെ അഭിവാദനം ചെയ്യുമ്പോൾ നന്മനിറഞ്ഞ അമ്മ നമ്മെയും അഭിവാദനം ചെയ്യുന്നു. എലിസബത്തും അവളുടെ ഉദരസ്ഥ ശിശുവും പരിശുദ്ധാത്മാവിനാൽ നിറഞ്ഞതുപോലെ നാമും ദൈവാരൂപിയാൽ നിറയുവാൻ ഈ പ്രാർത്ഥന നമ്മെ സഹായിക്കും. 'സ്വർഗ്ഗസ്ഥനായ പിതാവേ' എന്ന പ്രാർത്ഥന കർത്താവ് നേരിട്ട് പഠിപ്പിച്ചതും സുവിശേഷങ്ങളുടെ സത്തയുമാണ്. ഇങ്ങനെ നോക്കുമ്പോൾ തിരുവചനങ്ങളുടെ കലവറയാണ് ജപമാല; സുവിശേഷ രഹസ്യങ്ങൾ ഉൾക്കൊള്ളാനുള്ള ഫലപ്രദമായ മാർഗ്ഗവും.

**തിരുമുഖധ്യാനം**

തിരുമുഖധ്യാനമാണ് ജപമാലയെന്നു ജോൺപോൾ രണ്ടാമൻ മാർപ്പാപ്പ ഓർമ്മിപ്പിക്കുന്നു. പോൾ ആറാമൻ മാർപ്പാപ്പ 'മരിയഭക്തി' എന്ന ശ്ലൈഹിക ലേഖനത്തിൽ ഇപ്രകാരം പറയുന്നു "അതുകൊണ്ട് ലോകപരിത്രാണാർത്ഥം സംഭവിച്ച മനുഷ്യാവതാര രഹസ്യത്തെ കേന്ദ്രീകരിച്ചുകൊണ്ടുള്ള ഒരു സുവിശേഷ പ്രാർത്ഥനയെന്ന നിലയിൽ ജപമാല നിശ്ചയമായും ക്രിസ്താനുഭവം നൽകുന്ന ഒരു പ്രാർത്ഥനയാണ്. ലുത്തിനിയക്ക് സമാനം ഒന്നിനു പിറകെ ഒന്നായി ചൊല്ലപ്പെടുന്ന 'നന്മ നിറഞ്ഞ മറിയമേ' എന്ന ജപമാണ് വാസ്തവത്തിൽ ജപമാലയുടെ ഏറ്റവും സ്വകീയമായ ഘടകം. ഈ ജപം ക്രിസ്തുവിന് നൽകുന്ന ഇടതടവില്ലാത്ത ഒരു സ്തുതിയത്രേ. മാലാഖ നൽകിയ മംഗളവാർത്തയുടെയും, അങ്ങയുടെ ഉദരഫലം അനുഗ്രഹീതമാകുന്നു എന്ന എലിസബത്ത് നൽകിയ അഭിവാദനത്തിന്റെയും ആത്യന്തിക വിഷയവും ക്രിസ്തുതന്നെയാണ്". ഈ പ്രാർത്ഥനയിലൂടെ എന്നെ നോക്കുന്ന യേശുവിനെ ഞാൻ നോക്കുന്നു. മിശിഹായുടെ ജീവിതത്തെക്കുറിച്ചുള്ള ധ്യാനമാണല്ലോ ജപമാല. ഈശോയെ ഹൃദയത്തിൽ സൂക്ഷിച്ച്, സംഗ്രഹിച്ച്, ധ്യാനിച്ച മറിയമാണ് ഈ ധ്യാനത്തിൽ നമ്മെ സഹായിക്കുന്നത്. മറിയത്തെപ്പോലെ മറ്റാരും ഈശോയുടെ മുഖത്തെ ധ്യാനിച്ചിട്ടില്ല. മറിയത്തിന്റ കണ്ണുകളിലൂടെ കർത്താവിന്റെ ജീവിതത്തിലെ രഹസ്യങ്ങൾ ധ്യാനിക്കുവാൻ ജപമാല പ്രാർത്ഥന നമ്മെ സഹായിക്കുന്നു. ജപമാലയിൽ മിശിഹാ രഹസ്യവും മനുഷ്യൻ എന്ന രഹസ്യവും സമ്മേളിക്കുന്നു. നമ്മുടെ അനുദിന ജീവിതത്തിലെ ഭാരമേറിയ ചുവടുകൾ ഇറക്കിവയ്ക്കാനുള്ള ചുവടുതാങ്ങികൂടിയാണ് പരിശുദ്ധ മറിയവും ജപമാലയും.


**ജപമാലയും ആരാധനാക്രമവും**

പോൾ ആറാമൻ മാർപ്പാപ്പ അവസരം കിട്ടുമ്പോഴെല്ലാം ദൈവമാതൃഭക്തിയെക്കുറിച്ച് വിശ്വാസികളെ ഉപദേശിക്കുമായിരുന്നു; പ്രത്യേകിച്ച് ജപമാലയെക്കുറിച്ച് ആവർത്തിച്ചു പറഞ്ഞിരുന്നു. 1963 സെപ്തംബർ 12ന് പതിമൂന്ന് രാഷ്ട്രങ്ങളിൽ നിന്ന് തന്നെ സന്ദർശിക്കാൻ എത്തിയ അയ്യായിരത്തോളം വരുന്ന മരിയൻ സൊഡാലിറ്റി അംഗങ്ങളോട് പരിശുദ്ധ പിതാവ് ഇങ്ങനെ പറഞ്ഞു "പ്രിയ മക്കളെ നമ്മുടെ സുവിശേഷങ്ങളിലെ രക്ഷാകരചരിത്രത്തിൽ മാത്രമല്ല നമുക്ക് മറിയത്തെ ദർശിക്കാൻ കഴിയുക. മറിച്ച് സഭയുടെ പൈതൃകമായ ചിന്തയും പ്രാർത്ഥനയും വിളിച്ചോതുന്ന ആരാധനാക്രമത്തിലും, ക്രൈസ്തവ കുടുംബങ്ങളിലെ പ്രാർത്ഥനകളിലും പ്രത്യേകിച്ച് ജപമാലയിലും നമുക്ക് മറിയത്തെ ദർശിക്കുവാൻ കഴിയും" 1974ൽ പോൾ ആറാമൻ മാർപാപ്പ പ്രസിദ്ധപ്പെടുത്തിയ 'മരിയഭക്തി' എന്ന ശ്ലൈഹിക ലേഖനത്തിൽ ജപമാലയ്ക്ക് ആരാധനാ ക്രമവുമായുള്ള ബന്ധത്തെ പൂർവ്വാധികം വ്യക്തമാക്കുന്നുണ്ട്. "ലിറ്റർജിയാകുന്ന പുരാതന വൃക്ഷത്തിന്റെ തായ്ത്തടിയിൽ നിന്നും മുളച്ചുവന്ന ശാഖയാണ് ജപമാല. സഭ ദൈവത്തിന് പൊതുവെ അർപ്പിക്കുന്ന സ്തുതിഗീതത്തോട് സഭ സാർവ്വത്രിക മാദ്ധ്യസ്ഥപ്രാർത്ഥന



www.malankaralibrary.com





യോടൊപ്പം പരിശുദ്ധ കന്യകയുടെ ബഹുമാനാർത്ഥം അർപ്പിക്കപ്പെടുന്ന മറിയ സങ്കീർത്തനമായി ജപമാല പരിഗണിക്കപ്പെടുന്നു". സഭയുടെ ആരാധനക്രമത്തിലെ കർമ്മങ്ങളും ജപമാല പ്രാർത്ഥനയും തമ്മിലുള്ള ബന്ധത്തെയും വ്യതിരിക്തതയെ കുറിച്ചും പരിശുദ്ധ പിതാവ് വ്യക്തമാക്കുന്നുണ്ട്. "ആരാധനാക്രമത്തിലെ കർമ്മങ്ങളും ജപമാല പ്രാർത്ഥനയും തമ്മിൽ പരസ്പരം വൈരുദ്ധ്യ മുണ്ടാകത്തക്ക വിധത്തിൽ പരിപാടികൾ സംവിധാനം ചെയ്യപ്പെടരുത്. ആരാധനാക്രമത്തിൽ നടത്തുന്ന ക്രിസ്തു അനുസ്മരണങ്ങളും ജപമാലപ്രാർത്ഥനയിൽ നടത്തുന്ന അനുസ്മരണവും തമ്മിൽ കാതലായി വ്യത്യാസപ്പെട്ടിരിക്കുകയും അവ ഭിന്നതലങ്ങളിൽ ആയിരിക്കുകയും ചെയ്തിരിക്കുന്നുവെങ്കിലും,അവ രണ്ടിന്റെയും ലക്ഷ്യം ക്രിസ്തു യാഥാർത്ഥ്യമാക്കിയ ഒരേ രക്ഷാകര പ്രവർത്തി തന്നെയാണ്. ലിറ്റർജി അടയാളങ്ങളുടെ ആവരണത്തിൽ നിഗൂഢമായി പ്രവർത്തിച്ചുകൊണ്ട് നമ്മുടെ രക്ഷയുടെ മഹാരഹസ്യങ്ങളെ നവീന രീതിയിൽ അവതരിപ്പിക്കുന്നു. ജപമാല ഭക്തിജന്യമായ ധ്യാനത്തിലൂടെ അതേ രഹസ്യത്തെ തന്നെ പ്രാർത്ഥിക്കുന്നവന്റെ മനസ്സിൽ കൊണ്ടുവരുകയും, അവയിൽ നിന്നും ജീവിത നിയമങ്ങൾ സ്വീകരിക്കുന്നതിന് ഇച്ഛാശക്തിയെ പ്രചോദിപ്പിക്കുകയും ചെയ്യുന്നു"( മരിയഭക്തി നമ്പർ 48) ലിറ്റർജി ഭക്തിപൂർവ്വം അനുഷ്ഠിക്കുവാൻ സഹായിക്കുന്ന പ്രധാന ഘടകമായി ജപമാല നിൽക്കുന്നു. ഉത്ഥിതനായ ഈശോയും അവിടുത്തെ പ്രവർത്തികളുമാണ് ദൈവാരാധനയുടെ കാതൽ. ബനഡിക്ട് 16മൻ മാർപ്പാപ്പ പറയുന്ന "ഉത്ഥിതനായ യേശുവിന്റെ ആശ്വസിപ്പിക്കുന്ന സന്തോഷത്തിന്റെ സാന്നിധ്യം രുചിക്കുവാൻ ജപമാല പ്രാർത്ഥന നമ്മെ പ്രാപ്തരാക്കുന്നു".

കൂദാശ ജീവിതത്തിൽ ആഴപ്പെടുന്നതിന് ജപമാല പ്രാർത്ഥന സഹായകമാണ്. മരിയൻ തീർത്ഥാടന കേന്ദ്രങ്ങളിലെ ഏറ്റവും വലിയ പ്രത്യേകതയും അവിടെ അർത്ഥപൂർണ്ണമായ കുമ്പസാരവും വിശുദ്ധ കുർബാനയിലുള്ള ഭാഗഭാഗിത്വവും ഉണ്ടാകുന്നു എന്നതാണ്. ഇതിനുള്ള തിരക്ക് അത്ഭുതാവഹമാണ്. വിശുദ്ധ പാദ്രെ പിയോ ജപമാല പ്രാർത്ഥന ചൊല്ലിക്കൊണ്ടാണ് വിശുദ്ധ കുർബാനയ്ക്ക് ഒരുങ്ങിയിരുന്നത്. അദ്ദേഹം ദിവസവും നാല്പതിൽ കുറയാതെ ജപമാല ചൊല്ലിയിരുന്നു. അദ്ദേഹം പുലർച്ചെ രണ്ടരമണിക്ക് ഉണർന്ന് രണ്ടു മണിക്കൂർ ജപമാല ചൊല്ലി വിശുദ്ധ കുർബനയ്ക്കൊരുങ്ങിയിരുന്നു. പാദ്രെ പിയോയുടെ വിശുദ്ധ കുർബാനയ്ക്ക് അനേകർ വിദൂരങ്ങളിൽ നിന്ന് വന്ന് താമസിച്ച് പങ്കെടുക്കാറുണ്ടായിരുന്നു. അദ്ദേഹം അർപ്പിക്കുന്ന വിശുദ്ധ കുർബാനയിൽ വലിയ ആത്മീയ അഭിഷേകം ഒഴുകിയിരുന്നു. കാരണം അദ്ദേഹം പരിശുദ്ധ അമ്മയോടു ചേർന്നിരുന്നാണ് വിശുദ്ധ കുർബാനയ്ക്ക് ഒരുങ്ങിയിരുന്നത്. യേശുവിന്റെ ജീവിതവും രക്ഷണീയ കർമ്മവുമാണല്ലോ വിശുദ്ധ കുർബാനയിൽ ആഘോഷിക്കുന്നത്. ജപമാല പ്രാർത്ഥനയിൽ ധ്യാനിക്കുന്നതും ഈ രഹസ്യങ്ങൾ തന്നെ

**ആദ്ധ്യാത്മികതയുടെ പാഠശാല**

വിശുദ്ധ കുമ്പസാരത്തിന് ഒരുങ്ങുവാനും ജപമാല പ്രാർത്ഥന ഏറെ സഹായകമാണ്. ജപമാല രഹസ്യങ്ങളുടെ ധ്യാനവും പരിശുദ്ധ അമ്മയുടെ സാന്നിധ്യവും മധ്യസ്ഥതയും ആഴമായ അനുതാപം ലഭിക്കാനും പൂർണ്ണ കുമ്പസാരത്തിലൂടെ വിശുദ്ധീകരിക്കപ്പെടാനും കുറച്ചൊന്നുമല്ല സഹായിക്കുന്നത്. ഏതു കൂദാശ സ്വീകരണത്തിനും ഫലപ്രദമായി ഒരുങ്ങുവാൻ ജപമാല പ്രാർത്ഥന സഹായിക്കുന്നു. യഥാർത്ഥ ദൈവാരാധനയെ ഫലദായകമാക്കുവാൻ എപ്പോഴും ജപമാല പിൻബലം നല്കുന്നു.

ക്രൂശിതരൂപവും വചനമണികൾ കോർത്തിണക്കിയ മാലയും സാത്താനെ ഭയപ്പെടുത്തുകയും അവന്റെ കെണികളെ തകർക്കുകയും ചെയ്യുന്ന പടച്ചട്ടയാണ്. ത്രിത്വസ്തുതിയും വിശ്വാസപ്രമാണവും ദിവ്യരഹസ്യങ്ങൾ ഉൾക്കൊള്ളുന്ന വചനമാകുന്ന വെടിയുണ്ടകളും ഇണക്കിച്ചേർത്ത ജപമാലപ്രാർത്ഥന സാത്താന്റെ കോട്ടകളെ തകർക്കുന്ന ആയുധപ്പുരതന്നെ.ചുരുക്കത്തിൽ ജപമാല പ്രാർത്ഥന, പ്രാർത്ഥനകളുടെയും ആദ്ധ്യാത്മികതയുടെയും പാഠശാലയാണ്. ഈ പാഠശാലയിൽ നാം പരിശീലനത്തിന്ന വിധേയരാകണം. പരിശുദ്ധ ത്രിത്വവും വിശുദ്ധ ഗ്രന്ഥവും ഈശോയും പരിശുദ്ധ റൂഹായും സഭയും പരിശുദ്ധ അമ്മയും ഈ പാഠശാലയിൽ വച്ചാണ് നമുക്ക് പരിചിതരാകുന്നത്. ഇത് വിശ്വാസ പരിശീലന കളരി തന്നെ. "എന്റെ ജീവിതത്തിലെ എല്ലാ പ്രതിസന്ധികളിലും ജപമാല എനിക്ക് കരുത്തായിരുന്നിട്ടുണ്ട്" എന്ന ജോൺ പോൾ രണ്ടാമൻ മാർപ്പാപ്പയുടെ വാക്കുകൾ നമുക്കു വഴികാട്ടിയാകട്ടെ.

www.malankaralibrary.com



കവർ സ്റ്റോറി



# വിശുദ്ധ കുർബാനയുടെ പരസ്യാരാധനയിൽ പുലർത്തേണ്ട അജപാലന ജാഗ്രത



റവ. ഡോ. പ്രഭീഷ് ജോർജ്ജ്

"*അനുഗ്രഹിച്ചുകൊണ്ടിരിക്കേ അവൻ അവരിൽനിന്ന് മറയുകയും സ്വർഗത്തിലേയ്ക്ക് സംവഹിക്കപ്പെടുകയും ചെയ്തു. അവർ അവനെ ആരാധിച്ചു; അത്യന്തം ആനന്ദത്തോടെ ജറുസലേമിലേയ്ക്ക് മടങ്ങി*" (ലൂക്കാ 24:51-52).

കർത്താവിന്റെ സ്വർഗാരോഹണത്തിനു സാക്ഷികളായ ശ്ലീഹന്മാർ അവരുടെ കൺമുമ്പിൽ നിന്ന് ഉത്ഥിതനായ ക്രിസ്തു മറയുമ്പോൾ ചെയ്ത പ്രവർത്തി ആരാധനയാണ്. നഗ്നനേത്രങ്ങളിൽ ഗോചരമല്ലാതിരിക്കുമ്പോൾ അവർ രക്ഷനെ ആരാധിച്ചു. അവർ നടത്തിയ ആരാധന അവരുടെ ഹൃദയങ്ങളിൽ സ്വർഗത്തിന്റെ ആനന്ദം കൊണ്ട് നിറച്ചു എന്ന് ദൈവവചനം സാക്ഷ്യപ്പെടുത്തുന്നു. നാം നടത്തുന്ന ഭക്താഭ്യാസങ്ങളിൽ വി. കുർബാനയുടെ ആരാധന ഏറ്റവും ഹൃദയസ്പർശിയായ ഒന്നാണ്. വിവിധ വ്യക്തിഗത സഭകളിൽ വ്യത്യസ്തമായ പാരമ്പര്യങ്ങൾ ഇക്കാര്യത്തിൽ നിലനിൽക്കുന്നതിനാൽ വി. കുർബാനയുടെ ആരാധനയോട് നാം പുലർത്തേണ്ട സഭാത്മകവും ആത്മീയവുമായ സമീപനങ്ങൾ ഇവിടെ വിശകലനം ചെയ്യുകയാണ്.

**ആരാധന: വിശ്വാസത്തോടെയുള്ള പ്രത്യുത്തരം**

ദൈവീക വെളിപാടിനോടുള്ള മനുഷ്യന്റെ പ്രത്യുത്തരമാണ് വിശ്വാസത്തോടെയുള്ള ആരാധന. മനുഷ്യനെ ദൈവസാദൃശ്യത്തിൽ സൃഷ്ടിച്ചതും തിരുസഭയെന്ന ദൈവീക സ്ഥാപനത്തെ ലോകത്തിൽ സ്ഥാപിച്ചതും ഈ ആരാധന അഭംഗുരം തുടരാൻ വേണ്ടിയാണ്. സഭ വിശ്വാസികളുടെ സമൂഹം എന്നു പറയുമ്പോൾ സൃഷ്ടാവും രക്ഷകനും പരിപാലകനുമായ ത്രിയേക ദൈവത്തെ ആരാധിക്കുന്ന ദൈവജനത്തിന്റെ കൂട്ടായ്മ എന്ന് കൂടി നാം മനസ്സിലാക്കണം. മാമോദീസാ സ്വീകരിച്ച് വിശ്വാസത്തിൽ വളർന്നുകൊണ്ടിരിക്കുന്ന ഏതൊരു വ്യക്തിയുടേയും ഏറ്റവും പരമപ്രധാനമായ ധർമ്മം ജീവിതത്തിലെ എല്ലാ സാഹചര്യത്തിലും ദൈവത്തിന് ആരാധന കരേറ്റുക എന്നതാണ്. വി. കുർബാനയെ ആരാധനകളുടെ ആരാധനയായി വിശേഷിപ്പിക്കുമ്പോൾ ക്രിസ്തു അർപ്പിച്ച കാൽവരിയിലെ മഹായാഗമാണ് ഏറ്റവും വലിയ ആരാധന എന്ന് തിരുസഭ അടിയവരയിട്ട് പറയുകയാണ്. അതുകൊണ്ട് തന്നെ വി. കുർബാനയ്ക്ക് പകരമായി നാം മറ്റെന്തെങ്കിലും സ്വീകരിക്കുകയോ അനുഷ്ഠിക്കുകയോ ചെയ്താൽ അത് ദൈവഹിതത്തിനെതിരാണെന്ന് നാം മനസ്സിലാക്കണം. തിരുസഭയുടെ എല്ലാ ആരാധനാഭാവങ്ങളും സമ്യക്കായി സമ്മേളിപ്പിച്ചിരിക്കുന്നത് വി. കുർബാനയിലാണ്. അതുകൊണ്ടാണ് അതിലുപരിയായ ഒരു ആരാധനയും സഭയിലില്ലായെന്നും എല്ലാ ആരാധനകളും അതിന്റെ പരമകോടിയിലെത്തുന്നത് വി. കുർബാനയിലാണെന്നും സഭ പഠിപ്പിക്കുന്നത്. ആരാധനാ ദൈവാശാസ്ത്രത്തിലെ ഈ അടി

www.malankaralibrary.com



സ്ഥാന പ്രബോധനം വിസ്മരിക്കാതെ വേണം നാം വി. കുർബാനയുടെ ആരാധനയെ മനസ്സിലാക്കാൻ.

**വി. കുർബാനയും ആരാധനയും**

വി. കുർബാന അതിൽതന്നെ ഒരു ആരാധനയാണ്. അത് പിതാവായ ദൈവത്തിന് പുത്രൻതമ്പുരാൻ അർപ്പിച്ച രമ്യതയുടെ ബലിയാണ്. ഒരിക്കലായി എന്നന്നേയ്ക്കുമായി അർപ്പിച്ച ബലി. പുത്രൻതമ്പുരാനോട് ചേർന്ന് നാം ഒരു സഭയായി ഈ ബലി ആഘോഷിക്കുമ്പോൾ നാം ത്രിയേകദൈവത്തിന് ആരാധന സമർപ്പിക്കുകയാണ്. അതുകൊണ്ട് ഒരു സമ്പൂർണ ആരാധനയ്ക്കുവേണ്ട എല്ലാകാര്യങ്ങളും – സ്തുതിപ്പും, കൃതജ്ഞതാ സ്തോത്രവും, പാപമോചനം പ്രാപിക്കലും, ആശീർവാദവും എല്ലാം – വി. കുർബാനയിലും ഉണ്ട്. മലങ്കര ആരാധനക്രമം അനുസരിച്ച് വി. കുർബാന സ്വീകരണത്തിനുമുമ്പും ശേഷവും തിരുശരീരരക്തങ്ങൾ വിശ്വാസികൾക്ക് നേർക്ക് എഴുന്നള്ളിച്ചുകൊണ്ടുവരുന്നത് ആരാധന അർപ്പിക്കാനാണ്. സമയം വളരെ കുറച്ചുമാത്രമാണെങ്കിലും ദൈവജനം ഒരു സഭയായി ത്രിയേകദൈവത്തിന് ആരാധന കരേറ്റുന്നത് ഏറെ ആത്മീയ അനുഭവം പ്രദാനം ചെയ്യുന്നതാണ്. അതിലുപരി, രക്ഷകനും നാഥനുമായ ക്രിസ്തുവിനോട് വ്യക്തിപരമായ ഒരു അടുപ്പം ഹൃദ്യമായി അനുഭവിക്കാൻ ആ സമയത്ത് നമുക്ക് സാധിക്കും.

നാം ആരാധിച്ച അതേ ക്രിസ്തുവിനെയാണ് തുടർന്ന് വി. കുർബാനയായി നാം സ്വീകരിക്കുന്നതും, ആ ക്രിസ്തുവിനെ വഹിച്ചുകൊണ്ടാണ് ഓരോ വിശ്വാസിയും ദൈവാലയം വിട്ടു പോകുന്നതും. ആയതിനാൽ, വി. കുർബാനയ്ക്കു ശേഷം വി കുർബാനയുടെ ആരാധന വേണ്ടായെന്ന് സഭ നിഷ്കർഷിക്കുന്നു. എന്നാൽ അജപാലന പ്രായോഗികത പരിഗണിച്ച് പല ദൈവാലയങ്ങളിലും ഇപ്രകാരം ആരാധന നടത്തുമ്പോൾ സഭയുടെ പ്രബോധനം ദൈവജനത്തെ ഉദ്ബോധിപ്പിക്കുന്നതിലും സാധ്യമായ സാഹചര്യങ്ങളിലെല്ലാം അത് പ്രായോഗികമായി നടപ്പിലാക്കുന്നതിലും നമുക്ക് വീഴ്ച വരാൻ പാടില്ല.

സർവചരാചരങ്ങളെ സൃഷ്ടിച്ച ദൈവം ലോകരക്ഷകനായി, അപ്പമായി നമുക്ക് മുമ്പിൽ ആയിരിക്കുന്നത് മനുഷ്യയുക്തിക്ക് അഗ്രാഹ്യമായ രഹസ്യമാണ്. എന്നാൽ പ്രാർത്ഥനാപൂർവം അതിനെ ധ്യാനിക്കുന്നവർക്ക് ആ രഹസ്യം ക്രമേണക്രമേണ വെളിപ്പെടുത്തിക്കിട്ടും. അതിനാൽ ഈ മഹാസരഹ്യത്തെ ധ്യാനിച്ച് അതിൽ ശരണപ്പെട്ട് ദൈവത്തിന്റെ അനന്തമായ സ്നേഹത്തിനുമുമ്പിൽ ആശ്ചര്യത്തോടും ഭയഭക്തിയാദരവോടും നമ്രശിരസ്ക്കരായി നിൽക്കുന്നവർക്ക് മാത്രമേ ഈ രഹസ്യം പൂർണമായി ഗ്രഹിക്കാൻ സാധിക്കുകയുള്ളൂ. ഈ മഹാരഹസ്യത്തെ മനസ്സിലാക്കാനും ഉൾക്കൊള്ളാനും പ്രാർത്ഥനാ നിർഭരമായ മനനം അനിവാര്യമാണ്. സഭാ പിതാക്കന്മാർ പറയുന്ന ദൈവീകവത്കരണത്തിനുള്ള (divinization) ഫലപ്രദമായ മാർഗമാണ് ആരാധനാ ഭാവത്തോടെ വി. കുർബാനയുടെ മുമ്പിലിരുന്നു നടത്തുന്ന പ്രാർത്ഥനാനിർഭരമായ മനനം. അതിനുള്ള അവസരമാണ് വി. കുർബാനയുടെ ആരാധനയുടെ സമയങ്ങൾ.

**വി. കുർബാനയുടെ ആരാധനയും വാഴ്വും**


കത്തോലിക്കാ വിശ്വാസികൾക്കു മാത്രമല്ല, നവീകരണ ധ്യാനങ്ങളിൽ പങ്കെടുക്കുന്ന ഏവർക്കും സുപരിചിതമായ ഒന്നാണ് വി. കുർബാനയുടെ ആരാധനയും വാഴ്വും. മാമോദീസാ സ്വീകരിക്കാത്തതിനാൽ വി. കുർബാന സ്വീകരിക്കാൻ സാധിക്കാത്തവർക്കും ഈ ആരാധനയിൽ സജീവമായി പങ്കുചേരാൻ സാധിക്കും എന്നുള്ളതുകൊണ്ട് തന്നെ അതിന്റെ ആരാധനയിൽ സംബന്ധിച്ച് സ്വർഗത്തിന്റെ അനുഗ്രഹം പ്രാപിച്ച അനേകം "അക്രൈസ്തവ വിശ്വാസികളുടെ" ജീവിത സാക്ഷ്യം നമുക്ക് സുപരിചിതമാണ്. അങ്ങനെ അനുഗ്രഹം പ്രാപിച്ച പലരും തുടർന്ന് കത്തോലിക്കാ വിശ്വാസം സ്വീകരിച്ച് കൂദാശജീവിതത്തിലേയ്ക്ക് വന്നിട്ടുള്ളതും നമ്മുടെ കൺമുന്നിലെ ചരിത്രമാണ്.

വി. കുർബാനയുടെ പരസ്യ ആരാധനയിൽ പങ്കെടുക്കുന്നവർക്ക് ലഭിക്കുന്ന ദൈവാനുഗ്രഹങ്ങളെ മുൻകൂട്ടി നിശ്ചയിക്കാൻ ഒരു മനുഷ്യശക്തിക്കും സാധ്യമല്ല. വി. കുർബാനയിലെ പങ്കാളിത്തത്തിലും സ്വീകരണത്തിലും വിശ്വാസികൾക്ക് ലഭ്യമാകുന്ന ക്രിസ്തു തന്നെയാണ് അതിന്റെ ആരാധനയിൽ സംബന്ധിക്കുന്നവർക്ക് കൃപാദാനങ്ങളിലൂടെ സംലഭ്യനാകുകയാണ്. അപ്പത്തിലും വീഞ്ഞിലും എഴുന്നള്ളി വന്നി



www.malankaralibrary.com





രിക്കുന്ന ക്രിസ്തുവിനെ – ശരീരത്തിലും, ആത്മാവിലും, മനുഷ്യത്വത്തിലും, ദൈവത്വത്തിലും – പൂർണ മനസ്സോടും പൂർണ ആത്മാവോടും പൂർണ അറിവോടുംകൂടി വന്ദിക്കുന്നതിനെയാണ് ആരാധനയായി സഭ മനസ്സിലാക്കുന്നത്. അതുകൊണ്ട് തിരുസഭാമാതാവ് വി. കുർബാനയുടെ വിപുലീകരണമായിട്ടാണ് (Extension) വി. കുർബാനയുടെ ആരാധനയെ മനസ്സിലാക്കുന്നത്. തന്മൂലം സഭയിലെ ഏതെങ്കിലുമൊരു ഭക്താഭ്യാസം മാത്രമായി വി. കുർബാനയെ നാം നിസ്സാരമായി കാണരുത്.

### വി. കുർബാനയുടെ പരസ്യമായ ആരാധനയും വാഴ്‌വും

കത്തോലിക്കാ സഭയിൽ വി. കുർബാനയുടെ പരസ്യ ആരാധന ഏറെ പ്രസിദ്ധമായ ഒരു ഭക്താഭ്യാസമാണ്. ദൈവവചന കൺവെൻഷന്റെ ഭാഗമായി മാത്രമല്ല, തിരുനാളുകളുടെ ഭാഗമായും പ്രധാന ആഘോഷങ്ങളോടനുബന്ധിച്ചും വി. കുർബാനയുടെ പരസ്യമായ ആരാധനവും വാഴ്‌വും നടത്തുന്നത് പതിവാണ്. പലപ്പോഴും അത്തരം ആരാധനകൾ സജീവമായ സ്തുതിപ്പിന്റേയും പ്രഘോഷണത്തിന്റേയും വേദികളായി തീരാറുണ്ട്. സഭയുടെ പ്രത്യേക നിയോഗത്തോടെയുള്ള വർഷാചരണങ്ങളുടെ ഭാഗമായും ജൂബിലി ആഘോഷങ്ങളുടെ ഭാഗമായും ഒരു മണിക്കൂർ, 3 മണിക്കൂർ, 9 മണിക്കൂർ, 12 മണിക്കൂർ, ദിവസം മുഴുവൻ എന്നിങ്ങളെ പ്രത്യേക ആരാധനകളും നടത്തി വരാറുണ്ട്. പൊതു ആഘോഷങ്ങൾക്ക് ആമുഖമായി ദൈവജനത്തിന്റെ ആത്മീയ നവീകരണത്തിനും ജീവിത വിശുദ്ധീകരണത്തിനുമുള്ള അവസരമായി അത്തരം ആരാധനകൾ തീരാറുണ്ട്. ചിലയവസരങ്ങളിലെങ്കിലും തിരുന്നാളുകളുടെ ഒരു പരിപാടിയായി വി. കുർബാനയുടെ ആരാധന മാറുമ്പോൾ ബഹളങ്ങളുടേയും ആഘോഷങ്ങളുടേയും വേദിയായി അതിനെ മാറ്റുമ്പോൾ ആരാധനയുടെ നിയോഗശുദ്ധിക്ക് കോട്ടംവരാതിരിക്കാൻ നാം പ്രത്യേകം ശ്രദ്ധിക്കണം. ആൾക്കൂട്ട ബഹളത്തിന്റെ ആത്മീയതയായി വി. കുർബാനയുടെ ആരാധനയെ മാറ്റാതിരിക്കാൻ നാം ജാഗ്രത കാണിക്കണം.

### നിത്യാരാധന ചാപ്പലുകൾ

ഇന്ന് ഏറെ സുപരിചിതമായ ഒരു പ്രാർത്ഥനാ സങ്കേതമാണ് നിത്യാരാധന ചാപ്പലുകൾ. കത്തീഡ്രൽ, ബസിലിക്കാ പോലെയുള്ള പ്രധാന ദൈവാലയങ്ങളോടും തീർത്ഥാടന കേന്ദ്രങ്ങളോടും ചേർന്ന് നിത്യാരാധന ചാപ്പലുകൾ നമുക്ക് കാണാൻ സാധിക്കും. ആശ്രമങ്ങളുടേയും മഠങ്ങളുടേയും പരിസരങ്ങളിൽ പൊതുജനത്തിന് സംലഭ്യമായ രീതിയിൽ നിത്യാരാധന ചാപ്പലുകൾ സ്ഥാപിക്കാറുണ്ട്. അത്തരം ആരാധനാ ചാപ്പലുകൾ അനേകർക്ക് ആശ്വാസ കേന്ദ്രങ്ങളാണ്. ഇത്തരം കേന്ദ്രങ്ങളിൽ സൗകര്യപ്രദമായ സമയങ്ങളിൽ പോയി വ്യക്തിപരമായി പ്രാർത്ഥിക്കാൻ പരിശ്രമിക്കുന്ന അനേകരുണ്ട്. നിത്യവും മുടങ്ങാതെ ആരാധന നടത്തുന്നവരും ധാരാളമുണ്ട്. വി. കുർബാനയുടെ മുന്നിലിരുന്ന് രക്ഷകനായ ക്രിസ്തുവിന്റെ സാന്നിധ്യം അനുഭവിച്ച് പ്രാർത്ഥിക്കുന്നവർ പ്രാപിക്കുന്ന അനുഗ്രഹങ്ങൾ നിരവധിയാണ്. വ്യക്തിപരമായ മൗനപ്രാർത്ഥന അത്തരം വ്യക്തികളുടെ ജീവിതത്തിൽ ആഴമായ ദൈവാനുഭവം കോറിയിടാൻ ഇടയാക്കും. ശാന്തതയിൽ ദൈവസാന്നിധ്യം അനുഭവിക്കാനും ജീവിതബോധ്യങ്ങളിലേയ്ക്ക് വളരാനും അത്തരം ആരാധനകൾ സഹായിക്കുന്നുണ്ട്.

### സത്യാരാധന: ശരിയായ സമീപനങ്ങൾ

"ദൈവം ആത്മാവാണ്. അവിടുത്തെ ആരാധിക്കുന്നവർ ആത്മാവിലും സത്യത്തിലുമാണ് ആരാധിക്കേണ്ടത്." (യോഹ 4:24). ആത്മാവിലും സത്യത്തിലും നാം നടത്തുന്ന ഏറ്റവും മനോഹരമായ ആരാധനയാണ് വി. കുർബാനയുടെ പരസ്യമായ ആരാധന. അതിനെ വൈകാരിക പ്രകടനമായി മാറ്റുന്ന തെറ്റായ പ്രവണതകൾ പലപ്പോഴും വിശ്വാസജീവിതത്തിന്റെ അപചയമായി മാറാം. ധ്യാനകേന്ദ്രങ്ങൾ അമിത പ്രാധാന്യം നൽകി തിരുവോസ്തി എഴുന്നള്ളിച്ചു വയ്ക്കുമ്പോൾ വി. കുർബാന പ്രദർശന വസ്തുവാകുകയും അതിന്റെ രഹസ്യാത്മകതയെ വിഴുങ്ങുന്ന ആഘോഷമായി ആരാധന അധ:പതിച്ചുപോകുകയും ചെയ്യും. അന്ത്യോക്യൻ ആരാധന ക്രമമനുസരിച്ച് വി. കുർബാന എഴുന്നള്ളിക്കുമ്പോൾ ഒരു മൂടുപടം ഇടണം എന്ന് അനുശാസിക്കുന്നു. വി. കുർബാനയുടെ രഹസ്യാത്മകത പ്രതീകാത്മകമായി വെളിപ്പെടുത്തുന്ന ഈ പാരമ്പര്യം മറന്നുപോകാതിരിക്കാൻ നാം പ്രത്യേകം ശ്രദ്ധിക്കണം.

കച്ചവട മനഃസ്ഥിതിയോടെ വി. കുർബാനയുടെ ആരാധനയ്ക്കായി പുതിയ പുതിയ രീതികൾ പടച്ചുവിടുമ്പോൾ വി. കുർബാനയെ 'ഒരു വിഗ്രഹ' സങ്കൽപത്തിലേയ്ക്ക്

തരംതാഴ്ത്തുന്നത് തിരുത്തപ്പെടേണ്ട പ്രവണതയാണ്. വി. കുർബാനയെ കൂദാശ എന്ന തലത്തിൽ നിന്ന് ഇന്ദ്രിയ ഗോചരമായ ആരാധനാ വസ്തുവായി പ്രതിഷ്ഠിക്കുന്നത് സത്യാരാധനയ്ക്ക് വിരുദ്ധമാണ്. അതുപോലെ ഇന്ദ്രീയ ഗോചരമായ കാര്യങ്ങൾക്ക് അമിത പ്രാധാന്യം കൊടുത്തു കൊണ്ട് അവതരിപ്പിക്കുന്ന വി. കുർബാനയുടെ ആരാധന നൈമിഷിക ആത്മീയ സുഖംമാത്രമേ പ്രധാനം ചെയ്യുക യുള്ളൂ എന്ന് നാം ഓർക്കണം. കച്ചവടകേന്ദ്രങ്ങളിൽ വിൽപ നയ്ക്കുള്ള സാധനങ്ങൾ അലങ്കരിച്ചൊരുക്കുന്ന രീതിയിൽ (തുണിക്കടയിൽ വസ്ത്രങ്ങളും, ജൂവലറിയിൽ സ്വർണാഭര ണങ്ങളും പ്രദർശിപ്പിക്കുന്നതുപോലെ) വി. കുർബാന പ്രതി ഷ്ഠിക്കുന്നത് സാധാരണ വിശ്വാസികളെ 'വിഗ്രഹാരാധന സ ങ്കല്പത്തിലേയ്ക്ക്' (cultic devotion) തള്ളിവിടും. അത്തരം പ്രവണതകളെ നാം ആശങ്കയോടെ കാണേണ്ടതാണ്. സജീ വനായ ദൈവത്തിന്റെ സാന്നിധ്യം വെളിവാക്കുന്ന വി. കുർബാനയുടെ ആരാധന, വൈകാരിക തലത്തിൽ മാത്ര മായി നാം ചുരുക്കരുത്.

വി. കുർബാനയുടെ ആരാധന അതിൽ തന്നെ പൂർണ മായ ദൈവാനുഭവത്തിന് സഹായമായ ഒരു ഭക്താഭ്യാസ മാണ്. എന്നാൽ ചിലയവസരങ്ങളിലും ചിലയിടങ്ങളിലും ജപ മാല പ്രാർത്ഥന, കരുണക്കൊന്ത, കുരിശിന്റെ വഴി മുതലായ ഭക്താഭ്യാസങ്ങൾ വി. കുർബാനയുടെ ഭാഗമായി നടത്തുന്നത് ആത്മീയ ശുശ്രൂഷയിലെ വിരോധാഭാസമാണ്. ഓരോ ഭക്താ ഭ്യാസവും അതിൽ തന്നെ പൂർണതയോടെ നടത്തുന്നതാണ് അനുയോജ്യമായ രീതി. അതുകൊണ്ട് സഭയുടെ പൊതു വായ പ്രബോധനങ്ങൾക്ക് വിരുദ്ധമായ രീതികളെ തിരുത്താൻ ബോധപൂർവമായ പരിശ്രമം അനിവാര്യമാണ്. അതോടൊപ്പം



സാധാരണഗതിയിൽ ഉണർവോടെ ആയിരിക്കാൻ സാധി ക്കാത്ത സമയങ്ങളിൽ നടത്തുന്ന ആരാധന വി. കുർബാന യോടുള്ള അനാദരവിലേയ്ക്ക് വിശ്വാസികളെ നയിക്കാം. എയർ കണ്ടീഷൻ ചെയ്ത ആരാധന ചാപ്പലുകൾ ചിലയവ സരങ്ങളിൽ വിശ്രമകേന്ദ്രമായി മാറുന്നുണ്ടോ എന്ന് നാം ആത്മശോധന നടത്തേണ്ടതാണ്. അതുകൊണ്ട് വിശ്വാസി കളുടെ മാനുഷിക സാഹചര്യങ്ങൾ പരിഗണിച്ചുള്ള സ്ഥല ങ്ങളിലും സമയങ്ങളിലും വി. കുർബാനയുടെ ആരാധന നട ത്താനായി പ്രത്യേകം ശ്രദ്ധിക്കുക.

ദൈവാലയങ്ങളിൽ അനുദിനം അർപ്പിക്കുന്ന വി. കുർബാനയിൽ സംബന്ധിച്ച് യോഗ്യതയോടെ തിരുശരീര ക്തങ്ങൾ സ്വീകരിക്കാനുള്ള സാധ്യയുള്ളപ്പോൾ അതിനു താല്പര്യം കാണിക്കാതെ, ആരാധനാ ചാപ്പലുകളിൽ ദീർഘ നേരം ചെലവഴിക്കുന്നവർ വി. കുർബാനയുടെ കൗദാശിക ശക്തിയെക്കാൾ അത്ഭുത ശക്തിയിലാണ് (magical power) വിശ്വസിക്കുന്നതെന്ന് നാം ഓർക്കണം. ക്രമമായി വി. കുമ്പ സാരം നടത്തി വി. കുർബാന സ്വീകരിക്കാൻ വിശ്വാസികളെ കൂടുതലായി പ്രോത്സാഹിപ്പിക്കാനും അതിനുള്ള സൗകര്യ ങ്ങൾ വർദ്ധിപ്പിക്കുകയും ചെയ്തുകൊണ്ട് വി. കുർബാന എന്ന ബലിജീവിതത്തിലേയ്ക്ക് വിശ്വാസികളെ വളർത്താൻ അജപാലകർ ജാഗ്രത കാണിക്കണം. വി. കുർബാനയ്ക്ക് പക രമായി ഈ ലോകത്തിൽ മറ്റൊന്നുമില്ല എന്ന സഭയുടെ പ്രബോധനം മറന്നുപോകാതെ, വി. കുർബാനയിലെ പങ്കാ ളിത്തത്തിലേയ്ക്കും യോഗ്യതയോടെയുള്ള സ്വീകരണത്തി ലേയ്ക്കും വിശ്വാസികളെ പരിശീലിപ്പിക്കാനും നയിക്കാനും വി. കുർബാനയുടെ പരസ്യാരാധന സഹായകരമാകുന്ന വിധ ത്തിൽ ഈ ഭക്താഭ്യാസം നടത്താൻ എല്ലാവരും ശ്രദ്ധിക്കുക.

**സമാപനം**

ആത്മാവിലും സത്യത്തിലും നടത്തുന്ന ആരാധനകൾ ദൈവത്തിന് പ്രീതികരമായ പ്രവൃത്തികളാണ്. ദൈവസാന്നി ധ്യബോധം ഉണർത്തുന്നതും ആത്മീയ ഉണർവു നൽകുന്ന തുമായ വി. കുർബാനയുടെ പരസ്യാരാധനകൾ പ്രോത്സാ ഹിപ്പിക്കപ്പെടേണ്ടതാണ്. വിശ്വാസികളുടെ ആത്മീയ അഭി വൃദ്ധിക്ക് ഏറ്റവും സഹായകരമായ ഭക്താഭ്യാസമാണ് വി. കുർബാനയുടെ പരസ്യ ആരാധനയും വാഴ്വും. എന്നാൽ, അത്തരം ആരാധനകളിൽ സംഭവിക്കുന്ന അപചയങ്ങൾ ഉത്ത രവാദിത്വത്തോടെ തിരുത്തേണ്ടതും അനിവാര്യമാണ്. കച്ച വട മനസ്ഥിതിയോടെയോ ഇന്ദ്രിയഗോചരമായ ആഘോഷം മാത്രമായോ വി. കുർബാനയുടെ ആരാധനയെ സമീപിക്കു കയാണെങ്കിൽ കാലക്രമത്തിൽ അത് ആത്മീയ അപചയ ത്തിന് കാരണമാകും.



www.malankaralibrary.com



കവർ സ്റ്റോറി



# ആത്മീയവളർച്ചയിൽ തീർത്ഥാടനത്തിന്റെ പങ്ക്



റവ. ഡോ. മാത്യു ചാർത്താക്കുഴിയിൽ

*"കർത്താവ് അരുളിച്ചെയ്യുന്നു: വഴിക്കവലകളിൽ നിന്ന് ശ്രദ്ധിച്ചുനോക്കുക; പഴയ പാതകൾ അന്വേഷിക്കുക. നേരായ മാർഗ്ഗം തേടി അതിൽ സഞ്ചരിക്കുക. അപ്പോൾ നിങ്ങൾ വിശ്രാന്തിയടയും"*
*(ജെറമിയ 6:16).*

**ആമുഖം**

നശ്വരമായ ഈ ഭൂമിയിൽ ചുരുങ്ങിയ കാലത്തെ തീർത്ഥാടനത്തിനായി കടന്നുവന്നവരാണ് മനുഷ്യർ എന്ന ചിന്ത ക്രിസ്തീയ പ്രബോധത്തിന്റെ ഭാഗമാണ്. തന്റെ ജീവിതത്തിന്റെ പരമമായ അന്ത്യത്തിലേക്ക് അറിഞ്ഞോ അറിയാതെയോ അനുദിനം തീർത്ഥാടനം നടത്തിക്കൊണ്ടിരിക്കുന്നവരാണ് നാമെല്ലാം. ഏതെ ങ്കിലും പുണ്യസ്ഥല ത്തേക്കു നടത്തുന്ന യാത്രയെയാണ് സാധാരണയായി തീർത്ഥാടനം എന്നതുകൊണ്ട് അർത്ഥമാക്കുന്നത്. എത്തിച്ചേരുന്ന സ്ഥലത്തിന്റെ പ്രത്യേകത അനുസരിച്ച് പാലിക്കേണ്ട ആചാരാനുഷ്ഠാനങ്ങൾ ഓരോ തീർത്ഥാടനത്തിന്റെയും പ്രത്യേകതകളാണ്. ലോകമതങ്ങളിലെല്ലാം തന്നെ ദൈവാ ന്വേഷണത്തിന്റെയും തന്റെ തന്നെ അസ്തിത്വാന്വേഷണത്തിന്റെയും ഭാഗമായി മനുഷ്യൻ നടത്തുന്ന പ്രയാണങ്ങളാണ് തീർത്ഥാടനങ്ങൾ. പുണ്യസങ്കേതങ്ങളിൽ നിലനിൽക്കുന്ന ദിവ്യത്വം ഒരുക്കത്തോടെ നടത്തുന്ന സന്ദർശനത്തിലൂടെ ഭക്തന്റെമേൽ ചൊരിയപ്പെടുന്നു എന്ന വിശ്വാസത്തോടെയാണ് തീർത്ഥാ ടകർ ഈ സ്ഥലങ്ങളിൽ എത്തുന്നത്. വിശുദ്ധരുടെ കബറിടമോ, പ്രത്യേക ദൈവസാന്നിധ്യം കാണപ്പെ ടുന്ന പുണ്യഭൂമിയോ, സന്ദർശിക്കാനായി എത്തുന്നവരുടെ ജീവിതത്തിലേക്ക് വലിയ ശാന്തിയും സമാധാ നവും ചൊരിയപ്പെടും എന്ന ചിന്ത വിശ്വാസികൾക്കുണ്ട്. ആത്മീയ വളർച്ചക്ക് തീർത്ഥാടനം എങ്ങനെ സഹായിക്കുന്നു എന്ന അന്വേഷണമാണ് ഈ ചെറിയ ലേഖനത്തിന് ആധാരം.

**പ്രയാണം, തീർത്ഥയാത്ര**

'തീർത്ഥയാത്ര' എന്ന സംസ്കൃതവാക്കിന്റെ അർത്ഥം 'സ്നാനഘട്ടത്തിൽ കൂടിയുള്ള പ്രയാണം' എന്നാണ്. ഈ പ്രത്യേക യാത്രയിലായിരിക്കുന്നവൻ കടവു കടന്ന് കയറിച്ചെല്ലുന്നത് ദൈവസാമീപ്യ ത്തിലേക്കാണ്. തന്റെ ശരീരം ജലത്തിൽ കഴുകി ശുദ്ധീകരിക്കുന്ന തീർത്ഥാടകൻ ദൈവീക സംസർഗ്ഗ ത്താൽ യാത്രയുടെ അന്ത്യത്തിൽ ആത്മാവിനെയും നവീകരിക്കേണ്ടിയിരിക്കുന്നു. പുണ്യസ്ഥലം ലക്ഷ്യ മാക്കി നടന്നുനീങ്ങുന്ന യാത്രികന്റെ ശാരീരികവും ആത്മീയവുമായ അവസ്ഥ 'തീർത്ഥാടനം' എന്ന വാക്കി ലൂടെ വെളിവാക്കപ്പെടുന്നു. പാപത്തിന്റെ ലോകത്തു നിന്ന് മോക്ഷം പ്രാപിക്കുന്ന നിത്യയാത്രയുടെ പ്രതീകം കൂടിയാണ് ഈ

www.malankaralibrary.com



താത്ക്കാലിക യാത്ര. മനുഷ്യന്റെയും ദൈവത്തിന്റെയും ലോകങ്ങൾ കൂട്ടിമുട്ടുന്ന ഭൂമിയിലെ ഇടം കൂടിയാണ് ഈ പുണ്യസങ്കേതങ്ങൾ.

ആംഗലേയ ഭാഷയിൽ 'പിൽഗ്രിമേജ്' എന്ന പദം ഉത്ഭവിച്ചിരിക്കുന്നത് 'പെരഗ്രീനുസ്' എന്ന ലത്തീൻ വാക്കിൽ നിന്നാണ്. 'തനിക്കറിയാത്ത പാടത്തു കൂടി നടക്കുന്നവൻ', 'ദൂരെ നിന്നും വന്നവൻ' എന്നൊക്കെ ഈ വാക്കിന് അർത്ഥമുണ്ട്. ഒരു തീർത്ഥാടകൻ തന്റെ വീടിന്റെ സാന്ത്വനം വെടിഞ്ഞുകൊണ്ട് അപരിചി തമായ സ്ഥലത്തു കൂടി നടക്കുവെന്ന അർത്ഥം ഉൾക്കൊണ്ടുകൊണ്ടാണ് ഈ ആശയം നൽകപ്പെട്ടിരിക്കുന്നത്. നടക്കുന്ന വഴിയിലെ 'അപരിചിതത്വം' ലോകത്തിൽ തനിക്ക് നിത്യവാസമില്ലെന്ന ചിന്തയോടെ ജീവിക്കാൻ ഒരുവനെ പ്രേരിപ്പിക്കണം. ജീവിതത്തിന്റെ ആഴവും അർത്ഥവും അടുത്തറിയുന്നതിനായി ഒരുവൻ നടത്തുന്നതാണ് തീർത്ഥാടനം.

'ജുൻറായ്' എന്ന ജാപ്പനീസ് വാക്ക് തീർത്ഥാടനത്തിന്റെ അർത്ഥം കുറേക്കൂടി വെളിവാക്കുന്നു. 'ആരാധിച്ചുകൊണ്ട് ചുറ്റിക്കറങ്ങുക' എന്നാണ് ഈ വാക്ക് സൂചിപ്പിക്കുന്നത്. തിന്മകൾ ഇല്ലാതാക്കി ജ്ഞാനോദയത്തിലേക്ക് തീർത്ഥാടകൻ യാത്രയാവുന്നു. യോഗീഭാവത്തോടെ പ്രയാണം ചെയ്യുന്ന തീർത്ഥാടകൻ ജീവനുള്ള ഒന്നിനെയും കൊല്ലുകയോ, മദ്യം ഉപയോഗിക്കുകയോ, മോശമായ വാക്കുകൾ ഉച്ചരിക്കുകയോ ചെയ്യാൻ പാടില്ല. ശാന്തതയിൽ നടക്കുകയും അനാവശ്യ ഭാണ്ഡങ്ങൾ ഒഴിവാക്കി സത്രങ്ങളിൽ സൂര്യാസ്തമയത്തിനു മുൻപ് എത്തിച്ചേരുകയും അവിടെ നിന്ന് രാത്രിയിൽ ഇറങ്ങിപ്പോകാതിരിക്കുകയും വേണം.

**തീർത്ഥാടനം യഹൂദ-ക്രിസ്തീയ വിശ്വാസത്തിൽ**

നാൽപതു വർഷത്തെ മരുഭൂമി തീർത്ഥാടനത്തിന്റെ അന്ത്യത്തിലാണ് യോർദ്ദാൻ നദി കടന്ന് വാഗ്ദത്തനാട്ടിൽ ദൈവജനം പ്രവേശിച്ചത്. അവരുടെ വിശ്വാസജീവിതത്തിന്റെ കേന്ദ്രമായിരുന്ന ജെറുസലേം ദേവാലയത്തിലേക്ക് വർഷത്തിൽ മൂന്നു പ്രാവശ്യമെങ്കിലും പ്രായപൂർത്തിയായ ഓരോ യഹൂദനും നിർബന്ധമായും തീർത്ഥാടകനായി എത്തേണ്ടിയിരുന്നു. ഇങ്ങനെ പോകാനൊരുങ്ങുന്ന ഒരു തീർത്ഥാടകന്റെ വികാരം സങ്കീർത്തകൻ ഇപ്രകാരം വിവരിക്കുന്നു: "കർത്താവിന്റെ ആലയത്തിലേക്ക് നമുക്ക് പോകാമെന്ന് അവർ പറഞ്ഞപ്പോൾ ഞാൻ സന്തോഷിച്ചു" (122:1).

ഈജിപ്തിൽ നിന്നും ദൈവജനം പുറപ്പെട്ടതിനെ അനുസ്മരിക്കുന്ന പെസഹാ (Pasosver) തിരുനാളിലും, സീനായ് മലയുടെ മുകളിൽ വച്ച് ദൈവം നൽകിയ ദൈവീക കല്പനയുടെ വെളിപ്പെടുത്തലിനെ അനുസ്മരിക്കുന്ന പെന്തക്കോസ്ത (Pentecost) തിരുനാളിലും, മരുഭൂമി വാസവും യാത്രയും പ്രതിനിധീകരിക്കുന്ന കൂടാരപ്പെരുന്നാൾ (Tabernacles) അവസരത്തിലും, ജെറുസലേം ദേവാലയത്തിൽ തീർത്ഥാടനം നടത്തി യഹൂദർ പ്രാർത്ഥിച്ചിരുന്നു. എ.ഡി. 70-ൽ ജെറുസലേമിലെ രണ്ടാമത്തെ ദേവാലയത്തിന്റെ തകർച്ചയോടെ തീർത്ഥാടനത്തിന്റെ സ്വഭാവം മാറുന്നുവെങ്കിലും ഈ തിരുനാളുകൾ ഇന്നും ആഘോഷിക്കപ്പെടുകയും അവിടെയുള്ള വിലാപ മതിലിനരികിൽ പുത്തൻ പ്രതീക്ഷകളോടെ ഭക്തരായ യഹൂദർ വന്ന് പ്രാർത്ഥിക്കുകയും ചെയ്യുന്നുണ്ട്.

ക്രിസ്തീയജീവിതത്തിൽ തീർത്ഥാടനത്തിന് വലിയ പ്രാധാന്യമാണുള്ളത്. നമ്മുടെ കർത്താവിന്റെ രക്ഷണീയകർമ്മങ്ങൾക്ക് വേദിയായ വിശുദ്ധ നാട്ടിലേക്കുള്ള ക്രൈസ്തവ തീർത്ഥാടനങ്ങൾക്ക് രണ്ട് സഹസ്രാബ്ദങ്ങളുടെ പഴക്കമുണ്ട്. റോമാ സാമ്രാജ്യത്തിലെ ആദ്യ ക്രൈസ്തവ ചക്രവർത്തി കോൺസ്റ്റന്റൈന്റെ അമ്മ വി. ഹെലനാ രാജ്ഞി നാലാം നൂറ്റാണ്ടിൽ വിശുദ്ധ നാട്ടിലേക്ക് നടത്തിയ തീർത്ഥാടനം പ്രസിദ്ധമാണ്. അവിടെ അവർ നമ്മുടെ കർത്താവിന്റെ ശവകുടീരവും 'യഥാർത്ഥ കുരിശും' (True Cross) കണ്ടെത്തുകയും വിവിധ ദേവാലയങ്ങൾ നിർമ്മിക്കുകയും ചെയ്തു. ഇതിനു ശേഷം വിശുദ്ധ നാട് ക്രിസ്തീയ തീർത്ഥാടകരുടെ സന്ദർശിക്കേണ്ടുന്ന ഒന്നാമത്തെ തീർത്ഥാടനകേന്ദ്രമായി മാറി. തീർത്ഥാടനങ്ങൾ പ്രോത്സാഹിപ്പിക്കാനായി വി. ജെറോം ബെത്‌ലഹേമിൽ വാസമാക്കിയതിനു ശേഷം അവയുടെ മാഹാത്മ്യത്തെക്കുറിച്ച് വളരെയധികം എഴുതുകയും ചെയ്തിട്ടുണ്ട്.

പതിനൊന്നാം ശതകത്തൽ സെൽജുക് തുർക്കികൾ (Seljuk Turks) വിശുദ്ധ നാട് കീഴടക്കി തങ്ങളുടെ ആധിപത്യം സ്ഥാപിച്ചു. ഇവിടേക്കു വന്ന തീർത്ഥാടകരുടെ വേദനകളിൽ നിന്നായിരന്നു പുണ്യഭൂമിയെ കുരിശുയുദ്ധത്തിലൂടെ മോചിപ്പിക്കാനുള്ള ആഹ്വാനം യൂറോപ്പിലെങ്ങും ഉണ്ടായത്. വി. പത്രോസ്-പൗലോസ് ശ്ലീഹന്മാരുടെ സുവിശേഷപ്രഘോഷണത്തിനും രക്തസാക്ഷിത്വത്തിനും വേദിയായ റോമാ നഗരം ക്രൈസ്തവരുടെ രണ്ടാമത്തെ പ്രധാനപ്പെട്ട തീർത്ഥാടന കേന്ദ്രമാണ്. അതുപോലെ തന്നെ അപ്പസ്തോലന്മാരുടെയും വിശുദ്ധന്മാരുടെയും പ്രവർത്തനമേഖലകളും അന്ത്യവിശ്രമ



www.malankaralibrary.com





സ്ഥലങ്ങളും തീർത്ഥാടനകേന്ദ്രങ്ങളായി പരിണമിക്കുന്നു. ഇന്ന് കത്തോലിക്കാ സഭയിലെ പ്രധാന തീർത്ഥാടകേന്ദ്രങ്ങൾ കന്യകാമറിയത്തിന്റെ പ്രത്യക്ഷപ്പെടലുമായി ബന്ധപ്പെട്ട ഗ്വാഡലുപ്പേ, ലൂർദ്, ഫാത്തിമ, ചെസ്റ്റഹോവ, മെജുഗൊറി തുടങ്ങിയവയാണ്.

നമ്മുടെ നാട്ടിലെ വേളാങ്കണ്ണി മാതാവിന്റെ ദേവാലയം, ഗോവയിലെ ഫ്രാൻസിസ് സേവ്യറിന്റെ ദേവാലയം, മൈലാപ്പൂരിലെ തോമാശ്ലീഹായുടെ കബറിടം, മലയാറ്റൂർ സെന്റ് തോമസ് പള്ളി, അർത്തുങ്കൽ പള്ളി, തിരുവനന്തപുരം വെട്ടുകാടുള്ള മാദ്രെ ദെ ദേവൂസ് ദേവാലയം, പരുമല പള്ളി തുടങ്ങിയവ ഇന്ത്യയിലെ പ്രമുഖ ക്രൈസ്തവ തീർത്ഥാടനകേന്ദ്രങ്ങളാണ്.

**തീർത്ഥാടന മാർഗ്ഗങ്ങളും ലക്ഷ്യങ്ങളും**

തീർത്ഥാടന ലക്ഷ്യത്തിൽ എത്തിച്ചേരുന്നതിന് തീർത്ഥാടകർ നിരവധി മാർഗ്ഗങ്ങൾ അവലംബിക്കാറുണ്ട്. പദയാത്രികരായും, കുതിരപ്പുറത്തും, സൈക്കിളിൽ യാത്ര ചെയ്തും, മോട്ടോർ വാഹനങ്ങളിലും, വിമാനത്തിലും തീർത്ഥാടന ലക്ഷ്യത്തിൽ എത്തുന്നവരുണ്ട്. തിരഞ്ഞെടുക്കുന്ന മാർഗ്ഗങ്ങൾ അനുസരിച്ച് അതിന്റെ ആത്മീയ-ശാരീരികഫലങ്ങൾ വ്യത്യാസപ്പെട്ടുമിരിക്കും. തീർത്ഥാടകന്റെ ലക്ഷ്യത്തിന് അനുസരിച്ചുള്ള ഒരുക്കങ്ങളും ഓരോ തീർത്ഥാടന വിജയത്തിനും അനിവാര്യമാണ്. പാപപരിഹാരം, അനുതാപം, നന്ദിപ്രകടനം, രോഗശാന്തി, തുടങ്ങിയ നിരവധി ഉദ്ദേശലക്ഷ്യങ്ങൾ വച്ചുകൊണ്ടാണ് മിക്കവാറും വിശ്വാസികൾ തീർത്ഥാടനം നടത്തുന്നത്. ജോൺ ബനിയന്റെ പ്രസിദ്ധമായ 'ദി പിൽഗ്രിംസ് പ്രോഗ്രസ്സ്' എന്ന കൃതി ഒരു ആത്മാവിന്റെ ദൈവത്തിലേക്കുള്ള ആന്തരിക യാത്രയുടെ കഥയാണ് പറയുന്നത്.

സാധാരണ സ്ഥലത്തു നിന്ന് വിശുദ്ധമായ സ്ഥലങ്ങളിലേക്കുള്ള യാത്രക്ക് ചില നഷ്ടങ്ങളും സഹനങ്ങളുമുണ്ട്. ആത്മീയ-ശാരീരികനന്മകൾ പ്രാപിക്കുന്നതു പോലെ തന്നെ ഈ പുണ്യസ്ഥലങ്ങൾ നേരിൽ കാണുന്നതും മറ്റു മനുഷ്യരെ പരിചയപ്പെടുന്നതും പല തീർത്ഥാടകരുടെയും ലക്ഷ്യമാണ്. ചില പ്രത്യേക തീർത്ഥാടനകേന്ദ്രങ്ങൾ സന്ദർശിക്കുന്നവർ പ്രത്യേകതരം വസ്ത്രങ്ങൾ മാത്രം ഉപയോഗിക്കുന്നു. ഉപവാസവും പ്രാർത്ഥനയും മാത്രമല്ല, വാക്കുകളിൽ മിതത്വം പാലിക്കുകയും പ്രവർത്തികൾ ക്രമീകരിക്കുകയും ചെയ്യുന്നതും തീർത്ഥാടനത്തിന്റെ ഭാഗമാണ്. തീർത്ഥാടന കേന്ദ്രത്തിൽ എത്തിക്കഴിഞ്ഞാൽ അനുഷ്ഠിക്കേണ്ട കർമ്മങ്ങളും നിരവധിയാണ്.

വിശുദ്ധർ ജീവിച്ചുമരിച്ച ഭൂമിയിലെ ഈ സ്ഥലങ്ങളിൽ അവരുടെ ആത്മീയസാന്നിധ്യം ഇന്നും നിലനിൽക്കുന്നു. ഈ ആത്മീയ അനുഷ്ഠാനങ്ങളിലൂടെ ദൈവത്തോട് കൂടുതൽ അടുത്തുവരുന്നതിന് ഒരുവന് സാധിക്കുന്നു. ഈ ലോക ജീവിതത്തിൽ മാത്രമല്ല, വരാനിരിക്കുന്ന നിത്യസൗഭാഗ്യത്തിന് ഒരുങ്ങുന്ന വഴികൾ കൂടിയാണ് തീർത്ഥാടനങ്ങൾ.

മിക്ക തീർത്ഥാടനങ്ങളും നല്ല ശാരീരിക ആരോഗ്യം ആവശ്യമായ ഭക്താഭ്യാസമാണ്. എന്നാൽ അതിന് കഴിയാത്തവർക്ക് തങ്ങളുടെ മനസുകൊണ്ട് ഏത് തീർത്ഥാടനത്തിന്റെയും ഭാഗമാകുന്നതിനു സാധിക്കും. ലോകത്തിന്റെ

www.malankaralibrary.com



ആകർഷണങ്ങളിൽ നിന്നും അകന്നുനിന്നുകൊണ്ട് ശരീരത്തിന്റെ ആരോഗ്യം അനുവദിക്കുന്ന രീതിയിൽ പരിത്യാഗപ്രവർത്തനങ്ങൾ ഏറ്റെടുത്തുകൊണ്ട് ഇത് സാധ്യമാണ്.

**തീർത്ഥാടത്തിന്റെ സത്ഫലങ്ങൾ**

ദൈവാനുഭവത്തിൽ ആഴപ്പെടുന്നതിനുള്ള അമൂല്യ അവസരമാണ് തീർത്ഥാടനം. 2010 നവംബർ മാസത്തിൽ സ്പെയിനിലെ യാക്കോബ് ശ്ലീഹായുടെ കബറിടം സ്ഥിതി ചെയ്യുന്ന സാന്തിയാഗോ കത്തീഡ്രൽ സന്ദർശിച്ച വേളയിൽ ബെനഡിക്ട് പതിനാറാമൻ മാർപാപ്പ ഇപ്രകാരം പറഞ്ഞു: "തീർത്ഥാടനത്തിന് പോവുകയെന്നാൽ, പ്രത്യേക പ്രകൃതി സൗന്ദര്യവും ചരിത്രപ്രാധാന്യവുമുള്ള സ്ഥലങ്ങൾ അന്വേഷിക്കു കയല്ല; പിന്നെയോ, ഒരുവൻ തന്നിൽനിന്നു തന്നെ പുറത്തുവന്ന് വിവിധങ്ങളായ വിധത്തിൽ മനുഷ്യന് വെളിപ്പെടുത്തുന്ന ദൈവത്തെ അന്വേഷിച്ചു കണ്ടെത്തുകയും അതിനുശേഷം ശോഭയോടെ, കണ്ടെത്തിയ ദൈവകൃപ വെളിപ്പെടുത്തുകയും മാനസാന്തരത്തിലൂടെ വിശുദ്ധി പ്രാപിച്ച് നന്മയുടെ സത്ഫലങ്ങൾ പുറപ്പെടുവിക്കുകയും ചെയ്യുക" എന്നതാണ്.

ക്രിസ്തീയ തീർത്ഥാടനത്തിന്റെ ആഴവും അർത്ഥവും അടങ്ങിയിരിക്കുന്നത് ഭൂമിശാസ്ത്രത്തിലല്ല, ദൈവശാസ്ത്രത്തിലാണ്. എവിടെയെങ്കിലും പോയി എന്തെങ്കിലുമൊക്കെ കാണുക എന്നതിനേക്കാൾ, ദൈവവഴിയിലൂടെ സഞ്ചരിച്ച് ദൈവബന്ധത്തിൽ ആഴപ്പെടുന്നതിനുള്ള അവസരമാണ് തീർത്ഥാടനം. പ്രാചീന ഗ്രീസിലെ ഡെൽഫിയിലുള്ള അപ്പോളോ ദേവന്റെ അൾത്താരക്കടുത്തേക്ക് തീർത്ഥാടനം നടത്തിയെത്തുന്ന വിശ്വാസിയെ കാത്തിരിക്കുന്ന പ്രസിദ്ധമായ ശിലാലിഖിതമായിരുന്നു 'നിന്നെത്തന്നെ അറിയുക' എന്നത്. തീർത്ഥാടകൻ തന്റെ യാത്രയിലൂടെ ദൈവത്തെ കൂടുതൽ അറിയാൻ പരിശ്രമിക്കുമ്പോൾ തന്നെത്തന്നെ അടുത്തറിയാൻ സാധിക്കുന്നു.

തീർത്ഥാടന പാതകളും, വിശുദ്ധ സ്ഥലങ്ങളും തീർത്ഥാടകനെ രൂപപ്പെടുത്തേണ്ടിയിരിക്കുന്നു. തീർത്ഥാടകൻ വിശുദ്ധ സ്ഥലം സന്ദർശിച്ച് തിരികെ പോകേണ്ടത് വ്യത്യസ്തനായ ഒരു വ്യക്തി ആയിട്ടാണ്. ചെന്നെത്തിയ സ്ഥലത്തെ വിശുദ്ധിയെ തന്റെ ജീവിതത്തിലേക്ക് പ്രവേശിപ്പിക്കാൻ തീർത്ഥാടകന് കഴിയണം. ഒരുക്കത്തോടെ നടത്തുന്ന തീർത്ഥാടനം ഒരുവനെ തന്റെ ശരീരത്തിന്റെയും മനസിന്റെയും ബലഹീനതകളെ തിരിച്ചറിയാൻ സഹായിക്കും. ദീർഘദൂരം നടന്നുപോകുന്ന തീർത്ഥാടനം ഒരു സാഹസിക യാത്രയല്ല, അതിലെ വേദനയും സഹനവും തീർത്ഥാടകന് സമ്മാനിക്കുന്നത് വിവരണാതീതമായ ആത്മീയാനുഭവങ്ങളാണ്. ശരീരവും മനസും ബലഹീനതകളെ അതിലംഘിക്കുന്ന ആത്മീയശക്തികൾ സമ്പാദിക്കുന്നു. സഹനത്തോടെ നടത്തുന്ന തീർത്ഥാടനങ്ങൾ ശരീരത്തിന്റെ മാത്രമല്ല, മനസിന്റെ ദുർമേദസ്സും മായിച്ചുകളയും.

നല്ല തീർത്ഥാടനങ്ങൾ എപ്പോഴും ഒരു യോഗാത്മദർശന (mystical) അനുഭവമാണ്. യാത്രയിൽ നിന്ന് ലഭിക്കുന്ന ഉൾക്കാഴ്ചകൾക്കനുസരിച്ച് ജീവിതത്തെ പരിവർത്തനപ്പെടുത്താൻ തീർത്ഥാടകന് കഴിയണം. കൊണ്ടുനടക്കുന്ന അനാവശ്യ ജീവിതഭാരങ്ങൾ പുണ്യസ്ഥലങ്ങളിൽ ഇറക്കിവച്ച് ദൈവത്തിൽ സ്വതന്ത്രനായി തിരികെ നടക്കാൻ തീർത്ഥാടകനു കഴിയണം. ആത്മീയതയിൽ ആഴപ്പെട്ട്, പ്രാർത്ഥന ചൊല്ലി, പ്രാർത്ഥന ശ്വസിച്ച്, തന്റെ ജീവിതം തന്നെ പ്രാർത്ഥനയായി തീർത്ഥാടകൻ പരിവർത്തനപ്പെടുത്തണം.

**ഉപസംഹാരം**

തങ്ങളുടെ അനുദിന വ്യാപാരങ്ങളിൽ നിന്ന് അകന്നു നിന്നുകൊണ്ട് ആത്മീയജീവിതത്തിൽ ആഴപ്പെടുന്നതിനുള്ള അവസരമായി തീർത്ഥാടനത്തെ പരിവർത്തനപ്പെടുത്താൻ തീർത്ഥാടകനു കഴിയണം. തീർത്ഥാടാനന്തരം ഒരുവന്റെ ജീവിതത്തെ എങ്ങനെ ക്രമപ്പെടുത്തുന്നു എന്നതിനെ ആശ്രയിച്ചാണ് ഓരോ തീർത്ഥാടനത്തെയും വിലയിരുത്താൻ നമുക്ക് സാധിക്കുന്നത്. തീർത്ഥാടനം നടത്തിയതുകൊണ്ടു മാത്രം ഒരുവന് മാന്ത്രികമായി എന്തെങ്കിലും പ്രത്യേക അനുഗ്രഹങ്ങൾ ലഭിക്കുന്നില്ല. ഓരോരുത്തരും എത്ര ആത്മാർത്ഥതയോടെയും ഒരുക്കത്തോടെയും വിശ്വാസ വിശുദ്ധിയോടെയും പുണ്യസ്ഥലങ്ങളിൽ എത്തുന്നു എന്നതിനെ ആശ്രയിച്ചാണ് അനുഗ്രഹങ്ങൾ സ്വായത്തമാക്കുന്നത്.

മനുഷ്യകുലം ഏദൻതോട്ടത്തിൽ നിന്ന് പുറത്തായതു മുതൽ അവിടേക്ക് തിരികെയെത്താൻ പരിശ്രമിക്കുന്നു. അതിന് ദൈവം നിരവധി വഴികൾ നമ്മുടെ മുന്നിൽ തുറന്നു തരുന്നു. പൂർണ്ണത പ്രാപിക്കാനുള്ള നമ്മുടെ യാത്ര യഥാർത്ഥത്തിൽ ഫലമണിയുന്നത് ദൈവത്തിൽ എത്തിച്ചേരുമ്പോൾ മാത്രമാണ്. വിശ്വാസം കാഴ്ചയാവുകയും ആ വെളിച്ചത്തിലൂടെ സഞ്ചരിച്ച് നമ്മുടെ യഥാർത്ഥ ഭവനമായ സ്വർഗ്ഗത്തിൽ എത്തിച്ചേരുകയും ചെയ്യുമ്പോഴാണ് ഭൂമിയിൽ നടത്തിയ എല്ലാ തീർത്ഥാടനങ്ങളും പ്രയോജനപ്രദമാവുന്നത്. ഈ ലോകത്തിൽ നമ്മുടെ കാലൊച്ച നിലയ്ക്കുന്ന നേരത്ത് സ്വർഗ്ഗത്തിൻ വാതിൽ തുറക്കപ്പെടുന്നതിന് നാം ഇപ്പോൾ അനുഷ്ഠിക്കുന്ന മാർഗ്ഗങ്ങളിൽ പ്രധാനപ്പെട്ട ഒന്നാണ് പുണ്യസ്ഥലങ്ങളിലേക്കുള്ള നമ്മുടെ ഒരുക്കത്തോടെയുള്ള തീർത്ഥാടനം.



www.malankaralibrary.com



കവർ സ്റ്റോറി



# തിരുശേഷിപ്പുകളെ വണങ്ങുന്ന വിശുദ്ധ സഭ



റവ. ഡോ. തോമസ് പ്രമോദ് ഒ.ഐ.സി.

വി. പോളിക്കാർപ്പോസിന്റെ സഹദാമരണത്തെക്കുറിച്ച് ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു: "പവിഴക്കല്ലുകളെക്കാളും സ്വർണത്തെക്കാളും വിലപിടിപ്പുള്ള അവന്റെ അസ്ഥികൾ ഞങ്ങൾ എടുത്ത് അനുയോജ്യമായ ഒരു സ്ഥലത്തുവെച്ചു. ഞങ്ങൾ അവിടെ ഒരുമിച്ചു കൂടുകയും അവന്റെ സഹദാമരണദിവസം അവന്റെ ഒരു ജന്മദിനം പോലെ സന്തോഷപൂർവ്വം ഞങ്ങൾ ആഘോഷിക്കുകയും ചെയ്തു." ഇത് കഴിഞ്ഞു പോയ ക്രിസ്തുവിന്റെ പടയാളികളെയും ഓട്ടക്കാരെയും ഓർമ്മിച്ചുകൊണ്ടും ഈ വഴിയെ വരുവാൻ (രക്തസാക്ഷിത്വം) പരിശീലനം കൊടുത്തുകൊണ്ടുമാണ്. വിശുദ്ധന്മാരോടുള്ള സംസർഗ്ഗം വി. സഭയുടെ സജീവമായ ആത്മീയ പാരമ്പര്യത്തിന്റെ ഭാഗമാണ്. അവരുടെ പെരുന്നാളുകളിൽ തിരുശേഷിപ്പുകൾക്ക് മുമ്പിൽ ഒന്നിച്ച് കൂടി പ്രസ്തുത ജീവിതാപദാനങ്ങളെ വർണ്ണിക്കുന്നു. കാരണം, വിശുദ്ധരിൽ സഭ, പെസഹ രഹസ്യം പ്രഘോഷിക്കുന്നു. അവരുടെ യോഗ്യതകൾ വഴി ദൈവത്തിന്റെ ദാനങ്ങൾ യാചിക്കുന്നു. ദൈവമഹത്വത്തിന്റെ സാക്ഷ്യമായി നിലകൊള്ളുന്ന തിരുശേഷിപ്പുകൾ, പൂജ്യമായി കരുതി ത്രോണോസിൽ തന്നെ സ്ഥാപിച്ച് കൃപകളുടെ അനുഗ്രഹീത ഇടമാക്കി വി. സഭ ആഘോഷിക്കുന്നു. തിരുവചനവും ആരാധനാ പാരമ്പര്യവും എങ്ങനെ തിരുശേഷിപ്പുകളെ വീക്ഷിക്കുന്നുവെന്ന അപഗ്രഥനമാണ് ഇവിടെ നടത്തുന്നത്.

**തിരുവചനവും തിരുശേഷിപ്പുകളും**

നിയമപ്പേടകം, മന്നാച്ചെപ്പ്, അഹറോന്റെ വടി, ഏലിശായുടെ നവ കുംഭം, ഏശായുടെ വേഗമെഴും മുകിൽ ഇത്യാദി പ്രതിരൂപങ്ങൾ, ദൈവീക പദ്ധതിയുമായി അഭേദ്യത പുലർത്തുന്ന അടയാളങ്ങളാണ്. അവ ദൈവജനതയുടെ തീർത്ഥയാത്രയിൽ ദൈവസാന്നിദ്ധ്യമുണർത്തിയിരുന്ന സാക്ഷ്യങ്ങളായിരുന്നു. അജയ്യമായ വിശ്വാസചിറകുകൾ സമ്പാദിച്ച് ഉന്നതിയിലേക്ക് പറന്നുയർന്ന വിശുദ്ധ ജന്മങ്ങളു

www.malankaralibrary.com



മായി ബന്ധപ്പെട്ട വസ്തുവകകൾക്കും ശേഷിപ്പുകൾക്കും തിരുവചനം പരമോത്തമവും സ്വർഗ്ഗീയവുമായ പ്രാമുഖ്യം നൽകുന്നുണ്ട്. ജോസഫിന്റെ മൃതശരീരം പരിമളദ്രവ്യം പൂശി ഈജിപ്തിലെ ഒരു ശവപ്പെട്ടിയിൽ ദൈവജനം സൂക്ഷിച്ചു(ഉത്പ 50/26). ദൈവ സന്ദർശനത്തിന് മോശ ക്രമീകരണം നടത്തുകയാണ് പ്രസ്തുത നടപടിയിൽ. ജലപ്രവാഹത്തിന് വ്യതിചലനം നൽകുവാൻ ഏലിയായുടെ മേലങ്കിക്ക് കഴിഞ്ഞു (2 രാജ 2/8). പ്രസ്തുത മേലങ്കിയാൽ ഏലിഷായും പ്രസ്തുത കൃത്യം നിർവഹിച്ചു (2 രാജ 2/13-14). ദൈവപുരുഷന്റെ ശവകുടീരത്തെയും അവന്റെ അസ്ഥികളെയും നിർമ്മാല്യമാക്കി ദിവ്യസ്മാരകമാക്കുന്ന വിവരണവും പ്രസ്തുത ഗ്രന്ഥം സാക്ഷ്യപ്പെടുത്തുന്നു (23/17-18). ഏലിഷായുടെ അസ്ഥികളെ സ്പർശിച്ചപ്പോൾ ജഡം ജീവൻ പ്രാപിച്ച് എഴുന്നേറ്റു നിന്നു (2 രാജ 13/20,21).

ക്രിസ്തുവിന്റെ വസ്ത്രത്തിന്റെ വിളുമ്പിൽ സ്പർശിക്കുവാൻ ജനം അവന്റെയടുത്ത് കൂടിയെന്ന് പുതിയ നിയമം സാക്ഷ്യപ്പെടുത്തുന്നു (മത്താ 14/36). രക്തസ്രാവക്കാരി സൗഖ്യം പ്രാപിച്ചത് പ്രസ്തുത സ്പർശനത്താലെയെന്ന് സുവിശേഷം സാക്ഷ്യപ്പെടുത്തുന്നു (മത്താ 9/20). ശിഷ്യതലവനായ പത്രോസിന്റെ നിഴലിൽ സൗഖ്യ പ്രാപ്തി ദർശിച്ചിരുന്ന ജനക്കൂട്ടത്തെ ശ്ലീഹന്മാരുടെ നടപടി ക്രമം അവതരിപ്പിക്കുന്നു (5/15). പൗലോസിന്റെ സ്പർശനമേറ്റ തൂവാലകളും അംഗവസ്ത്രങ്ങളും രോഗവിമുക്തിയും അശുദ്ധാത്മാക്കളുടെ ബഹിഷ്കരണവും സാദ്ധ്യമാക്കി (അപ്പ 19/12). വിശുദ്ധരുടെ കാലടികളെ പിന്തുടരാനും അവർക്കായി കാക്കപ്പെട്ടിരിക്കുന്ന ഉദ്യാനത്തിൽ പ്രവേശിക്കുവാനും വിശുദ്ധശേഷിപ്പുകൾ ഇടയാക്കുന്നുവെന്ന് തിരുവചനം ഭക്തരെ ഉദ്ബോധിപ്പിക്കുന്നു.

**ആരാധനക്രമവും തിരുശേഷിപ്പുവണക്കവും**

വി. സഭയുടെ, ആരാധനാ ദൈവശാസ്ത്രം, അതിന്റെ അദ്ധ്യാത്മികപ്രയുക്തിക്ക് അനന്യമായദർശനം നൽകുന്നു. മ്ശിഹായുടെ മണവാട്ടിയായ വി. സഭ, ഭാഗ്യങ്ങളാൽ പൂർണ്ണമാക്കപ്പെട്ടിരിക്കുന്നുവെന്ന് ആരാധനാക്രമം സാക്ഷ്യപ്പെടുത്തുമ്പോൾ അതിന്റെ കാരണങ്ങളും വിവരിക്കുന്നുണ്ട്: അവ, പറുദീസായുടെ സാദൃശ്യം, മാമ്മോദീസായുടെ ആഘോഷം, സഹദേൻമാരുടെ അസ്ഥികൾ, പുജാപീഠം, പുരോഹിതരുടെ ശുശ്രൂഷ. തിരുശേഷിപ്പുകൾക്ക് നൽകപ്പെടുന്ന ഔന്നത്യത്തിന്റെ നിഗമനം, അത് സാക്ഷ്യപ്പെടുത്തുന്ന വിശുദ്ധ ജീവിത സ്മരണകളാണ്. അവർ സ്വർഗ്ഗം കാംക്ഷിച്ച്, ദൈവത്തെ സൽസ്നേഹത്താൽ തോഷിപ്പിക്കുകയും പ്രതിഫലമായി പ്രകാശത്തിന്റെ മണവറയിൽ സ്ഥാനമുറപ്പിക്കുകയും ചെയ്തു. അവരുടെ സ്മരണയിൽ വാനും ഭൂവും സന്തോഷിക്കുന്നതിന്റെ കാരണം അവരുടെ തിരുശേഷിപ്പുകളിൽ വാഴുന്നത് ക്രിസ്തുതന്നെയാണ്; പ്രസ്തുത സാന്നിദ്ധ്യമാണ് ഓരോ ദുഃഖറോനോയും ആഘോഷിക്കുന്നത് (ശ്ഹീമ്മോ, തിങ്കൾ ആറാംമണി). അവരുടെ ഓർമ്മയെ ആഘോഷിക്കുവാനും, ആ മഹത്ദേഹങ്ങളെ ബഹുമാനപൂർവ്വം സംസ്ക്കരിക്കുവാനും സഭയെന്ന ആട്ടിൻ കൂട്ടത്തിന് കടമയുണ്ട്. അപ്രകാരം വി സഭ, നാഥന്റെ വലത്തുകയ്യാൽ സംരക്ഷണം പ്രാപിക്കുന്നു (ചൊവ്വ, പ്രഭാതപ്രാർത്ഥന ഒന്നാം കോലോ). രക്തസാക്ഷികളുടെയും ശ്ലീഹന്മാരുടെയും അസ്ഥികളെ ബഹുമാനിക്കുന്ന



www.malankaralibrary.com





സഭയ്ക്ക് ദുഷ്ടനിൽ നിന്നും അവന്റെ സൈന്യങ്ങളിൽ നിന്നും അഭയവും കോട്ടയും ലഭ്യമാകുന്നു (ചൊവ്വ ആറാം മണി). അവരുടെ പ്രാർത്ഥനകളാൽ അനുഗ്രഹവും അവരോടൊപ്പം ദൈവരാജ്യവും പ്രാപിക്കുന്നു. അവരുടെ അസ്ഥികളിൽ വസിച്ച മ്ശിഹായോട് അവർ സഹവാസമുള്ളവരായിരുന്നു (ബുധൻ രാത്രി പ്രാർത്ഥന, രണ്ടാം കൗമാ). അവരുടെ സ്മരണ അനുഗ്രഹീതമാകാൻ കാരണം, അവർ സത്യത്തെ സ്നേഹിക്കുകയും ദൈവപുത്രനോടുള്ള സ്നേഹത്തെപ്രതി രക്തസാക്ഷിത്വം പ്രാപിക്കുകയും ചെയ്തുവെന്നതാണ്. മ്ശിഹായുടെ സാന്നിദ്ധ്യത്തിന്റെ പ്രതിഫലനമാണ്, അവരുടെ ഓർമ്മയുടെ ദിവസത്തിൽ, കബറുകളിൽ അവിടെ സ്ഥിതി ചെയ്യുന്ന അസ്ഥികൾ സ്പന്ദിക്കുന്നത് (ബുധൻ, രാത്രി പ്രാർത്ഥന, മൂന്നാം കൗമാ).

വിശുദ്ധരുടെ അസ്ഥികൾക്ക് മുമ്പിൽ പരികർമ്മം നടത്തുമ്പോൾ, അവരെപ്പോലെ കിരീടങ്ങൾ സ്വന്തമാക്കുവാനും നിത്യജീവൻ അവകാശപ്പെടുത്തുവാനും ലക്ഷ്യമിടുന്നു. സഹദേന്മാരുടെ സ്മരണയും തിരുശേഷിപ്പുകളുടെ വണക്കവും ആരാധനാക്രമം താരതമ്യ വിശകലനമാക്കുന്നത്, പട്ടണത്തിന് കോട്ടകൾപോലെ മോശ, ഇസ്രായേൽക്കാരുടെ പാളയത്തിൽ യൗസേഫിന്റെ അസ്ഥികളെ നിക്ഷേപിച്ചതിനോടാണ് (ശനി സന്ധ്യാ, ഒന്നാം കോലോ). വിശുദ്ധരുടെ അസ്ഥികൾ ആത്മാക്കളെ കോട്ടപോലെ സംരക്ഷിക്കുകയും ചിറകുകളെന്നവണ്ണം ചിറകിൻകീഴിൽ മറയ്ക്കുകയും ചെയ്യുന്നു. വിശ്വസിക്കുന്ന ഏവർക്കും അവരുടെ പക്കൽ നിന്നും ഔഷധങ്ങൾ ലഭ്യമാകുന്നു. വിശുദ്ധരുടെ തിരുശേഷിപ്പുകളെ ബഹുമാനിക്കുകയും അവരുടെ ഓർമ്മയിൽ സംബന്ധിക്കുകയും ചെയ്യുന്നവർ പ്രസ്തുത അനുഗ്രഹം പ്രാപിച്ച് ഭാഗ്യവാന്മാരാകുന്നു.

പ്രകാശീകരണമെന്ന തീർത്ഥയാത്രയിൽ ആയിരിക്കുന്ന വിശുദ്ധസഭ, പരിശുദ്ധന്മാരുടെ അസ്ഥികൾ ദീപങ്ങൾ പോലെ സൂക്ഷിക്കുന്നു (മെൻഓലം, ചൊവ്വ സന്ധ്യാ, രണ്ടാം കോലോ). പരിശുദ്ധാത്മാവിന്റെ സാന്നിദ്ധ്യം തിരുശേഷിപ്പുകളിൽ സജീവമാണെന്ന് ആരാധനാക്രമം വിവരിക്കുന്നു (ചൊവ്വ രാത്രിപ്രാർത്ഥന, രണ്ടാം കൗമാ). വി. സഭയുടെ നിക്ഷേപമായിട്ടാണ് വിശുദ്ധരുടെ അസ്ഥികളെ ആരാധനാക്രമം ദർശിക്കുന്നത് (ചൊവ്വ, രാത്രി പ്രാർത്ഥന). അവിടെ രോഗികൾക്ക് സൗഖ്യം, ഞെരുക്കമനുവിപ്പിക്കുന്നവർക്ക് ആശ്വാസം, ദൂരസ്ഥർക്ക് തിരിച്ചുവരവ്, കടങ്ങൾക്ക് മോചനം എന്നിവ പ്രാപിക്കുന്നു.

രക്തസാക്ഷികൾ സ്നേഹത്തിന്റെ പരിമളം നാനാഭാഗങ്ങളിലേക്കും വീശുന്നു. അവരുടെ അസ്ഥികളെ ബഹുമാനിക്കുന്ന വി. സഭയ്ക്ക്, മിശിഹാ അനുഗ്രഹം നൽകുന്നു. തിരുശേഷിപ്പുകളെ ആദരിക്കുന്ന ആട്ടിൻപറ്റത്തിന് സമാധാനം ലഭ്യമാകുന്നു. ശ്രേഷ്ഠനായ യൗസേഫിന്റെ അസ്ഥികളെ, മോശ ബഹുമാനിച്ച പ്രകാരം, മ്ശിഹായെ സ്നേഹിച്ചവരായ വിശുദ്ധരുടെ അസ്ഥികളെ, സഭ ബഹുമാനിക്കുന്നത്, തികച്ചും യോഗ്യമാണ്; അത് സഭാമക്കളുടെ കടമയുമാണ്. പുണ്യവാന്മാരുടെ ഐക്യം വിശ്വാസപ്രമാണത്തിൽ ഏറ്റ് ചൊല്ലുമ്പോൾ വിശുദ്ധജീവിത സാക്ഷ്യങ്ങളെ പുല്കുവാനും ആദരിക്കുവാനും നമ്മെ പ്രേരിപ്പിക്കുന്നു. സഭ എന്ന സാക്ഷികളുടെ സമൂഹത്തിന്, വിശുദ്ധരുടെ സംസർഗ്ഗവും അവരുടെ തിരുശേഷിപ്പുകളും കോട്ടയും കാവലുമാണ്. അത് ദൈവമഹത്വത്തിന്റെ പ്രഘോഷണത്തിനും ദൈവിക ചിന്തകൾക്കും ഭക്തരെ സഹായിക്കുന്നു.



www.malankaralibrary.com



കവർ സ്റ്റോറി



# നൊവേനകൾ
## ദൈവത്തെ കേൾക്കാനുള്ള പ്രാർത്ഥനകൾ



റവ. ഫാ. ഗീവർഗ്ഗീസ് വലിയചാങ്ങവീട്ടിൽ

പൗരാണിക കാലം മുതലുള്ള ക്രൈസ്തവപാരമ്പര്യം നമ്മുടെ പ്രാർത്ഥനാ ജീവിതത്തിനുണ്ട്. ഒരു ദിവസത്തിന്റെ എല്ലാ യാമങ്ങളെയും വിശുദ്ധീകരിക്കുന്ന യാമപ്രാർത്ഥനകളും, കൂദാശകളും, കൂദാശാനുകരണങ്ങളും നമ്മുടെ ആത്മീയ ജീവിതത്തിലെ നീർച്ചാലുകളാണ്. ആത്മീയ നൽവരങ്ങൾ സ്വീകരിക്കാൻ മനുഷ്യഹൃദയങ്ങളെ ഒരുക്കുന്ന ഭക്താഭ്യാസങ്ങളും മദ്ധ്യസ്ഥ പ്രാർത്ഥനകളും സഭയുടെ ജീവിതത്തെ സമ്പന്നമാക്കുന്ന അഭിഷേക സംഭരണികളാണ്. ഇവിടെയാണ് പരമ്പരാഗതമായി നാം പ്രാർത്ഥിക്കുന്ന നൊവേനകളുടെ സ്ഥാനം.

### അപ്പസ്തോലിക പാരമ്പര്യം

സ്വർഗ്ഗാരോഹണനാളിൽ യേശു സ്വർഗ്ഗത്തിലേക്ക് സംവഹിക്കപ്പെട്ടതിനുശേഷം, 'അപ്പസ്തോലന്മാർ ഏകമനസ്സോടെ യേശുവിന്റെ അമ്മയായ മറിയത്തോടും, മറ്റു സ്ത്രീകളോടും അവന്റെ സഹോദരന്മാരോടുമൊപ്പം പ്രാർത്ഥനയിൽ മുഴുകിയിരുന്നു (അപ്പ.പ്ര. 1:14).പന്തക്കുസ്താ ദിനത്തിനുമുമ്പുള്ള ഒൻപതു ദിവസങ്ങൾ, തുടർന്നുള്ള പത്താം ദിവസം അവർ പരിശുദ്ധാത്മാഭിഷേകം സ്വീകരിച്ചു. പ്രാർത്ഥനാ പൂർവ്വമായ ഒരുക്കത്തിന്റെ ഈ ഒൻപതു ദിനങ്ങൾക്ക് സദൃശ്യമായി പിന്നീട് സഭയിൽ രൂപപ്പെട്ടതാണ് നൊവേനകൾ.

### എന്താണ് നൊവേന?

കത്തോലിക്കാ സഭയുടെ പുരാതന പാരമ്പര്യങ്ങളിൽ ആത്മീയാനുഗ്രഹങ്ങൾ അപേക്ഷിച്ചു നടത്തുന്ന ഭക്താ

www.malankaralibrary.com





ഭ്യാസമാണ് നൊവേന (നവനാൾ ജപം). ഒൻപത് ദിവസമോ, ഒൻപത് ആഴ്ചയോ ഇവ തുടർച്ചയായി പ്രത്യേക നിയോഗത്തോടെ ചൊല്ലുന്നു. അവയുടെ ചരിത്രാന്വേഷണമോ ദൈവശാസ്ത്ര വ്യാഖ്യാനമോ നടത്തുന്ന ലേഖനമല്ലിത്, മറിച്ച് നമ്മുടെ അനുദിന വിശ്വാസവളർച്ചയിലും ആത്മീയതയിലും ഇവയ്ക്കുള്ള പങ്കിനെ പരാമർശിക്കുകയാണിതിൽ. ക്രൈസ്തവ സമൂഹത്തിന് ഏറെ പരിചിതമാണ് വിവിധ നൊവേനകൾ. സഭയുടെ, ഇടവകകളുടെ വ്യക്തികളുടെ ആത്മീയ ജീവിതത്തിന്റെയും പ്രാർത്ഥനാനുഭവത്തിന്റെയും ചാലകശക്തികളാണ് ഇത്തരം നൊവേനകൾ. തലമുറകളായി പ്രാർത്ഥിച്ച് കൈമാറിവന്ന ഈ പ്രാർത്ഥനകൾ സാധാരണ ക്രൈസ്തവവിശ്വാസിയുടെ ആത്മീയോൽഘർഷത്തിനും വിശ്വാസദൃഢതയ്ക്കും സഹായകമാകുന്നു. അപ്പസ്തോലിക പാരമ്പര്യത്തിൽ രൂപപ്പെട്ടുവന്ന നൊവേനകൾ നമ്മുടെ ക്രിസ്തീയ ജീവിതത്തെ ചലനാത്മകവും സജീവവുമായി നിലനിർത്തുന്നു.

**വ്യത്യസ്ത നൊവേനകൾ**

ആരാധനാധിഷ്ഠിതമായ തിരുനാളുകൾക്ക് ഒരുക്കമായൊ ഉദാ: ക്രിസ്തുമസ് നൊവേന), ദൈവാനുഗ്രഹത്തിനുള്ള അപേക്ഷയായോ (ഉദാ: ദൈവകരുണയുടെ നൊവേന) ദൈവമാതാവിനോടോ, വിശുദ്ധരോടുമുള്ള മദ്ധ്യസ്ഥ പ്രാർത്ഥനയായോ (ഉദാ: വി. യൂദാ തദേവൂസ്, വി. യൗസേപ്പ്) ഇവ നടത്തുന്നു. ഇവിടെ പരാമർശിക്കാത്ത ഒട്ടനവധി നൊവേനകൾ കത്തോലിക്കാ സഭയിലുണ്ട്. ആത്യന്തികമായി അവയെല്ലാം:

1. ദൈവസ്നേഹത്തിലും സഹോദരസ്നേഹത്തിലും വളരുന്നതിനും

2. വിശ്വാസത്തിൽ ആഴപ്പെട്ട് ദൈവഹിതത്തിനു നമ്മെ വിട്ടുകൊടുക്കുന്നതിനും

3. വിശുദ്ധിയിൽ ജീവിക്കുന്നതിനും പുണ്യങ്ങൾ അഭ്യസിക്കുന്നതിനും

4. സവിശേഷമായ അനുഗ്രഹങ്ങളും ദൈവകൃപയും സ്വീകരിക്കുന്നതിനും ഉപകരിക്കുന്നു.

അങ്ങനെ ആത്മീയാനുഭവത്തിന്റെ നവ്യാനുഭവം നിരന്തരം നമുക്ക് നൽകുന്ന നൊവേനകൾ ചൊല്ലി പ്രാർത്ഥിക്കുന്നത് ദൈവാനുഗ്രഹം സ്വീകരിക്കുന്നതിന് നമ്മേ അർഹതയുള്ളവരാക്കും. നൊവേനകൾ ചൊല്ലാത്ത ഇടവകകളോ ഭവനങ്ങളോ ഇല്ല. പൗരോഹിത്യ ജീവിതത്തിൽ ദൈവമാതാവിനോടും വിശുദ്ധരോടുമുള്ള നൊവേനകൾക്ക് സവിശേഷ സ്ഥാനമുണ്ട്. പുരോഹിതനിലെ അഭിഷേകത്തെ നിരന്തരം ജ്വലിപ്പിച്ചു നിർത്തുന്നതിൽ അവ നമ്മെ സഹായിക്കും. ഇടവകയിൽ ആത്മീയാന്തരീക്ഷം സംജാതമാകുന്നതിന് ഇത്തരം പ്രാർത്ഥനകും ഭക്താഭ്യാസങ്ങളും ആവശ്യമാണ്. ഇടവകസമൂഹത്തിനപ്പുറം ജാതിമതഭേദമന്യേ അനേകായിരങ്ങൾക്ക് ആത്മീയാനുഭവത്തിനും അനുഗ്രഹത്തിനും നൊവേനകൾ ഉപകരിക്കുന്നു. അവരുടെ സാക്ഷ്യങ്ങൾ നൊവേന ചൊല്ലുന്നതിന് പ്രചോദനമേകുന്നു.

**ജാഗ്രതയോടുള്ള അനുഷ്ടാനം**

സഭയുടെ കാനോനിക യാമപ്രാർത്ഥനകൾക്കും കൂദാശകൾക്കും ആരാധനാധിഷ്ഠിത ജീവിതത്തിനും പകരമല്ല ഇത്തരം നൊവേനകൾ. അവ ശക്തിയുള്ള പ്രാർത്ഥനകളാണ്, ഫലദായകമാണ്. എന്നാൽ അവ മാന്ത്രികശക്തിയുള്ള പ്രാർത്ഥനകളാണെന്ന് തെറ്റിദ്ധരി

www.malankaralibrary.com



ക്കരുത്. നൊവേന ആരോടു പ്രാർത്ഥിക്കുന്നുവോ അവർക്ക് മാന്ത്രികന്റെ പരിവേഷം ഒരിക്കലും നൽകരുത്. അവരെപ്പോലെ ജീവിക്കാനും അവരെ മാതൃകയാക്കി ക്രിസ്തുവിനെ സ്നേഹിക്കാനും വിശുദ്ധിയിൽ ജീവിക്കാനും നമ്മൾ തയ്യാറാകണം. ഒൻപതു ദിവസത്തെ പ്രാർത്ഥനയ്ക്കൊടുവിൽ നാം ചോദിച്ച അനുഗ്രഹങ്ങൾ ഉടനടി കിട്ടുമെന്ന് ചിന്തിക്കരുത്. ദൈവഹിതം നിറവേറ്റാൻ ആഗ്രഹിക്കണം. സഭയുടെ കൗദാശിക ജീവിതത്തിനും, ആരാധനാധിഷ്ഠിതമായ ആത്മീയതയ്ക്കും പകരമായി നൊവേനയെ കരുതുന്ന പ്രവണത വർദ്ധിച്ചുവരുന്നു. ഇവിടെയാണ് നാം പുലർത്തേണ്ട ജാഗ്രതയെക്കുറിച്ച് രണ്ടാം വത്തിക്കാൻ കൗൺസിൽ നമ്മേ ഓർമ്മിപ്പിക്കുന്നത്.



വിശുദ്ധരുമായുള്ള സഖിത്വം എല്ലാ പ്രസാദവരത്തിന്റെയും ദൈവജനത്തിന്റെ ജീവന്റെ തന്നെയും ഉറവിടവും ശിരസ്സുമായ ക്രിസ്തുവിനോട് നമ്മെ യോജിപ്പിക്കുന്നു (തിരുസഭ 51). കാരണം അവർ യേശുവിന്റെ സ്നേഹിതരും, കൂട്ടവകാശികളുമാണ്. അവർ നമ്മുടെ സഹോദരങ്ങളും ഉപകാരികളുമാണ്. അതിനാൽ അവരെ സ്നേഹിക്കണം, അവർക്കുവേണ്ടി ദൈവത്തോട് നന്ദി പറയണം, വിനയപൂർവ്വം അവരെ വിളിച്ചപേക്ഷിക്കണം. അവരുടെ പ്രാർത്ഥനകളിലും, ശക്തിയിലും, സഹായത്തിലും നാം അഭയപ്പെടണം. അത് യുക്തവും അനുയോജ്യവുമാണ്. അവരോടുള്ള നമ്മുടെ സ്നേഹം ക്രിസ്തുവിനെ ലക്ഷ്യമാക്കുന്നു. അങ്ങനെ ക്രിസ്തുവഴി ദൈവത്തിലും എത്തിച്ചേരുന്നു. അവരുമായുള്ള സമ്പർക്കത്തിലൂടെ നാം സ്വർഗ്ഗീയ സഭയുടെ ആരാധനയിൽ ലയിക്കുന്നു. മറ്റൊരു തരത്തിൽ പറഞ്ഞാൽ പ്രവൃത്തിപരമായ സ്നേഹത്തിന്റെ തീവ്രതയിലാണ് വിശുദ്ധരോടുള്ള യഥാർത്ഥ ഭക്തി അടങ്ങിയിരിക്കുന്നത്. (51)



അവരുടെ ജീവിതമാതൃകയും കൂട്ടായ്മയിലുള്ള ഓഹരിയും, മദ്ധ്യസ്ഥസഹായവുമാണ് നാം തേടുന്നത്. പിതാവായ ദൈവത്തിനു പുത്രൻ വഴി പരിശുദ്ധാത്മാവിൽ നൽകുന്ന ആരാധനയ്ക്കു യാതൊരു വിധത്തിലും കുറവു വരുത്തുന്നില്ല, നേരെമറിച്ച് അതിനെ അത്യധികം പൂർണ്ണമാക്കുകയാണ് ചെയ്യുന്നത് (51).

ദൈവവിശ്വാസത്തിൽ ആഴപ്പെടുന്നതിന് നമ്മേ സഹായിക്കുന്ന നൊവേനകൾ നമ്മുടെ ആത്മീയ ജീവിതത്തിന്റെ വളർച്ചയ്ക്ക് ആവശ്യമാണ്. ദൈവാനുഗ്രഹങ്ങൾ സ്വീകരിക്കാൻ നമ്മേ ഒരുക്കുന്നതോടൊപ്പം ദൈവഹിതം തിരിച്ചറിയാൻ അവ ഇടയാക്കും. ലൗകീക വ്യഗ്രതയിലും ആവശ്യങ്ങളിലും നമ്മുടെ മനസ്സ് കലുഷിതമാകുമ്പോൾ ആശ്വാസമേകുന്ന പ്രാർത്ഥനകളാണ് നൊവേനകൾ. ത്രിയേകദൈവത്തെ കൂടുതലായി സ്നേഹിക്കാൻ അവ നിരന്തരം നമ്മേ പ്രേരിപ്പിക്കും. അങ്ങനെ നമ്മുടെ ചുറ്റുപാടുകളെയും ജീവിതസാഹചര്യങ്ങളെയും ആത്മീയാനുഭവത്തിൽ നിരന്തരം നവീകരിക്കുന്ന പ്രാർത്ഥനകളായ നൊവേനകൾ ഇഷ്ടപ്പെട്ട് ചൊല്ലാം, ദൈവാനുഗ്രഹം പ്രാപിക്കാം.

www.malankaralibrary.com



കവർ സ്റ്റോറി



# വിശുദ്ധ കുരിശിന്റെ വഴി പ്രാർത്ഥനയുടെ ആത്മീയത



**റവ. ഫാ. ജോഷ്വാ കൊച്ചുവിളയിൽ**

ക്രൈസ്തവ ജീവിതം സ്വർഗ്ഗീയ ജറുസലേമിനെ നോക്കിയുള്ള യാത്രയാണ്, ഈ യാത്രയിൽ വഴിതെറ്റാതിരിക്കാൻ ലോക രക്ഷകനായ യേശുക്രിസ്തു സ്ഥാപിച്ച രക്ഷയുടെ അടയാളമാണ് വി. കുരിശ് അഥവാ വി. സ്ലീബാ യേശു പറഞ്ഞു, 'വഴിയും സത്യവും ജീവനും ഞാനാണ്, എന്നിലൂടെയല്ലാതെ ആരും പിതാവിന്റെ അടുക്കലേക്ക് വരുന്നില്ല' (യോഹ 14:6). യേശുക്രിസ്തുവാകുന്ന വഴിയിലൂടെ പിതാവായ ദൈവത്തിലേക്ക് യാത്ര തുടരുന്ന നമുക്ക് അനുകരിക്കാവുന്ന ഒരു ഭക്ത്യാഭ്യാസമാണ് വി. കുരിശിന്റെ വഴി പ്രാർത്ഥന, ആത്മീയമായി യേശുക്രിസ്തുവിന്റെ പീഡാസഹനങ്ങളെ ധ്യാനിച്ച്, ആ ചുടുനിണമൊഴുകിയ വഴിയിലൂടെ നടത്തുന്ന ഈ പ്രാർത്ഥനയ്ക്ക് ഒരു പുതിയചൈതന്യവും ആത്മ സന്തോഷവും പ്രദാനം ചെയ്യുവാൻ കഴിയും. "കുരിശിന്റെ വഴി മാത്രം പാപത്തേയും തിന്മയെയും മരണത്തെയും പരാജയപ്പെടുത്തുന്നു. കാരണം അത് ക്രിസ്തുവിന്റെപുനരുത്ഥാനത്തിന്റെ ഉജ്ജ്വലമായ വെളിച്ചത്തിലേക്ക് നയിക്കുകയും പുതിയതും പൂർണ്ണവുമായ ജീവിതത്തിന്റെ ചക്രവാളങ്ങൾ തുറക്കുകയും ചെയ്യുന്നു. അത് പ്രത്യാശയുടെ വഴിയാണ്. ഭാവിയുടെ വഴിയാണ്. ഔദാര്യത്തോടും വിശ്വാസത്തോടും കൂടി ഈ വഴി സ്വീകരിക്കുന്നവർമനുഷ്യരാശിക്ക് പ്രതീക്ഷയും ഭാവിയും നൽകുന്നു." (പരിശുദ്ധ ഫ്രാൻസിസ് മാർപാപ്പ).

**വി. കുരിശിന്റെ വഴിയുടെ ചരിത്രം**

ഈ ഭക്തിപരമായ യാത്രയെക്കുറിച്ച് പല തരത്തിലുള്ള വിവരണങ്ങൾ നിലവിലുണ്ട്, ക്രിസ്തുവിന്റെ സ്വർഗ്ഗാരോഹണത്തിനു ശേഷം ശിഷ്യന്മാർ നിരന്തരം കാൽവരിയിലേക്കും ഉത്ഥാനകല്ലറയിലേക്കും പോയി പ്രാർത്ഥിച്ചിരുന്നു, സഭയുടെ ആരംഭകാലത്ത് തന്നെ വി. കുരിശിന്റെ വഴിയിലൂടെയുള്ള പ്രാർത്ഥന ആരംഭിച്ചിട്ടുണ്ടായിരുന്നു. നിക്കോമീഡിയയിലെ വി. ഗീവർഗ്ഗീസും, വി. ശിമയോനും (910 നൂറ്റാണ്ടുകൾ) ക്രിസ്തുവിന്റെ തിരുമുറിവുകളെ ധ്യാനിച്ച് കാൽവരിയിലേക്ക് യാത്ര നടത്തിയിരുന്നു. കാസിയയിലെ വി. റീത്ത (13811457) കുരിശിന്റെ വഴിയിലൂടെ നടക്കാനും ധ്യാനിക്കാനും തന്റെ ആശ്രമത്തിന്റെ കിടക്കമുറി ഉപയോഗപ്പെടുത്തിയതായി രേഖപ്പെടുത്തിയിട്ടുണ്ട്. 14-16 നൂറ്റാണ്ടുകൾക്കിടയിൽ ലത്തീൻ സഭയുടെ ചരിത്രം പരിശോധിക്കുമ്പോൾ വിവിധ കലകളെ പ്രോത്സാഹിപ്പിക്കുന്ന കൂട്ടത്തിൽ യേശുക്രിസ്തുവിന്റെ പീഡാസഹനങ്ങളെ

www.malankaralibrary.com



പ്രകടമായി ചിത്രീകരിക്കുന്ന ചില രംഗങ്ങൾ ജനങ്ങളിൽ ഏറെ സ്വാധീനിച്ചു. പീഢാനുഭവ നാടകങ്ങളും ചിത്രങ്ങളും ആളുകളെ ആഴമായി സ്പർശിച്ചു. ഇങ്ങനെ വൈവിധ്യമാർന്ന കാര്യങ്ങൾ ഈ ഭക്തിയുടെ ഉത്ഭവത്തിന് നിദാനമായി. 1342ൽ ഫ്രാൻസിസ്ക്കൻ മിഷനറി സമൂഹത്തിന് വിശുദ്ധ ഭൂമിയിലെ പുണ്യസ്ഥലങ്ങളുടെ സംരക്ഷണ അവകാശം 1342 ൽ ക്ലെമന്റ് ആറാമൻ മാർപാപ്പയുടെ പ്രത്യേക കൽപ്പനയാൽ നൽകപ്പെട്ടു. തുടർന്ന് കുരിശിന്റെ വഴിയോടുള്ള ഭക്തി തീവ്രമായി ആരംഭിച്ചു. അന്നു മുതൽ ഫ്രാൻസിസ്ക്കൻ സന്യാസിമാർ ഈ ഭക്തിയുടെ പ്രചാരകരായി മാറി. 12–14 നൂറ്റാണ്ടുകളിൽ വിശുദ്ധ സ്ഥലം സന്ദർശിച്ച നിരവധി സഞ്ചാരികൾ (ഉദാ: റിക്കോൾഡോ ഡാ മോണ്ടെ ഡി ക്രോസ്, ബർച്ചാർഡ്, വെറോണയിലെ ജയിംസ്) തീർത്ഥാടകർ സഞ്ചരിച്ചിരുന്ന ഒരു സ്ഥിരമായ പാത ജറുസലേമിൽ കാൽവരിമലയുമായി ബന്ധപ്പെട്ട് ഉണ്ടെന്ന് രേഖപ്പെടുത്തിയിട്ടുണ്ട്. 15–ാം നൂറ്റാണ്ടിൽ ജറുസലേം സന്ദർശിച്ച ഇംഗ്ലീഷ് തീർത്ഥാടകനായ വില്യം വെയുടെ വിവരണത്തിൽ വി. കുരിശിന്റെ വഴിയുടെ വിവിധ സ്ഥലങ്ങളെക്കുറിച്ച് (Stations) പരാമർശമുണ്ട്. 1521 ൽ ജർമ്മനിക്കാരനായ ഗെയ്സ്ലിച്ച് സ്ട്രാസ്, ആത്മീയ വഴി എന്ന പേരിൽ വി. കുരിശിന്റെ വഴിയുടെ വിവിധ സ്ഥലങ്ങളുടെ ചിത്രങ്ങൾ ചേർത്ത് ഒരു പുസ്തകം അച്ചടിച്ച് പ്രചരിപ്പിച്ചു.

15–16 നൂറ്റാണ്ടുകളിൽ പ്രതിഭാസമ്പന്നരായ ഫ്രാൻസിസ്കൻ സന്യാസിമാർ ആളുകളെ ആകർഷിക്കാനായി പാശ്ചാത്യ രാജ്യങ്ങളിലും യൂറോപ്പിലും തുറസ്സായ സ്ഥലങ്ങളിലും കുന്നുകളിലും വി .കുരിശിന്റെ വഴിയുടെ ചിത്രീകരണങ്ങൾ രൂപപ്പെടുത്തി. പക്ഷേ ഇതിന് ഏഴും മുപ്പതുമൊക്കെ സ്ഥലങ്ങൾ (stations) ഉണ്ടായിരുന്നു. പള്ളികളുടെ ഉള്ളിൽ വി. കുരിശിന്റെ വഴി ചിത്രീകരിക്കാനുള്ള ഈ സന്യാസിമാരുടെ ആഗ്രഹത്തിന്, അവരുടെ അപേക്ഷയ്ക്ക് മറുപടിയായി 1686 ൽ ഇന്നസന്റ് പതിനൊന്നാമൻ മാർപാപ്പ അനുവാദം നൽകി, പക്ഷേ ഇത് അവരുടെ പള്ളികളിൽ മാത്രമായി നിജപ്പെടുത്തി. 1731 ൽ ക്ലെമന്റ് പന്ത്രണ്ടാമൻ മാർപാപ്പ എല്ലാ പള്ളികളിലും ഇത് സ്ഥാപിക്കാൻ അനുവാദം നൽകി, കൂടാതെ വി. കുരിശിന്റെ വഴിയുടെ സ്ഥലങ്ങൾ 14 എണ്ണമായി നിജപ്പെടുത്തുകയും ചെയ്തു. എന്നാൽ വി. കുരിശിന്റെ വഴി സ്ഥാപിക്കാനുള്ള അവകാശം ഫ്രാൻസിസ്കൻ സന്യാസസമൂഹത്തിന് മാത്രമായിരുന്നു ഉള്ളത്. 1857 ൽ ഫ്രാൻസിസ്കൻ വൈദീകരുടെ ഇടപെടൽ കൂടാതെ ഇംഗ്ലണ്ടിലെ മെത്രാന്മാർക്ക് ഈ സ്ഥലവിവരണങ്ങൾ പള്ളികളിൽ ചിത്രീകരിക്കാൻ അനുമതി ലഭിച്ചു. 1862 –ൽ ഈ അവകാശം എല്ലാ മെത്രാന്മാർക്കും നൽകി. അങ്ങനെ വിശുദ്ധ സ്ഥലമായ ജറുസലേമിൽ പോകാതെ തന്നെ സ്വന്തം പള്ളികളിൽ ക്രിസ്തുവിന്റെ പീഡാസഹനങ്ങളെ ധ്യാനിച്ച്



www.malankaralibrary.com



പ്രാർത്ഥിക്കുവാൻ എല്ലാവർക്കും അവസരം ലഭിച്ചു.

പൊന്തിയോസ് പീലാത്തോസിന്റെ അരമന പ്രത്തോറിയം മുതൽ ക്രിസ്തുവിന്റെ കല്ലറവരെയുള്ള വഴിയാണ് വിവിധ സ്ഥലങ്ങളായി തിരിച്ച് ഈ ഭക്തി പ്രാർത്ഥനയ്ക്കായി രൂപപ്പെടുത്തിയത്. വലിയനോമ്പുകാലത്തും ഉത്ഥാനത്തിന്റെ ഒരുക്കത്തിനുവേണ്ടിയുള്ള പ്രാർത്ഥനയ്ക്കും ഒരു ജനപ്രിയ ഭക്ത്യാഭ്യാസമായി ഇത് മാറി. ഈ വഴിയ്ക്ക് ഔദ്യോഗികമായി ഡോളോ റോസ വഴി (ദു:ഖകരമായ വഴി) അഥവാ കുരിശിന്റെ വഴി (കുരിശിന്റെ വഴിയിലെ വിവിധ സ്ഥലങ്ങൾ) എന്ന പേര് ലഭിച്ചു.

AD 313 ൽ കോൺസ്റ്റന്റയിൻ ചക്രവർത്തി ക്രിസ്തുമതം നിയമവിധേയമാക്കിയതിനു ശേഷം ഈ പാത അതിന്റെ പ്രധാന സ്ഥലങ്ങളാൽ അടയാളപ്പെടുത്തി. 342-420 കാലഘട്ടങ്ങളിൽ തന്റെ ജീവിതത്തിന്റെ അവസാനകാലത്ത് ബെത്‌ലഹേമിൽ താമസിച്ചിരുന്ന ബൈബിൾ വിവർത്തകനവി. ജറോം ഈ വിശുദ്ധ കുരിശിന്റെ വഴിയിലൂടെ നടന്ന് നിരന്തരം പ്രാർത്ഥിച്ചിരുന്നു. 1742 ൽബനഡിക്ട് പതിന്നാലാമൻ മാർപാപ്പ എല്ലാ വൈദികരോടും അവരുടെ സഭകളെ സമ്പന്നമാക്കാൻ വി.കുരിശിന്റെ വഴി പ്രാർത്ഥന ഉപയോഗിക്കാൻ ആഹ്വാനം ചെയ്തു. തുടർന്ന് പരിശുദ്ധ പിതാവ് ഇപ്രകാരം പറഞ്ഞു; 'വി. കുരിശിന്റെ വഴിയിൽ 14 സ്ഥലങ്ങൾ ഉൾപ്പെടുത്തണം, സാധാരണയായി ഓരോ സ്ഥലത്തിനും ചേർന്ന ചിത്രങ്ങൾ ഉണ്ടാകണം, 14 കുരിശുകൾ ഉണ്ടായിരിക്കണം.'

ചരിത്രത്തിൽ ഇറ്റലിയിലെ പോർട്ട് മ്വറൂസിലെ ലിയൊനാർഡ് (16761751) ആണ് കുരിശിന്റെ വഴിയിലെ 14 സ്ഥലങ്ങൾ വളരെ മനോഹരമായി സ്ഥാപിച്ചത്. തന്റെ മിഷനറി ജീവിതത്തിനിടയിൽ 570 - ൽ അധികം സ്ഥലത്ത് ഇപ്രകാരം കുരിശിന്റെ വഴി സ്ഥാപിച്ചിട്ടുണ്ട്, അതിൽ ഏറ്റവും പ്രധാനപ്പെട്ടത് ഇറ്റലിയിലെ റോമിൽ, കൊളോസിയത്തിൽ സ്ഥാപിച്ച കുരിശിന്റെ വഴിയാണ്. 1750-ൽ ബനഡിക്ട് പതിനാലാമൻ മാർപാപ്പ ഇത് പ്രത്യേകം ആശീർവദിച്ചു. അങ്ങനെ ഫ്രാൻസിസ്കൻ മിഷനറിമാരിലൂടെ ലോകമെമ്പാടും ഇത് പ്രചാരത്തിലായി. 1686-ൽ ഇന്നസെന്റ് പതിനൊന്നാമൻ മാർപാപ്പയും 1742-ൽ ബനഡിക്ട് പതിനാലാമൻ മാർപാപ്പയും നൽകിയ അനുമോദനങ്ങൾ ഈ ഭക്ത്യാഭ്യാസത്തിന് പ്രചുരപ്രചാരം ലഭിച്ചു. 1616-ൽ സാൻഡിനിയയിലെ കപ്പൂച്ചിൻ വൈദികരാണ് ഇത് സ്ഥാപിച്ചതെന്നും 17-ാം നൂറ്റാണ്ടിന്റെ തുടക്കത്തിൽ കുരിശിന്റെ വഴിയിലെ 14 സ്ഥലങ്ങൾ അംഗീകരിച്ച ആദ്യ രാജ്യം സ്പെയിൻ ആണെന്നും വിശ്വസിക്കപ്പെടുന്നു.

**വി. കുരിശിന്റെ വഴിയുടെ ആത്മീയത:**

1. ക്രിസ്തുവിനോട് അനുരൂപപ്പെടുക.

ഏറ്റവും പ്രധാനമായി യേശുക്രിസ്തുവിനോട് അനുരൂപപ്പെടാൻ ഈ കുരിശിന്റെ വഴി സഹായിക്കും എന്നുള്ളതാണ്. പുരാതന പാരമ്പര്യമനുസരിച്ച് പരിശുദ്ധ കന്യകമറിയം യേശുവിന്റെ സ്വർഗ്ഗാരോഹണത്തിനു ശേഷം ഈ യാത്ര നടത്തിയിരുന്നതായി പരാമർശമുണ്ട്,

2. ക്രിസ്തു സഹനങ്ങളോട് പങ്ക് പറ്റുക.

യേശു ക്രിസ്തുവിന്റെ സഹനങ്ങളിൽ ആത്മീയമായ



ഒരു പങ്കുപറ്റൽ ഇതിലൂടെ സാധ്യമാകുന്നു. പീലാത്തോസിന്റെ മുൻപിലുള്ള വിചാരണയും തുടർന്ന് കുരിശു വഹിച്ചുകൊണ്ടുള്ള യാത്രയും കുരിശിൽ തറക്കലും കുരിശിലെ മരണവും കബറടക്കവും ഒക്കെ അനുസ്മരിച്ച് ഈ പ്രാർത്ഥന നടത്തുമ്പോൾ അവന്റെ സഹനത്തോട് ചേർന്ന് നടക്കുവാൻ നമ്മെ സഹായിക്കുന്നു.

3. സ്വർഗ്ഗീയ യാത്രയുടെ മുന്നാസ്വാദനം.

സ്വർഗ്ഗീയ ജറുസലേമിനെ ലക്ഷ്യമാക്കി നടക്കുന്ന നമുക്ക് ഈ തീർത്ഥയാത്ര ഒരു പുതിയ ഊർജ്ജം പ്രദാനം ചെയ്യും എന്നുള്ളതാണ്.

4. കുരിശ് പ്രത്യാശയുടെ അടയാളം.

നാം അനുഭവിക്കുന്ന എല്ലാ കഷ്ടതകൾക്കും ജീവിതഭാരങ്ങൾക്കും പരിഹാസശരങ്ങൾക്കും കൊടിയ വിശപ്പിനും ദാഹത്തിനും നഗ്നതയ്ക്കും ഒക്കെ അപ്പുറത്ത് ഉത്ഥാനത്തിന്റെ പൊൻപുലരിയുണ്ടെന്ന് ഓർമ്മപ്പെടുത്തുവാൻ ഈ പ്രാർത്ഥന സഹായിക്കുന്നു.

5. കുരിശ് ആത്മാവിന്റെ വഴി.

ആത്മാവ് കണ്ടെത്തിയ ഒരു വഴിയാണിത്. യേശുവിന്റെ ജീവിതം പരിശുദ്ധാത്മാവിനാൽ കണ്ടെത്തപ്പെട്ട ഒരു യാത്രയാണ്. ദൗത്യത്തിന്റെ ആരംഭത്തിൽ ആത്മാവ് യേശുവിനെ മരുഭൂമിയിലേക്ക് നയിക്കുന്നു. (ലൂക്ക 4: 1ff) തുടർന്ന് അവന്റെ നെഞ്ചിൽ കത്തുന്ന ഒരുദിവ്യാഗ്നിയെപ്പോലെ കാൽവരിയിലേക്കുള്ള വഴിയിലൂടെ നടക്കാൻ അവനെ പ്രേരിപ്പിക്കുന്നു (ലൂക്ക 12, 49-50). യാത്രയുടെ അവസാന ഘട്ടം പറഞ്ഞറിയിക്കാനാകാത്ത കഠിനവും വേദനാജനകവുമായ ഒരു അനുഭവമാണ്. എങ്കിലും ഇത് രക്ഷാകരമാണ് എന്ന യാഥാർത്ഥ്യം ആത്മാവിന്റെ നിത്യപരിപാലനയെ സൂചിപ്പിക്കുന്നു.

www.malankaralibrary.com



6. തിരുസഭ നിർദ്ദേശിക്കുന്ന യഥാർത്ഥ വഴി.

ഇത് സഭ ഇഷ്ടപ്പെടുന്ന ഒരു വഴിയാണ്. കാൽവരിയിലേക്കുള്ള യാത്രയുടെ ഓരോ നിമിഷവും ഭീതിജനകവും വേദനാജനകവും ആണ്, എങ്കിലും ആ വഴിയിൽ നടന്ന ഓരോ സംഭവങ്ങളിലും കൃപയുടെ രഹസ്യം മറഞ്ഞിരിക്കുന്നതായി സഭ മനസ്സിലാക്കി. സഭയോടുള്ള അത്യഗാധമായ സ്നേഹത്തിന്റെ പ്രകടനമായിരുന്നു അത്. പരിശുദ്ധ കുർബാനയായി മണവാളനായ ക്രിസ്തു മണവാട്ടിയായ സഭയോട് ഒപ്പമുണ്ടെങ്കിലും അവന്റെ വിയർപ്പിലും രക്തത്തിലും കുളിച്ച കല്ലുകളുടേയും മണൽത്തരികളുടേയും ആ സ്ഥലങ്ങളുടേയും ചരിത്ര സ്മരണ സഭയ്ക്ക് ഏറെ ആശ്വാസപ്രദവും ആനന്ദകരവുമാണ്.

7. നാം നടക്കേണ്ടുന്ന വഴി

'നീ വലത്തോട്ടോ ഇടത്തോട്ടോ തിരിയുമ്പോൾ നിന്റെ കാതുകൾ പിന്നിൽ നിന്ന്, ഒരു സ്വരം ശ്രവിക്കും; ഇതാണ് വഴി, ഇതിലെ പോവുക' (ഏശയ്യ 30:21).

നാം ജീവിതത്തിൻ നടക്കേണ്ടുന്ന പാത ഇത് തന്നെയാണ് എന്ന് കുരിശിന്റെ വഴി പഠിപ്പിക്കുന്നു. കർത്താവ് അരുളി ചെയ്യുന്നു 'വഴിക്കവലകളിൽ നിന്ന് ശ്രദ്ധിച്ച് നോക്കുക. പഴയ പാതകൾ അന്വേഷിക്കുക. നേരായ മാർഗം തേടി അതിൽ സഞ്ചരിക്കുക. അപ്പോൾ നിങ്ങൾ വിശ്രാന്തിയടയും' (ജറെമിയ 6:16). അവന്റെ ചുടുനിണമൊഴുകിയ വഴിത്താരകൾ നമ്മെ നിത്യജീവന്റെ വാതായനങ്ങളിലേക്ക് എത്തിക്കും. ആത്മധൈര്യത്തോടും ജീവിത വിശുദ്ധിയോടും സ്വർഗ്ഗം സ്വന്തമാക്കാനുള്ള തീവ്രമായ ആഗ്രഹത്തോടും കൂടെ ആ വഴിയിലൂടെ നടക്കണം.

**വി. കുരിശിന്റെ ആത്മീയത പൗരസ്ത്യ സഭയിൽ**

പാശ്ചാത്യ രാജ്യത്ത് വി. കുരിശിന്റെ വഴി പ്രാർത്ഥന വളരെയധികം പ്രചാരത്തിലായെങ്കിലും പൗരസ്ത്യ സഭയിൽ ഇതിന് വേണ്ട സ്വീകാര്യത ആരംഭകാലങ്ങളിൽ ലഭിച്ചിരുന്നില്ല. ലത്തീൻ ആരാധനക്രമത്തിന്റെ ഭാഗമായി ഈ ഭക്തി വർദ്ധിച്ചു വന്നപ്പോഴും പൗരസ്ത്യ ആരാധനക്രമത്തിന്റെ ഭാഗമായി ഇത് മാറിയില്ല, ഇതിന്റെ കാരണം വി. കുരിശിനോടുള്ള ഭക്ത്യാദരവുകൾ പുതിയ ഒരു ആശയം ആയിരുന്നില്ല എന്നത് തന്നെയായിരുന്നു. പള്ളികളിൽ ഏറ്റവും പ്രധാന സ്ഥലത്ത് വി. കുരിശ് സ്ഥാപിക്കുകയും നിരന്തരം കുരിശ് വരയ്ക്കുകയും ചെയ്യുന്ന ഒരു പാരമ്പര്യം പൗരസ്ത്യ സഭയിൽ ഉണ്ടായിരുന്നു. മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ അന്ത്യോക്യൻ ആരാധന ക്രമം സൂക്ഷ്മമായി പരിശോധിച്ചു നോക്കിയാൽ രക്ഷയുടെ അടയാളമായ വി. കുരിശിനെ എത്രമാത്രം ഭക്തിയോടെയാണ് ആദരിക്കുന്നത് എന്ന് മനസ്സിലാക്കാൻ കഴിയും. മരണത്തെ തോൽപ്പിച്ച് വിജയശ്രീലാളിതനായ യേശുക്രിസ്തുവിന്റെ പീഡാസഹനങ്ങളുടെ മർമ്മപ്രധാനമായ മൂർത്തരൂപമായി കുരിശ് ആദരിക്കപ്പെട്ടു. വി. കുരിശിലൂടെ ക്രിസ്തുവിലേക്ക് നോക്കുവാൻ പൗരസ്ത്യ ആരാധനാക്രമം പരിശീലിപ്പിക്കുന്നുണ്ട്. പ്രത്യേകിച്ച് അന്ത്യോക്യൻ ആരാധന ക്രമത്തിൽ മാറാനായ പെരുന്നാളുകളിൽ സ്ലീബാ ആഘോഷം നടത്തി വിശ്വാസികളെയും പള്ളിയുടെ നാലു ദിക്കുകളെയും അവിടെയുള്ള സമസ്തവും ആശീർവദിക്കുന്നുണ്ട്. സ്ലീബായുടെ പുകഴ്ചയുടെ തിരുന്നാൾ ഭക്തിപൂർവം ആഘോഷിക്കാറുണ്ട്. വലിയ നോമ്പിലെ പകുതി നോമ്പിൽ പള്ളിയുടെ മധ്യത്തിൽ വി. കുരിശ് സ്ഥാപിച്ച് വിശ്വാസികളുടെ ശ്രദ്ധ കുരിശിൽ മാത്രം കേന്ദ്രീകരിക്കാൻ നമ്മുടെ ആരാധനക്രമം ശ്രദ്ധ പതിപ്പിച്ചിട്ടുണ്ട്. ദു:ഖവെള്ളിയാഴ്ചയിലെ ഒന്നാമത്തെ ശുശ്രൂഷ യഥാർത്ഥത്തിൽ കാൽവരിയിലേക്ക് യേശുക്രിസ്തു കുരിശും വഹിച്ചുകൊണ്ട് നടന്നു പോയതിനെ അനുസ്മരിക്കുന്നതാണ്. ഒന്നാം ശുശ്രൂഷയുടെ അവസാന ഭാഗത്ത് കാർമ്മികൻ സ്ലീബായും വഹിച്ചുകൊണ്ട് വിശ്വാസികൾ ഒരുമിച്ച് നടത്തുന്ന പ്രദിക്ഷണം യഥാർത്ഥത്തിൽ വി. കുരിശിന്റെ വഴിപ്രാർത്ഥന തന്നെയാണ്. ദു:ഖവെള്ളിയുടെ രണ്ടാം ശുശ്രൂഷ സ്ലീബാ വന്ദന വിന്റെ ശുശ്രൂഷയാണ്, പ്രാർത്ഥനാ മേശയിൽ പ്രത്യേകം വച്ചൊരുക്കി സ്ലീബാ പ്രതിഷ്ഠിച്ച് ഈ പ്രാർത്ഥന നടത്തുന്നു. ഈ ശുശ്രൂഷയുടെ അവസാനത്തിൽ സ്ലീബാ ചുംബിച്ച് യേശുക്രിസ്തുവിനോടുള്ള ആരാധനയും ആദരവും ഭക്തിപൂർവം പ്രകടിപ്പിക്കുന്നു. തുടർന്ന് സ്ലീബാ ആഘോഷവും തുടർന്ന് മൂന്നാമത്തെ ശുശ്രൂഷയായ കബറടക്ക ശുശ്രൂഷയും നടത്തുന്നു. വി. സ്ലീബാ പ്രത്യേകമായി സുഗന്ധ കൂട്ടുകൾ കൊണ്ട് അഭിഷേകം ചെയ്താണ് കബറടക്ക ശുശ്രൂഷക്രമം നടത്തുന്നത്. ഉത്ഥാന പെരുന്നാളിലെ രാത്രി നമസ്ക്കാരത്തിനു ശേഷം അതേ സ്ലീബാ ഉയർത്തി ഉത്ഥാന പ്രഖ്യാപനവും നടത്തുന്നു. ഇങ്ങനെ വി. കുരിശിനെ പ്രത്യേകമായി വണങ്ങുകയും പ്രതിഷ്ഠിക്കുകയും അശീർവാദമായി കുരിശു വരയ്ക്കുകയും ചെയ്യുന്ന ആരാധനക്രമം പിൻതുടരുന്നതിനാൽ ആണ് പൗരസ്ത്യ സഭയിൽ പ്രത്യേകിച്ച് അന്ത്യോക്യൻ ആരാധനക്രമം അനുസരിച്ച് കുരിശിന്റെ വഴി പ്രാർത്ഥനയ്ക്ക് കൂടുതൽ പ്രചാരം ലഭിക്കാതെ പോയത്.

വി. കുരിശിന്റെ വഴി പ്രാർത്ഥന നടത്തുന്നവർക്ക് പൂർണ്ണ ദണ്ഡവിമോചനം പരിശുദ്ധ കത്തോലിക്ക സഭയിൽ പ്രഖ്യാപിച്ചിട്ടുണ്ട്. നാല് കാര്യങ്ങൾ അതിന് ആവശ്യമാണ്.

1. കുരിശിന്റെ വഴിയുടെ ചിത്രങ്ങൾ നിയമാനുസൃതം സ്ഥാപിച്ചിട്ടുള്ള സ്ഥലത്ത് ആയിരിക്കണം ഈ പ്രാർത്ഥന നടത്തേണ്ടത്. പള്ളികളിലാണ് പ്രധാനമായും ഇത് സ്ഥാപിച്ചിരിക്കുന്നത്.

2. പതിന്നാല് സ്ഥലങ്ങളിലും ചിത്രങ്ങളോ രൂപങ്ങളോ കൂടാതെ വി. കുരിശും ഉണ്ടായിരിക്കണം. ഈ പതിന്നാല് സ്ഥലത്തും പ്രാർത്ഥന നടത്തുകയും വേണം.

3. കർത്താവിന്റെ പീഡാസഹനത്തെ ഉൾക്കൊണ്ട് ധ്യാനാരൂപിയിൽ ആണ് പ്രാർത്ഥിക്കേണ്ടത്.

4. ഒരു സ്ഥലത്തു നിന്നും അടുത്ത സ്ഥലത്തേക്ക് സഞ്ചരിച്ച് (ചലിച്ച്) കൊണ്ട് പ്രാർത്ഥിക്കണം. പങ്കെടുക്കുന്ന എല്ലാവർക്കും അത് സാധ്യമല്ലെങ്കിൽ നേതൃത്വം നൽകുന്നവർ അപ്രകാരം ചെയ്യേണ്ടതാണ്.

വി.കുരിശിനെക്കുറിച്ചുള്ള വിശുദ്ധരുടെ ഉദ്ദരണികൾ, കുരിശിന്റെ ആത്മീയതയെ സ്വാംശീകരിക്കാൻ കൂടുതൽ

www.malankaralibrary.com





ഇടയാക്കും.

ലിമയിലെ വി. റോസ് പറഞ്ഞു. 'കുരിശല്ലാതെ സ്വർഗ്ഗത്തിലെത്താൻ മറ്റൊരു ഗോവണി ഇല്ല.'

വി. ഫൗസ്റ്റീന പറയുന്നത് ഇങ്ങനെയാണ്, 'ദുഷ്കര മായ നിമിഷങ്ങളിൽ കുരിശിൽ നീട്ടിയിരിക്കുന്ന യേശു വിന്റെ നിശബ്ദ ഹൃദയത്തിലേക്ക് ഞാൻ എന്റെ നോട്ടം ഉറപ്പിക്കും. അവന്റെ കരുണാമയമായ ഹൃദയത്തിന്റെ പൊട്ടിത്തെറിക്കുന്ന അഗ്നിജ്വാലകളിൽ നിന്ന് പോരാടാ നുള്ളശക്തി എന്നിലേക്ക് ഒഴുകും.'

വി. മാക്സ് മില്യൻ കോൾ ബ പഠിപ്പിച്ചു, 'കുരിശ് സ്നേഹത്തിന്റെ വിദ്യാലയമാണ്'. വി. തോമസ് അക്വീനാസ് പഠിപ്പിച്ചു 'നിങ്ങൾ ക്ഷമ തേടുകയാണെങ്കിൽ കുരിശിനേ ക്കാൾ മികച്ച ഒരു മാതൃകനിങ്ങൾക്ക് കണ്ടെത്താനാവില്ല.'

**ഉപസംഹാരം**

എല്ലാം കുരിശിന്റെ ഓർമ്മപ്പെടുത്തലാണ്. നാം തന്നെയും സൃഷ്ടിക്കപ്പെട്ടത് ഒരു കുരിശിന്റെ ആകൃതി യിലാണ്, കരങ്ങൾ വിരിച്ചു പിടിക്കുന്ന നമ്മെ നോക്കി മറ്റൊരു ക്രിസ്തുവിനെ കാണുവാൻ മറ്റുള്ളവർക്ക് കഴി യണം. ഈ വലിയ നോമ്പുകാലത്ത് വി. കുരിശിന്റെ വഴി പ്രാർത്ഥന നടത്തുന്നത് നമ്മെ കൂടുതൽ കൃപാവരത്തിന് അർഹരാക്കും. എളിമയോടും ഭക്തിയോടും പ്രസാദ വരത്തോടുംകൂടി ഇത് നടത്തണം. എന്നാൽ നാം പ്രായോഗി കമായി ശ്രദ്ധിക്കേണ്ടുന്ന ഒരു കാര്യം കൂടിയുണ്ട്. നമ്മുടെ യാമ നമസ്ക്കാരത്തിന് പകരമുള്ളതല്ല ഈ പ്രാർത്ഥന. വലിയ നോമ്പിലെ ഞായറാഴ്ചകളിൽ പ്രഭാത നമസ്ക്കാരം ഒഴിവാക്കി ഈ പ്രാർത്ഥന നടത്തരുത്. ഞായറാഴ്ച ഉത്ഥാനത്തിന്റെ ആനന്ദം ലഭിക്കുന്ന ദിവസമാണ്. മറ്റു ദിവസങ്ങളിൽ യേശുക്രിസ്തുവിന്റെ പീഡാസഹനങ്ങളെ ധ്യാനിച്ച് ഈ പ്രാർത്ഥന നടത്തുമ്പോൾ നമുക്ക് ഒരു പടികൂടി വിശ്വാസത്തിലും വിശുദ്ധിയിലും വളരുവാൻ സഹായിക്കും,, ദൈവദാസൻ മാർ ഈവാനിയോസ് തിരുമേനി, വി.കുരിശിനെ പ്രണയിച്ച, ഹൃദയപൂർവം ധ്യാനിച്ച പുണ്യ പിതാവാണ്,, പ്രതികൂലങ്ങളായ പല സംഭവങ്ങളും ഉണ്ടായപ്പോഴും കുരിശിനെ ധ്യാനിച്ച് ശക്തി കണ്ടെത്തിയതിനാൽ ഭയ മില്ലാതെ ജീവിച്ചു. രോഗബാധിതനായി കിടക്കുമ്പോൾ തന്റെ കട്ടിലിന്റെ ഇടത്തും വലത്തും ഓരോ കുരിശുകൾ വയ്ക്കാൻ പിതാവ് നിർദേശിച്ചിട്ടുണ്ട്. ഇടത്തോട്ടും വലത്തോട്ടും തിരിയുമ്പോൾ കുരിശിലെ ദൃഷ്ടിയിൽ നിന്ന് കണ്ണിമചിമ്മാതെ ധ്യാനിക്കുന്നതിനു വേണ്ടിയായിരുന്നു അത്. 'നാശത്തിലൂടെ ചരിക്കുന്നവർക്ക് കുരിശിന്റെ വചനം ഭോഷത്തമാണ്. രക്ഷ യിലൂടെ ചരിക്കുന്ന നമുക്കോ അത് ദൈവത്തിന്റെ ശക്തിയത്രേ'. (1 കോരി 1:18)

വി. കുരിശിനെ ധ്യാനിക്കാം,,<br>
ശക്തി സംഭരിക്കാം,<br>
ക്രൂശിതനായവൻ അനുഗ്രഹിക്കട്ടെ,<br>
'കുരിശിൽ രക്ഷയുണ്ട്.<br>
കുരിശിൽ ജീവനുണ്ട്-<br>
കുരിശിൽ നമ്മുടെ ശത്രുക്കൾക്കെതിരായ<br>
സംരക്ഷണമുണ്ട്.<br>
കുരിശിൽ സ്വർഗ്ഗീയ മധുരത്തിന്റെ ആനന്ദമുണ്ട്.<br>
കുരിശിൽ മനസ്സിന്റെ ശക്തിയുണ്ട്.<br>
കുരിശിൽ ആത്മാവിന്റെ ആനന്ദമുണ്ട്.<br>
കുരിശിൽ പുണ്യത്തിന്റെ ശ്രേഷ്ഠതയുണ്ട്.<br>
കുരിശിൽ വിശുദ്ധിയുടെ പൂർണതയുണ്ട്'.

(കുരിശിന്റെ വി. ജോൺ)

www.malankaralibrary.com



കവർ സ്റ്റോറി



# പ്രദക്ഷിണങ്ങൾ ക്രിസ്തീയ സ്വത്വത്തിന്റെ ഭാഗം



**റവ ഫാ. രഞ്ജി മണിപ്പറമ്പിൽ**

എന്തെന്നാൽ ഇവിടെ നമുക്ക് നിലനിൽക്കുന്ന നഗരമില്ല; വരാനിരിക്കുന്ന നഗരത്തെയാണല്ലോ നാം അന്വേഷിക്കുന്നത്. (ഹെബ്രായർ 13:14) ക്രിസ്തീയ ജീവിതം നിരന്തരമായി ദൈവത്തിങ്കലേക്ക് നടത്തുന്ന യാത്രയാണല്ലോ ദൈവത്തോടത്ത് ദൈവമക്കൾ നടത്തുന്ന സ്വർഗ്ഗീയ പ്രയാണമാണത്. സ്വർഗയാത്രയുടെ മുന്നാസ്വാദനമായി ക്രിസ്തീയ ആരാധനയിൽ ഉൾപ്പെടുത്തിയിട്ടുള്ള പ്രദക്ഷിണങ്ങൾ അനുതാപത്തോടെയും, ആത്മാർത്ഥതയോടെയും ഭക്തിയോടെയും അനുഷ്ഠിക്കപ്പെടണം. പ്രദക്ഷിണങ്ങൾ ആരാധനയാണ്. അതിന്റെ അർത്ഥവും, മൂല്യവും, ശ്രേഷ്ഠതയും മനസ്സിലാക്കി വിശ്വാസത്തോടെയും, ബോധ്യത്തോടെയും അനുഷ്ഠിക്കുമ്പോൾ അത് രക്ഷാകരമായ അനുഭവമായി മാറും. ഭക്താനുഷ്ഠാനങ്ങളുടെ വില മനസിലാക്കാതെ പങ്കെടുക്കുമ്പോൾ അർത്ഥശൂന്യമായി തീരാം.

മലങ്കര ആരാധനാക്രമത്തിൽ ഉൾപ്പെടുത്തിയിട്ടുള്ള പ്രദക്ഷിണങ്ങൾ ആരാധനയായി തന്നെ മനസിലാക്കണം. മൂന്നു തരം പ്രദക്ഷിണങ്ങളാണ് ഈ ആരാധനയിൽ ക്രമീകരിക്കപ്പെട്ടിട്ടുള്ളത്.

1. ദൈവാലയത്തിനകത്തുകൂടി നടത്തുന്നത്.
2. ദൈവാലയത്തിനു ചുറ്റും, പുറത്തുനടത്തുന്നത്.
3. ദൈവാലയത്തിൽ നിന്ന് മറ്റു സ്ഥലങ്ങളിലേക്ക് നടത്തുന്നത്.

ഈ പ്രദക്ഷിണങ്ങൾക്കെല്ലാം പൊതുവായ ഒരു ക്രമമുണ്ട്. രക്ഷയും അടയാളമായ കുരിശിന്റെ പിന്നാലെ കുരിശിനെ നോക്കി നമ്മൾ സ്വർഗത്തിലേക്ക് പോകുന്ന തീർത്ഥാടനത്തെ അനുസ്മരിപ്പിക്കുന്നതാണ് തിരുന്നാൾ പ്രദക്ഷിണങ്ങൾ കൊടിയും കുരിശും പ്രദക്ഷിണത്തിനു മുമ്പിൽ എടുക്കുന്നു. വിജയത്തിന്റെ ചിഹ്നമായ കുരിശും കൊടിയും പ്രദക്ഷിണത്തിന് മാറ്റു കൂട്ടുന്നു. ധൂപാർച്ചനയും കുരിശിന്റെ ഇരുവശങ്ങളിലും തിരികൾ ഉണ്ടാകും. പ്രദക്ഷിണത്തിന് മണിയടിക്കുന്നത് ആഘോഷത്തിനായിട്ടും പ്രദക്ഷിണം ഇറങ്ങിയെന്ന് അറിയിക്കാനുമാണ്.

സ്വർഗത്തിന്റെ പ്രതീകമായ വി. മദ്ബഹായിൽ നിന്നും ആരംഭിച്ച് വി. മദ്ബഹായിൽ തന്നെ അവസാനിക്കുന്ന ആരാധനയാണ് പ്രദക്ഷിണങ്ങൾ. യേശുക്രിസ്തുവിന്റെ രണ്ടാം വരവിനെ പ്രദീക്ഷിച്ചു ജീവിക്കുന്നവർ ക്രിസ്തു ഒരുക്കിയ

www.malankaralibrary.com





സ്വർഗീയ ഭവനത്തിൽ എത്തിച്ചേരുവാൻ പ്രത്യാശയോടെ ഇതിൽ പങ്കുചേരുന്നു. യേശുക്രിസ്തുവിന്റെ പ്രതിനിധിയായ പുരോഹിതൻ അംശവസ്ത്രധാരിയായി മാലാഖമാരുടെ അകമ്പടിയോടെ പള്ളിയിൽ നിന്നും ഇറങ്ങി ഒരു ദേശത്തിലൂടെ സഞ്ചരിച്ച് നാടിനെ ശുദ്ധീകരിച്ചു പോകുന്ന പ്രദക്ഷിണങ്ങൾ ആരാധനയായതിനാൽ അതിന്റെ മഹത്വത്തിൽ അനുഷ്ഠിക്കപ്പെടേണ്ടതായിട്ടുണ്ട്.

പ്രദക്ഷിണങ്ങൾ നമ്മളെ ക്രിസ്തുവിലേക്ക് രൂപാന്തരപ്പെടുത്തണം. നമ്മുടെ സ്വരൂപം ദൈവത്തിന്റേതുതന്നെയാണ്. എപ്പോഴും ഒരുക്കമുള്ളതായി ദൈവത്തെ സ്വന്തമാക്കി ദൈവസാദൃശ്യത്തിലേക്ക് നമ്മൾ പരിവർത്തനം ചെയ്യപ്പെടണമെന്നും, വിശ്വാസത്തിന്റെ നല്ല പോരാട്ടം നടത്തി നിത്യജീവനെ സ്വന്തമാക്കാനും നാം പരിശ്രമിക്കണം. നീതിയുടെ കിരീടം സ്വന്തമാക്കാനുള്ള വിശ്രമമില്ലാത്ത ഒരു പ്രയാണമായി നമ്മുടെ ജീവിതത്തെ രൂപാന്തരപ്പെടുത്തണം.


പെരുന്നാൾ പ്രദക്ഷിണങ്ങൾ പ്രഹസനങ്ങളായി മാറാതിരിക്കാൻ ശ്രദ്ധിക്കണം. ക്രൈസ്തവ ആദ്ധ്യാത്മികതയുടെ ശോഷണം സംഭവിക്കരുത്. പ്രദക്ഷിണങ്ങൾ ക്രൈസ്തവ വിശ്വാസത്തെ വളർത്തുന്ന സാക്ഷ്യയാത്രകളാകണം. അന്യദൈവവിശ്വാസവുമായി ബന്ധപ്പെട്ടവയും ഇടർച്ചക്ക് കാരണമാകുന്നവയും പ്രദക്ഷിണങ്ങളിൽ ഉണ്ടാകാൻ പാടില്ല.

മഹാനായ മോശ പ്രവാചകന്റെ നേതൃത്വത്തിൽ ഇസ്രായേൽ ജനം മിശ്രേം നാട്ടിൽ നിന്ന് പുറപ്പെടുമ്പോൾ ആ പുറപ്പാട് സംഭവം ക്രൈസ്തവർ ആദ്ധ്യാത്മികതയുടെ അടിസ്ഥാന പാഠങ്ങളിലൊന്നായി സഭാപിതാക്കന്മാർ പഠിപ്പിക്കുന്നു. മിശ്രേമിൽ അനുഭവിച്ച അടിമത്വം അവിടെ നിന്നുള്ള വിമോചനം, മരുഭൂമിയിലൂടെയുള്ള സഹനയാത്ര, എത്തിച്ചേരുന്നത് വാഗ്ദത്ത ദേശത്ത്. ഇത് തന്നെയാണ് പ്രദക്ഷിണത്തിന്റെയും, ക്രൈസ്തവ ജീവിതത്തിന്റെയും ആദ്ധ്യാത്മികത.

ലോകത്തെ സ്വന്തമാക്കതെ യേശുവിനെ സ്വന്തമാക്കി. യേശുവാകുന്ന വാതിലിലൂടെ പ്രവേശിച്ച് വാഗ്ദാനം ചെയ്യപ്പെട്ട സ്വർഗീയ കാനാനെ പ്രതീക്ഷിച്ചു നടത്തുന്ന യാത്രയാകട്ടെ നമ്മുടെ രക്ഷാകര യാത്ര. ഈ യാത്ര ഒരുക്കത്തോടെ പൂർത്തിയാക്കാം. ക്രിസ്തീയ വിശ്വസം കാത്ത് നീതിയുടെ കിരീടം സ്വന്തമാക്കാം.



സഭാവിജ്ഞാനീയം



## സാർവ്വത്രികസഭയിലെ വേദപാരംഗതർ

# വി. ജോൺ ക്രിസോസ്റ്റം



റവ. ഡോ. മാത്യു ചാർത്താക്കുഴിയിൽ

**ആമുഖം**


ലോകചരിത്രത്തിലെ പ്രമുഖ വാഗ്മികളുടെ ഗണത്തിൽ ഉൾപ്പെട്ടിരിക്കുന്ന വി. ജോൺ ക്രിസോസ്റ്റത്തിന് ക്രിസ്തീയ വിശ്വാസികൾക്കിടയിലുള്ള സ്വാധീനം കല്പാന്തകാലത്തോളം നിലനിൽക്കുന്നതാണ്. ദൈവ വചനം പവിത്രമായി പകർന്നു നൽകി മനുഷ്യഹൃദയങ്ങളെ മാനസാന്തര പാതയിൽ നയിച്ച ക്രിസോസ്റ്റ മിന്റെ പേരിന്റെ അർത്ഥം പോലെ തന്നെ നേടിയെടുത്ത അഭിധാനം കൂടിയായിരുന്നു സ്വർണ്ണനാവുകാരൻ (Golden Mouth) എന്നത്. ദേവാലയ പടിവാതിലിൽ കിടക്കുന്ന യാചകനിൽ ക്രിസ്തുവിനെ ദർശിക്കാൻ സാധിക്കാത്ത നിങ്ങൾക്ക് അൾത്താരയിലെ കാസയിലും അവിടുന്ന് അദൃശ്യനായിരിക്കും എന്ന് തന്റെ ജനത്തെ ഉപദേശിക്കുമ്പോൾ ക്രിസ്തീയജീവിതത്തിന്റെ അന്തസത്ത ദൈവവചനം അനു ദിന ജീവിതത്തിൽ പ്രാവർത്തികമാക്കുന്നതിലാണ് അടങ്ങിയിരിക്കുന്നതെന്ന് അവരെ ഉദ്ബോധിപ്പിക്കു കയായിരുന്നു. ദൈവത്തെ മാത്രം ഭയന്ന, സ്ഥാനമാനങ്ങളോട് എന്നും അകന്നുനിൽക്കാൻ ആഗ്രഹിച്ച, കാലാതീത പ്രവാചകനായിരുന്നു വേദപാരംഗതനും വിശുദ്ധനുമായ ജോൺ ക്രിസോസ്റ്റം. ചക്രവർത്തിമാരുടെ ഉൾപ്പെടെയുള്ള അധികാര ദുർവിനിയോഗത്തിനെതിരെ ഭയലേശമെന്യേ പ്രസംഗിക്കുകയും, സന്യാസ ജീവിതത്തിന്റെ ശോഭ ജീവിതാന്ത്യം വരെ നിലനിർത്തുകയും, ക്രിസ്തുവിനു വേണ്ടി സഹിക്കു ന്നതിൽ അഭിമാനിക്കുകയും ചെയ്ത, ഈ വിശുദ്ധന്റെ ജീവിതകഥ എല്ലാക്കാലത്തിലുമുള്ള ക്രിസ്തീയ വിശ്വാസികളെ പ്രചോദിപ്പിക്കുന്നതാണ്. കോൺസ്റ്റാന്റിനോപ്പിളിലെ പാത്രിയർക്കീസായിരുന്നപ്പോൾ മൂന്നു പ്രാവശ്യം നാടുകടത്തപ്പെട്ട, പ്രവാസത്തിൽ മരിച്ച ഈ വിശുദ്ധൻ, മരണം വരെ വിശ്വസ്തനും വിവേകിയും തന്റെ വിശ്വാസ ചൈതന്യം അൽപം പോലും ചോരാതെ ജീവിച്ചവനുമായിരുന്നു. മഹാനായ വി. ബസേലിയോസ്, നീസായിലെ വി. ഗ്രീഗോറിയോസ്, അലക്സാണ്ട്രിയായിലെ അത്തനേഷ്യസ് എന്നി വരോടൊത്ത് പൗരസ്ത്യ സഭയിലെ വലിയ വേദപാരംഗതനായി കരുതപ്പെടുന്ന വി. ജോൺ ക്രിസോസ്റ്റ ത്തിന്റെ ജീവിതവും കൃതികളും അടുത്തറിയുന്നത് നമ്മുടെ ക്രിസ്തീയ ജീവിതത്തെയും കൂടുതൽ പ്രകാശപൂരിതവും അർത്ഥപൂർണ്ണവുമാക്കുക തന്നെ ചെയ്യും.

**ജനനം, ബാല്യം**

മഹാനായ അലക്സാണ്ടർ ചക്രവർത്തിയുടെ സേനാധിപതിമാരിൽ ഒരാളായ സെലെവ്ക്കോസ് നിക്കത്തോർ ക്രിസ്തുവിന് മുന്നൂറ് വർഷം മുൻപ് സ്ഥാപിച്ച റോമൻ സാമ്രാജ്യത്തിലെ മനോഹര നഗരങ്ങളി ലൊന്നായ

www.malankaralibrary.com






സിറിയൻ പ്രോവിൻസിലെ അന്ത്യോഖ്യയിൽ (ഇന്ന് തുർക്കിയിലെ അന്റാക്കിയ) എ.ഡി. 347–ലാണ് ജോൺ ക്രിസോസ്റ്റം ജനിച്ചത്. അഞ്ചാം നൂറ്റാണ്ടിൽ ജീവിച്ചിരുന്ന ബൈസന്റീൻ സഭാചരിത്രകാരനായ കോൺസ്റ്റാന്റിനോപ്പിളിലെ സൊക്രാട്ടസ് (380–450) ജോണിന്റെ പിതാവിന്റെ പേര് സെക്കുന്തോസ് എന്നും മാതാവിന്റെ നാമം അന്തൂസ എന്നും ആണെന്ന് രേഖപ്പെടുത്തിയിട്ടുണ്ട്. അദ്ദേഹത്തിന്റെ പിതാവ് റോമൻ പട്ടാളത്തിലെ ഉയർന്ന ഉദ്യോഗസ്ഥനായിരുന്നു. ക്രിസ്തീയ വിശ്വാസത്തെ ആലിംഗനം ചെയ്യുന്നതിനു മുൻപേ അദ്ദേഹം കാലയവനികക്കുള്ളിൽ മറഞ്ഞു. പത്തു വയസുള്ളപ്പോൾ ജോണിന് പാമ്പുകടിയേറ്റെന്നും അതിന്റെ ഫലമായി കുറേനാൾ ചികിത്സയിൽ കഴിയേണ്ടി വരികയും ചെയ്തിട്ടുണ്ട് എന്നും ചില ചരിത്രരേഖകൾ സാക്ഷിക്കുന്നു.

ജോണിന്റെ അമ്മ അന്തൂസ വളരെ ഭക്തയും നിഷ്ഠയുമുള്ള കുലീനസ്ത്രീ ആയിരുന്നു. ഭർത്താവിന്റെ ചെറുപ്പത്തിലേയുള്ള മരണം അവരെ തളർത്തിയെങ്കിലും ശിഷ്ടകാലം മുഴുവൻ തന്റെ രണ്ടു മക്കളുടെ ഉന്നമനത്തിനായി ജീവിതം സമർപ്പിച്ചു. അവർ തന്റെ ക്രിസ്തീയവിശ്വാസത്തിന്റെ ചൈതന്യം മകനിലേക്ക് പകർന്നതിനാലാണ് കാലാന്തരത്തിൽ ഇത്ര വലിയൊരു ക്രിസ്തീയ ചിന്തകനെ ലോകത്തിന് ലഭി ച്ചത്. ജോണിന്റെ ഗുരുവും പുകൾപെറ്റ പേഗൻ ചിന്തകനുമായിരുന്ന ലിബാനൂസ് അക്കാലത്തെ ക്രിസ്തീയ അമ്മമാരെക്കുറിച്ച് ഇപ്രകാരം എഴുതിയിരിക്കുന്നു: ക്രിസ്തീയവിശ്വാസികളുടെ ഇടയിൽ ഉത്കൃഷ്ടരായ സ്ത്രീകളാണുള്ളത്. വി. ക്രിസോസ്റ്റത്തെ കൂടാതെ ഇക്കാലയളവിൽ സഭയ്ക്ക് ലഭിച്ച പ്രഗത്ഭ പണ്ഡിതരും വേദപാരംഗതരുമായിരുന്ന വി. അഗസ്തീനോസ്, വി. അംബ്രോസ്, വി. ജെറോം എന്നിവരെല്ലാം അമ്മമാരുടെ പുണ്യത്തിന്റെ സത്ഫലങ്ങളായിരുന്നു.

നാലാം നൂറ്റാണ്ടിലെ പെരുമയുള്ള അധ്യാപകനും എഴുത്തുകാരനും ഹേത്വാഭാസ (sophist) ചിന്തകനുമായിരുന്നു അന്ത്യോഖ്യയിലെ ലിബാനൂസ്. അന്തൂസയുടെ സ്വാധീനത്താൽ ഈ ഗുരുവിന്റെ കീഴിൽ പ്രഭാഷണകലയും നിയമവും പഠിക്കുന്നതിന് ജോണിന് സാധിച്ചു. ഗ്രീക്ക് ഭാഷയിലും സാഹിത്യത്തിലും ജോൺ പ്രാവീണ്യം സമ്പാദിച്ചതിനു ശേഷം ശോഭനഭാവി വാഗ്ദാനം ചെയ്യുന്ന ഉദ്യോഗത്തിനായി ഒരുങ്ങി. എന്നാൽ ഗുരുവിന്റെ തത്വശാസ്ത്രചിന്തയേക്കാൾ അമ്മയുടെ ഭക്തിയും വിശുദ്ധ ജീവിതവും ജോണിൽ സ്വാധീനം ചെലുത്തുകയും അങ്ങനെ അദ്ദേഹം ക്രിസ്തീയവിശ്വാസത്തെ ആശ്ലേഷിക്കുകയും ചെയ്തു. ക്രിസ്ത്യാനികൾ ജോണിനെ കൈവശപ്പെടുത്തിയില്ലായിരുന്നെങ്കിൽ ജോൺ തന്റെ പിൻഗാമി ആകേണ്ട ആളായിരുന്നു എന്ന് തന്റെ മരണക്കിടയിൽ ലീബാനൂസ് പറഞ്ഞതായി രേഖപ്പെടുത്തിയിട്ടുണ്ട്.

**പ്രാർത്ഥനയും ഏകാന്തജീവിതവും**

ക്രിസ്തീയവിശ്വാസത്തിന്റെ അന്തഃസത്ത കൂടുതൽ അറിയാനും ഉൾക്കൊള്ളാനും ജോൺ അതിയായി അഭിലഷിച്ചു. ഗ്രീക്ക് ലത്തീൻ ഭാഷകളും പ്രഭാഷണകലയും പഠിച്ചതുവഴി തനിക്ക് ലഭിക്കാമായിരുന്ന അഭിഭാഷകവൃത്തിയും തുടർന്നുള്ള സമൂഹത്തിലെ ഉന്നതസ്ഥാനമാനങ്ങളും ഉപേക്ഷിക്കാൻ അദ്ദേഹം തീരുമാനിച്ചു. താപസജീവിതത്തിലൂടെ ദൈവവുമായി കൂടുതൽ അടുക്കുക എന്ന ലക്ഷ്യത്തോടെ രണ്ടു സുഹൃത്തുക്കളെയും കൂട്ടി സന്യാസ ജീവിതചര്യ അഭ്യസിപ്പിക്കുന്ന പാഠശാലയിൽ ചേർന്നു. ഇത് സന്യാ സജീവിതം നയിച്ചിരുന്നവരുടെ ഒരു സമൂഹം ആയിരുന്നില്ല പ്രത്യുത അതിൽ പരിശീലനം നൽകി അവ ർക്ക് സ്വന്തമായി ജീവിക്കാൻ അനുവദിക്കുന്ന രീതി ആയിരുന്നു. ഇത്തരത്തിലുള്ള നിരവധി പരിശീലന കേന്ദ്രങ്ങൾ അക്കാലത്ത് അന്ത്യോഖ്യയിൽ ഉണ്ടായിരുന്നു. മാതാവിന്റെ ആഗ്രഹപ്രകാരം അവരോടൊത്ത് താമസിച്ചുകൊണ്ടാണ് സന്യാസത്തിന്റെ ആദ്യപാഠങ്ങൾ ജോൺ അഭ്യസിച്ചത്. എന്നിരുന്നാലും സന്യാ സവസ്ത്രം ധരിക്കുകയും ദേവാലയത്തിലെ ആരാധനയിൽ സ്ഥിരമായി സംബന്ധിക്കുകയും ചെയ്തു. ക്രിസ്തുവിനു വേണ്ടി പൂർണ്ണമായി ജീവിതം സമർപ്പിച്ച ഈ ചെറുപ്പക്കാർ സ്വന്തം വീട്ടിലാണ് താമസിച്ചിരുന്നതെങ്കിലും സന്യാസ സമൂഹത്തിലെ സഹോദരങ്ങൾ എന്ന രീതിയിലാണ് പരസ്പരം പെരുമാറി യിരുന്നത്.

ജോൺ ക്രിസോസ്റ്റത്തിന്റെ ആദ്യകൃതിയായ രാജാവും സന്യാസിയും തമ്മിലുള്ള താരതമ്യം ഇക്കാല ത്താണ് എഴുതിയത്. ജീവിതത്തിന്റെ ആഴവും അർത്ഥവുംരാജാവിനേക്കാൾ സന്യാസി മനസിലാക്കി തന്റെ ജീവിതത്തെ ക്രമപ്പെടുത്തുന്നു എന്ന് ഇതിൽ അദ്ദേഹം സമർത്ഥിക്കുന്നു. ജോൺ എഴുതുന്നു: സന്യാസിക്ക് പ്രാർത്ഥന വേട്ടക്കാരന് ഖഡ്ഗം പോലെയാണ്. വാൾ ചെന്നായ്ക്കളെ പേടിപ്പെടുത്തുന്ന തിനേക്കാൾ നീതിമാന്റെ പ്രാർത്ഥന പിശാചുക്കളെ ഭയപ്പെടുത്തും. നാം ആവശ്യനേരത്ത് സന്യാസി യുടെ അടുക്കൽ അണയുന്നതുപോലെ, രാജാവും ഭയപ്പെടുമ്പോൾ, പട്ടിണിയുടെ കാലത്ത് ധനികന്റെ അരികിലെത്തുന്ന യാചകനെപ്പോലെ, സന്യാസിയെ സമീപിക്കുന്നു.

www.malankaralibrary.com



ജോൺ ക്രിസോസ്റ്റത്തിന്റെ രണ്ടു സഹകാരികൾ സന്യാസ സമാനജീവിതം അവലംബിച്ചുകൊണ്ട് അദ്ദേ ഹത്തെ അനുഗമിച്ചെങ്കിലും അവർക്ക് വേണ്ടത്ര തീക്ഷ്ണത യില്ലെന്ന് ജോൺ കുറ്റപ്പെടുത്തുമായിരുന്നു. അതിലൊരാൾ, മൊപ്സുവെസ്തിയായിലെ തെയഡോർ, സന്യാസം ഉപേക്ഷിച്ചു വിവാഹം കഴിക്കാൻ തീരുമാനിച്ചപ്പോൾ ജോൺ അദ്ദേഹത്തിനെഴുതിയ ലേഖനമാണ് തെയഡോറിനുള്ള അനുശാസനം എന്ന പ്രസിദ്ധകൃതി. അതിൽ ജോൺ ഇപ്രകാരം എഴുതി: തെറ്റ് ചെയ്യുക മാനുഷികമാണ്, എന്നാൽ അതിൽ തുടരുന്നത് പൈശാചികവും. വീഴുന്നതല്ല, തറയിൽ തന്നെ കിടക്കുന്നതാണ് ആത്മാവിനു ക്ഷതമേൽപ്പിക്കുന്നത്. ദീർഘവും പ്രചോദനാത്മകവുമായ ഈ എഴുത്ത് വായിച്ച തെയഡോർ തന്റെ തീരുമാനത്തിൽ നിന്ന് പിന്തിരിയുകയും പിന്നീട് മൊപ്സുവെസ്തിയായിലെ ബിഷപ്പും സഭയിലെ പേരെടുത്ത ദൈവശാസ്ത്രജ്ഞനും ആയിത്തീരുകയും ചെയ്തു.

തന്റെ പ്രിയപ്പെട്ട അമ്മയുടെ മരണശേഷം ജോൺ പട്ടണത്തിലെ തന്റെ സൗഹൃദങ്ങളൊക്കെ ഉപേക്ഷിച്ച് അന്ത്യോഖ്യൻ മലയിലെ ഏകാന്തതയിലേക്ക് പോകുന്നു. അവിടെ ആറു വർഷത്തോളം പ്രാർത്ഥനയിലും, ധ്യാനത്തിലും, പഠനത്തിലും സമയം ചിലവഴിക്കുന്നു. ലോകത്തിന്റെ ആകർഷണങ്ങളിൽ നിന്നും പ്രലോഭനങ്ങളിൽ നിന്നും അകന്നുകഴിയുന്നത് അദ്ദേഹത്തിന് പ്രിയപ്പെട്ടതായിരുന്നു. ഇത് അദ്ദേഹത്തിന് വലിയ ശക്തി സമ്മാനിക്കുകയും പിന്നീട് ഒന്നിനെയും ഭയക്കാതെ പ്രലോഭകരുടെ ഇടയിൽ ജീവിക്കുന്നതിന് അദ്ദേഹത്തെ ഒരുക്കുകയും ചെയ്തു. ജോണിന്റെ സന്യാസചിന്തകൾ അനേകം യുവാക്കളെ സ്വാധീനിക്കാൻ തുടങ്ങിയപ്പോൾ വാലെൻസ് ചക്രവർത്തിയും ചെറുപ്പക്കാരുടെ മാതാപിതാക്കളും ജോൺ അവരെ ഉദാസീനത അനുധാവനം ചെയ്യാൻ പ്രേരിപ്പിക്കുന്നു എന്ന ആരോപണം ഉന്നയിക്കുന്ന അവസ്ഥ വരെ ഉണ്ടായിട്ടുണ്ട്.

തന്റെ ഏകാന്തജീവിതകാലത്ത് ജോൺ നിന്നുകൊണ്ട് ദിവസങ്ങളോളം പ്രാർത്ഥിക്കുകയും കടുത്ത തപശ്ചര്യക അനുഷ്ഠിക്കുകയും ചെയ്തു. ഇക്കാലയളവിലാണ് അദ്ദേഹം പുതിയ നിയമം മുഴുവനായും മനഃപ്പാഠമാക്കിയത്. എന്നാൽ കഠിനമായ തപശ്ചര്യയുടെ ഫലമായി അദ്ദേഹത്തിന്റെ വൃക്കകൾക്ക് തകരാറു സംഭവിക്കുകയും പിന്നീട് ജീവിതകാലം മുഴുവൻ അതിന്റെ പ്രയാസങ്ങൾ അനുഭവിക്കുകയും ചെയ്തിട്ടുണ്ട്. തുടർച്ചയായ രോഗങ്ങൾകാരണം തന്റെ ഏകാന്ത താപസജീവിതം പാതിവഴിയിൽ ഉപേക്ഷിച്ചു അന്ത്യോഖ്യയിലേക്ക് ജോൺ തിരികെവന്നു.

**പൗരോഹിത്യവും സുവിശേഷ പ്രഘോഷണവും**

ജോൺ അന്ത്യോഖ്യയിൽ തിരികെയെത്തിയ ഉടൻ തന്നെ അവിടുത്തെ ബിഷപ്പ് മിലിത്തിയൂസ് ഇദ്ദേഹത്തെ ഒരു ശെമ്മാശനായി അഭിഷേകം ചെയ്തു. പിന്നീട് അദ്ദേഹത്തിന്റെ പിൻഗാമി ബിഷപ്പ് ഫ്ലാവിയൻ ജോണിന് പൗരോഹിത്യപട്ടവും നൽകി. അടുത്ത പതിനൊന്ന് വർഷക്കാലം (386–397) ജോണിനെ സംബന്ധിച്ച് വലിയ തിരക്കുള്ളതായിരുന്നു. ഇക്കാലയളവിൽ നിരന്തരമായി ദൈവവചനം പ്രഘോഷിച്ച് തന്റെ ജനത്തെ ദൈവവഴിയിലൂടെ നടക്കുന്നതിന് അദ്ദേഹം പ്രേരിപ്പിച്ചു. അന്ത്യോഖ്യയിലെ കത്തീഡ്രൽ ആയിരുന്ന സ്വർണ്ണദേവാലയത്തിൽ ജോണിന്റെ പ്രസംഗങ്ങൾ കേൾക്കാനായി അനേകം ആളുകൾ എത്തിച്ചേർന്നു.

ബൈബിളിലെ വിവിധ ഗ്രന്ഥങ്ങളെ അടിസ്ഥാനമാക്കി അദ്ദേഹം നടത്തിയ നിരവധി പ്രസംഗങ്ങൾ പിന്നീട് വന്ന തലമുറയ്ക്ക് വലിയ അനുഗ്രഹമായി ഭവിക്കുന്നു. വചനം വായിച്ചാൽ മാത്രം പോരാ അത് തങ്ങളുടെ പ്രായോഗിക ജീവിതത്തിലൂടെ നടപ്പിലാക്കി കാണിക്കണമെന്ന് അദ്ദേഹം അവരെ ഉപദേശിച്ചു. ആളുകളെ കാരുണ്യപ്രവൃത്തികൾ ചെയ്യാൻ പ്രേരിപ്പിച്ചുകൊണ്ട് പാവങ്ങളെ ഉദ്ധരിക്കുക എന്നത് അദ്ദേഹത്തിന്റെ പ്രസംഗങ്ങളുടെ ലക്ഷ്യമായിരുന്നു. ധനത്തിന്റെ ദുരുപയോഗത്തിനെതിരെയും സ്വകാര്യസമ്പത്ത് കൈകാര്യം ചെയ്യുന്നതിനെക്കുറിച്ചും ജോണിന് വ്യക്തമായ ചിന്തകൾ ഉണ്ടായിരുന്നു. അദ്ദേഹത്തിന്റെ പ്രസംഗം കേൾക്കാൻ വരുന്നവരുടെ ബാഹുല്യം കൊണ്ട് നഗരം തന്നെ ചില നേരങ്ങളിൽ ഒരു ദേവാലയമായി പരിണമിച്ചു എന്ന് രേഖപ്പെടുത്തപ്പെട്ടിട്ടുണ്ട്. ജോൺ ക്രിസോസ്റ്റത്തിന്റെ പ്രസംഗത്തിന്റെ പ്രത്യേകത മനസ്സിലാക്കുന്നതിനായി മത്തായിയുടെ സുവിശേഷത്തിലെ വേദഭാഗത്തെ അടിസ്ഥാനമാക്കി നടത്തിയ വിചിന്തനത്തിന്റെ ഒരു ഭാഗം ചുവടെ കൊടുക്കുന്നു:

ക്രിസ്തുവിന്റെ ശരീരത്തെ ആദരിക്കുന്നതിന് നിങ്ങൾക്ക് താൽപര്യമുണ്ടോ? എന്നാൽ അവൻ നഗ്നനായിരിക്കുമ്പോൾ അവനെ അവഗണിക്കരുത്. ദേവാലയത്തിനു പുറത്ത് വിറങ്ങലിക്കുന്ന തണുപ്പിൽ അവൻ ആയിരിക്കുമ്പോൾ അവനെ മറന്നുകൊണ്ട് ദേവാലയത്തിനുള്ളിലെ പട്ടുതുണിയിൽ പൊതിഞ്ഞി രിക്കുമ്പോൾ അവനെ ആദരിക്കുന്നതിൽ അർത്ഥമില്ല. ഇതെന്റെ ശരീരം ആകുന്നു എന്ന് പറഞ്ഞവൻ തന്നെയാണ് ഞാൻ വിശന്നിരുന്നപ്പോൾ നിങ്ങൾ ഭക്ഷണം തന്നില്ല എന്നും എന്റെ ഈ എളിയ സഹോദരരിൽ ഒരുവന് നിങ്ങൾ ഇത് ചെയ്തപ്പോൾ എനിക്കു തന്നെയാണ് നിങ്ങൾ ഇത് ചെയ്തത് എന്നും പറഞ്ഞിരിക്കുന്നതും. നിങ്ങളുടെ അൾത്താരകൾ സ്വർണ്ണക്കാസകൾ കൊണ്ട് മൂടിയിരിക്കുകയാണെങ്കിലും നിങ്ങളുടെ സഹോദരൻ പട്ടിണിയിൽ മരിക്കുമ്പോൾ അതിന് എന്ത് അർത്ഥമാണുള്ളത്. നിന്റെ സഹോദരന്റെ വിശപ്പടക്കാൻ പരിശ്രമിച്ചതിനു ശേഷം ബാക്കി വരുന്നതുകൊണ്ടു മാത്രം നിന്റെ അൾത്താര അലങ്കരിക്കുക (*John Chrysostom, In Evangelium S. Matthaei, homily 50:3-4, pp. 508-509*).

എ.ഡി. 387–ലെ നോമ്പുകാലത്ത് അദ്ദേഹം ഇരുപതിലധികം പ്രസംഗങ്ങൾ നടത്തി. തത്ഫലമായി നഗ രത്തിലെ പുറജാതികൾ എല്ലാവരും തന്നെ മാനസാന്തരപ്പെട്ട് ക്രിസ്തീയവിശ്വാസം സ്വീകരിച്ചു എന്ന് പറയപ്പെടുന്നു.

**കോൺസ്റ്റാന്റിനോപ്പിളിലെ പാത്രിയർക്കീസ്**

വളരെവേഗം തന്നെ അന്ത്യോഖ്യയിലെ ഈ സുവിശേഷ പ്രഘോഷകന്റെ പ്രശസ്തി തലസ്ഥാനമായ കോൺസ്റ്റാന്റിനോപ്പിളിലും എത്തിച്ചേർന്നു. ഒരുനാൾ ചക്രവർത്തിയുടെ കൽപനപ്രകാരം പട്ടാളക്കാർ അന്ത്യോഖ്യയിലെത്തി. കാരണം പറയാതെ രഹസ്യമായി വിദൂരത്തുള്ള കോൺസ്റ്റാന്റിനോപ്പിളിലേക്ക് ജോണിനെ കൂട്ടിക്കൊണ്ടു പോയി. അദ്ദേഹം

www.malankaralibrary.com



തന്റെ ആർച്ചുബിഷപ്പ് സ്ഥാനം നിരസിക്കാൻ സാധ്യതയുള്ളതിനാലും അന്ത്യോഖ്യയിലെ ജനങ്ങൾ ജോണിനെ അവിടെ നിന്നും കൊണ്ടുപോകുന്നതിനെ എതിർക്കാൻ ഇടയുള്ളതിനാലുമാണ് ഇപ്രകാരം ചെയ്തതെന്ന് പറയപ്പെടുന്നു. അങ്ങനെ എ.ഡി. 397-ൽ ജോൺ ക്രിസോസ്റ്റത്തെ അദ്ദേഹത്തിന്റെ എതിർപ്പ് വകവയ്ക്കാതെ കോൺസ്റ്റാന്റിനോപ്പിളിലെ ആർച്ചുബിഷപ്പായി നിയമിച്ചു.

പൗരസ്ത്യ റോമൻ സാമ്രാജ്യത്തിലെ ഏറ്റം ഉന്നതമായ ആത്മീയപടവിലേക്കുള്ള അവരോഹണം ജോണിന്റെ ജീവിതരീതിയെയോ, പ്രസംഗശൈലിയെയോ ബാധിച്ചില്ല. കോൺസ്റ്റാന്റിനോപ്പിളിലെ ജീവിതം വളരെ സംഭവബഹുലവും പ്രശ്നകലുഷിതവുമായിരുന്നു. അന്ത്യോഖ്യയിലേതുപോലെത്തന്നെ ഇവിടെയും അദ്ദേഹത്തിന്റെ വചനപ്രഘോഷണം കേൾക്കാൻ അനേകം വിശ്വാസികൾ ദേവാലയത്തിൽ എത്താൻ തുടങ്ങി. സാധാരണക്കാരുടെ ഇടയിൽ ഇത് വലിയ മാറ്റങ്ങൾക്കു കാരണമായി. കൊടുത്തതിൽ കൂടുതൽ സ്നേഹം വിശ്വാസികൾ അദ്ദേഹത്തിന് തിരികെ നൽകി. ആർച്ചുബിഷപ്പുമാർ സാധാരണനടത്തിക്കൊണ്ടിരുന്ന ചിലവേറിയ പാർട്ടികൾ അദ്ദേഹം നിർത്തലാക്കി. തങ്ങളുടെ സ്വന്തം ഇടവകകളിലെ ഉത്തരവാദിത്വങ്ങൾ വിസ്മരിച്ചുകൊണ്ട് എല്ലായിടത്തും പ്രസംഗത്തിനായി നടന്നിരുന്ന സന്യാസികളോട് അവരുടെ താമസസ്ഥലങ്ങളിലേക്ക് മടങ്ങിപ്പോകാൻ ആർച്ചുബിഷപ്പ് ആവശ്യപ്പെട്ടു. കൂടാതെ പാവങ്ങളെ ശുശ്രൂഷിക്കുക എന്ന ഉദ്ദേശത്തോടെ കോൺസ്റ്റാന്റിനോപ്പിളിൽ ധാരാളം ആശുപത്രികൾക്കും കാരുണ്യസ്ഥാപനങ്ങൾക്കും തുടക്കം കുറിച്ചു. ഈ പ്രവർത്തനങ്ങളൊക്കെ സാധാരണ വിശ്വാസികളുടെ പ്രശംസയ്ക്ക് കാരണമായെങ്കിലും അനേകം വൈദികരുടെയും നഗരത്തിലെ സമ്പന്നരുടെയും അപ്രീതിക്ക് വഴിതെളിച്ചു.

**ഓക്ക് സിനഡും നാടുകടത്തലും**

അലക്സാൻഡ്രിയായിലെ പാത്രിയർക്കീസായിരുന്ന തെയോഫിലോസ് കോൺസ്റ്റാന്റിനോപ്പിളിനെയും തന്റെ ആത്മീയ അധീനതയിൽ ആക്കുന്നതിന് ആഗ്രഹിച്ചിരുന്നു. ഇക്കാരണത്താൽ ജോൺ ക്രിസോസ്റ്റത്തിന്റെ നിയമനത്തെ അദ്ദേഹം ഇഷ്ടപ്പെട്ടിരുന്നില്ല. ഒരിജിന്റെ പ്രബോധനങ്ങളെക്കുറിച്ച് വലിയ ചർച്ചകൾ നടക്കുന്ന കാലഘട്ടമായിരുന്നു ഇത്. ഈജിപ്തിൽ നിന്നുള്ള നാല് സന്യാസിമാർ ഒരിജിനെ അനുകൂലിച്ചു സംസാരിച്ചപ്പോൾ തെയോഫിലോസ് അവരെ സഭയിൽ നിന്നും പുറത്താക്കി. അവർ കോൺ സ്റ്റാന്റിനോപ്പിളിലേക്ക് പോവുകയും ജോൺ ക്രിസോസ്റ്റം അവരെ സ്വീകരിക്കുകയും ചെയ്തു. സന്യാസിമാരോട് കാണിച്ച ആഥിത്യമര്യാദ തെയോഫിലോസ് അവസരമായി ഉപയോഗിച്ചുകൊണ്ട് ജോൺ ക്രിസോസ്റ്റം ഒരിജിന്റെ ഈ പഠനങ്ങളെ അനുകൂലിക്കുന്നു എന്ന് ആരോപിച്ചു.

ധനത്തിന്റെ ദുരുപയോഗത്തെക്കുറിച്ചുള്ള ജോണിന്റെ വിമർശനങ്ങൾ സമ്പന്ന നഗരമായിരുന്ന കോൺ സ്റ്റാന്റിനോപ്പിളിൽ ഇതിനകം അദ്ദേഹത്തിന് ധാരാളം ശത്രുക്കളെ സമ്മാനിച്ചിരുന്നു. ഇവരിൽ പ്രധാനി ചക്രവർത്തി അർക്കാദിയൂസിന്റെ ഭാര്യ എവുദോക്സിയ രാജ്ഞി ആയിരുന്നു. പാവപ്പെട്ടവർ പട്ടിണിയിൽ മരിക്കുമ്പോൾ സ്ത്രീകൾ വിലകൂടിയ വസ്ത്രം ധരിച്ചു നടക്കുന്ന രീതിയെ പാത്രിയർക്കീസ് വിമർശിച്ചത് രാജ്ഞിക്കെതിരെയുള്ള പ്രസംഗമായി വ്യാഖ്യാനിക്കപ്പെട്ടു. എവുദോക്സിയയും, തെയോഫിലോസും ഉൾപ്പെടുന്ന അദ്ദേഹത്തിന്റെ ശത്രുക്കൾ എ.ഡി. 403-ൽ ജോണിനെ ആർച്ചുബിഷപ്പ് സ്ഥാനത്തു നിന്ന് പുറത്താക്കുക എന്ന ഉദ്ദേശത്തോടു കൂടി ഒരു സിനഡ് വിളിച്ചുകൂട്ടി. ഓക്ക് സിനഡ് എന്നറിയപ്പെടുന്ന ഈ സമ്മേളനത്തിൽ വച്ച് ഒരിജിൻ ബന്ധം അദ്ദേഹത്തി



www.malankaralibrary.com



നെതിരെ വീണ്ടും ആരോപിച്ചു. ഇതുകൂടാതെ എവുദോക്സിയയും തെയോഫിലോസും ചില വൈദികരും ചേർന്ന് അധാർമ്മികതയും പാഷണ്ഡതയും ആരോപിച്ച് പാത്രിയർക്കീസിനെ തരംതാഴ്ത്താനും നാടുകടത്താനും തീരുമാനിച്ചു.

സിനഡിന്റെ സാധുതയെയും തീരുമാനങ്ങളെയും ജോൺ ക്രിസോസ്റ്റം നിരാകരിച്ചെങ്കിലും രക്തച്ചൊരിച്ചിലും കലാപവും ഒഴിവാക്കാനായി ബോസ്ഫറസിലുള്ള ബിഥീനിയയിലേക്ക് പോകാൻ തയ്യാറായി. തങ്ങളുടെ പ്രിയപ്പെട്ട പാത്രിയർക്കീസിനെ നാടുകടത്തുന്നു എന്ന് ജനങ്ങൾ അറിഞ്ഞപ്പോൾ കാര്യങ്ങൾ കൈവിട്ടുപോകുന്ന അവസ്ഥയിലായി. ഇതേതുടർന്ന് ചക്രവർത്തി അർക്കാദിയൂസ് ജോണിനെ തിരികെയെത്തിക്കാനുള്ള ഏർപ്പാടുകൾ ചെയ്യുന്നു. ഇതുകൂടാതെ ജോണിന്റെ ശിക്ഷ നടപ്പാക്കിയ രാത്രിയിൽ അവിടെ ഒരു ഭൂകമ്പം ഉണ്ടാവുകയും ഇത് ദൈവകോപമായി കരുതി രാജ്ഞി തന്നെ തന്റെ തീരുമാനത്തിൽ നിന്ന് പിന്നോക്കം പോവുകയും ചെയ്തു. ജനരോഷം ഭയന്ന് തെയോഫിലോസും സംഘവും അലക്സാൻഡ്രിയായിലേക്ക് ഓടിപ്പോകേണ്ടതായും വന്നു. ജനങ്ങൾ വാദ്യമേളങ്ങളോടെയും സംഗീതം ആലപിച്ചും തങ്ങളുടെ പ്രിയപ്പെട്ട പാത്രിയർക്കീസിനെ പ്രധാന ദേവാലയത്തിലേക്ക് വീണ്ടും കൊണ്ടു വന്നു.

**ഒരു പ്രതിമയും പ്രസംഗവും**

ജോൺ ക്രിസോസ്റ്റം പൂർവ്വാധികം ആത്മീയശക്തിയോടെ തന്റെ അജപാലന ദൗത്യങ്ങളിൽ ഏർപ്പെട്ടു. എന്നാൽ അവിടുത്തെ സമാധാനാന്തരീക്ഷം അധികനാൾ നീണ്ടുനിന്നില്ല. തന്റെ ചുറ്റും കാണുന്ന അഴി മതിയോടും, ധൂർത്തിനോടും, ദൈവനിഷേധത്തോടും അദ്ദേഹത്തിന് കണ്ണടയ്ക്കാൻ സാധിക്കുമായിരുന്നില്ല. ജോണിന്റെ ശത്രുക്കൾ രാജ്ഞിയുടെ അടുത്ത് അദ്ദേഹത്തിന്റെ പ്രസംഗങ്ങളെല്ലാം രാജ്ഞിക്കെ തിരെയാണെന്ന രീതിയിൽ വ്യഖ്യാനിക്കുകയും ചെയ്തുകൊണ്ടിരുന്നു. ഇക്കാലയളവിൽ എവുദോകസി യയുടെ ഒരു വെള്ളിപ്രതിമ ഒരു സ്തൂപത്തിന്റെ മുകളിൽ കോൺസ്റ്റാന്റിനോപ്പിളിലെ ഹാഗിയ സോഫിയ ദേവാലയത്തിനരികെയുള്ള അഗുസ്താക്കിയോൺ ചത്വരത്തിൽ സ്ഥാപിച്ചു (ഇന്നും ഈ പ്രതിമ സ്ഥാപിച്ച തൂണിന്റെ തറഭാഗം ഇസ്തംബൂളിലെ ഹാഗിയ സോഫിയ ദേവാലയത്തിന്റെ മുന്നിലുണ്ട്). ഈ പ്രതിമയുടെ സമർപ്പണവുമായി ബന്ധപ്പെട്ട് വലിയ ആഘോഷങ്ങളും നടത്തപ്പെട്ടു. പേഗൻ ആരാധനയുടെ അംശങ്ങൾ ഉള്ളിലൊളിപ്പിച്ച പലരും ഈ പ്രതിമയ്ക്കു ചുറ്റും പ്രദക്ഷിണം വയ്ക്കാനും, ധൂപം അർപ്പിക്കാനും തുടങ്ങി. ദേവാലയത്തിലെ ആരാധനയെ വരെ ഇത് തടസ്സപ്പെടുത്തുവാൻ തുടങ്ങി യപ്പോൾ ജോണിലെ ദൈവഭക്തിയും നീതിബോധവും ഉണരുകയും ശക്തമായ ഭാഷയിൽ ഇതിനെ അപലപിക്കു കയും ചെയ്തു.

ദൈവത്തെ മാത്രമേ തനിക്ക് ഭയക്കേണ്ടതുള്ളൂ എന്ന് ഉത്തമബോധ്യം ഉണ്ടായിരുന്ന പാത്രിയർക്കീസ് തന്റെ ഏറ്റവും വലിയ ആയുധമായ ദൈവവചനമാകുന്ന വാൾ പുറത്തെടുത്തു. ഇസ്രായേൽ രാജാവായ ആഹാബിന്റെ പുറജാതിക്കാരിയും വിഗ്രഹാരാധകയുമായ ഭാര്യ ജെസബെലിനെക്കുറിച്ചു (1 രാജ. 21) ക്രിസോസ്റ്റം നടത്തിയ പ്രസംഗം എവുദോക്സിയക്കെതിരെയാണെന്ന് വ്യാഖ്യാനിക്കപ്പെട്ടു. ഇങ്ങനെ ജോബിന്റെ ഭാര്യ, പോത്തിഫറിന്റെ ഭാര്യ, യോഹന്നാന്റെ ശിരച്ഛേദത്തിന് കാരണക്കാരി ഹേറോദിയ എന്നിവരെക്കുറിച്ചെല്ലാം പാത്രിയർക്കീസ് ഈ കാലയളവിൽ പ്രസംഗിച്ചു. തന്നെ പുറത്താക്കുന്നതിനായി രാജ്ഞി ഒരുങ്ങുന്നുവെന്നറിഞ്ഞപ്പോൾ പാത്രിയർക്കീസ് ഇപ്രകാരം പ്രസംഗിച്ചു: വീണ്ടും ഹേറോദിയാ പുലമ്പുന്നു; വീണ്ടും അവൾ അസ്വസ്ഥയാണ്; അവൾ വീണ്ടും നൃത്തം ചെയ്യുന്നു; വീണ്ടും യോഹന്നാന്റെ ശിരസ് തളികയിൽ വാങ്ങാൻ അവൾ ആഗ്രഹിക്കുന്നു. ഈ പ്രവചനം സാധിതമാക്കാനുള്ള പ്രവർത്തനങ്ങൾ രാജ്ഞിയും കൂട്ടരും ചെയ്യുന്നുവെന്ന് തുടർന്നുണ്ടായ സംഭവങ്ങൾ സാക്ഷിക്കുന്നു.



വലിയ ഗൂഢാലോചനയുടെ അനന്തരഫലമായി ജോണിന്റെ ശത്രുക്കൾ എവുദോക്കിയയുടെ നേതൃത്വത്തിൽ എ.ഡി. 404 ഈസ്റ്റർ കാലയളവിൽ അദ്ദേഹത്തെ വീണ്ടും ആർച്ചുബിഷപ്പ് സ്ഥാനത്തു നിന്നും പുറത്താക്കി. ദുഃഖവെള്ളിയാഴ്ച ദിവസം പട്ടാളക്കാർ ഹാഗിയ സോഫിയ ദേവാലയത്തിൽ പ്രവേശിച്ച് പാത്രിയർക്കീസിനെ അറസ്റ്റ് ചെയ്ത് അർമേനിയൻ മലനിരകളിലെ കൗക്കാസൂസ് പ്രദേശത്തേക്ക് നാടു കടത്തി. ഈ സമയത്ത് ആരോ കത്തീഡ്രൽ ദേവാലയവും സെനറ്റ് ഭവനവും കത്തിക്കുകയും ആ കുറ്റം ജോൺ ക്രിസോസ്റ്റത്തിന്റെയും അനുയായികളുടെയും മേൽ ചുമത്തുകയും ചെയ്തു.

**സഹായാഭ്യർത്ഥന, നാടുകടത്തൽ, മരണം**

തന്റെ പ്രവാസത്തിൽ ഇടപെടുന്നതിനായി പാത്രിയർക്കീസ് ഇന്നസെന്റ് ഒന്നാമൻ മാർപാപ്പയ്ക്കും മിലാനിലെ ബിഷപ്പായിരുന്ന വെനേറിയൂസിനും, അക്വീലായിലെ ബിഷപ്പായിരുന്ന ക്രോമാത്തിയൂസിനും കത്തെഴുതി. ഇന്നസെന്റ് മാർപാപ്പ ശക്തമായി പ്രതിഷേധിക്കുകയും ജോൺ ക്രിസോസ്റ്റത്തിന്റെ മോചനത്തിനായി പരിശ്രമിക്കുകയും ചെയ്തു. എ.ഡി. 405-ൽ മാർപാപ്പ ഗൗഡന്തിയൂസിന്റെ നേതൃത്വത്തിൽ ഒരു സംഘത്തെ കോൺസ്റ്റാന്റിനോപ്പിലേക്ക് അയച്ചെങ്കിലും വഴിമധ്യേ അവർക്ക് നിരവധി തടസ്സങ്ങൾ നേരിട്ടു. ഇവരുടെ ദൗത്യം ഉദ്ദേശിച്ച ഫലം ചെയ്തില്ല.

www.malankaralibrary.com



കഷ്ടപ്പാടും പ്രയാസങ്ങളും നേരിട്ടെങ്കിലും തന്റെ ഉത്തരവാദിത്വത്തിൽ നിന്നും ഒളിച്ചോടാൻ പാത്രിയർക്കീസ് തയ്യാറായില്ല. പൗരസ്ത്യ സഭയിലെ ഉന്നതരായ വ്യക്തികൾ പ്രവാസത്തിൽ ആയിരുന്ന ജോൺ ക്രിസോസ്റ്റത്തെ സന്ദർശിക്കുകയും അവിടെയിരുന്നുകൊണ്ട് അദ്ദേഹം സഭാഭരണം നടത്തുകയും ചെയ്തു. ഇത് അദ്ദേഹത്തിന്റെ ശത്രുക്കൾക്ക് ഉൾകൊള്ളാവുന്നതിനപ്പുറം ആയിരുന്നു. പ്രവാസത്തിലിരുന്നുകൊണ്ട് രാജ്യത്ത് പ്രശ്നങ്ങൾ സൃഷ്ടിക്കുന്നുവെന്ന് പ്രതിയോഗികൾ ചക്രവർത്തിയെ ധരിപ്പിച്ചു. അതിന്റെ അനന്തരഫലമായി പാത്രിയർക്കീസിനെ പിത്തിയൂസ് (ഇന്നത്തെ ജോർജിയ) പ്രദേശത്തേക്ക് വീണ്ടും നാടുകടത്തി. അവശനും ശാരീരികവും മാനസികവുമായി തളർന്ന ജോൺ ക്രിസോസ്റ്റം അങ്ങോട്ടുള്ള യാത്രാമധ്യേ കൊമാന പൊന്തിക്ക എന്ന സ്ഥലത്തു വച്ച് എ.ഡി. 407 സെപ്റ്റംബർ 14–ന് മരിക്കുന്നു. ഈ ലോകത്തിലെ തന്റെ സമരങ്ങളെല്ലാം അവസാനിപ്പിച്ച് ദൈവസന്നിധിയിലേക്ക് തങ്ങളുടെ പ്രിയപ്പെട്ട അജപാലകൻ യാത്രയായത് സങ്കടത്തോടെയാണ് വിശ്വാസികൾ കേട്ടത്. അവിടെയുണ്ടായിരുന്ന ഒരു ചാപ്പലിൽ കിടന്ന് മരിച്ച ജോൺ വിശുദ്ധ കുർബാന സ്വീകരിച്ചതിനു ശേഷം ഇപ്രകാരം പറഞ്ഞതായി രേഖപ്പെടുത്തിയിരിക്കുന്നു: എല്ലായ്പ്പോഴും ദൈവനാമം മഹത്വപ്പെടട്ടെ.

**കോൺസ്റ്റാന്റിനോപ്പിളിലെ അടക്കം, സഭയിലെ അംഗീകാരം**

സത്യവിശ്വാസത്തിന്റെ സംരക്ഷകനായി കരുതപ്പെടുന്ന വി. ജോൺ ക്രിസോസ്റ്റത്തെ മരണാനന്തരം വിശ്വാസികൾ വിശുദ്ധനായി കരുതി വണങ്ങാൻ തുടങ്ങി. എ.ഡി. 434 മുതൽ 446 വരെ കോൺസ്റ്റാന്റിനോപ്പിളിലെ പാത്രിയർക്കീസായിരുന്ന പ്രോക്കുളൂസ് ഹാഗിയ സോഫിയ കത്തീഡ്രലിൽ ഇപ്രകാരം പ്രസംഗിച്ചു: ഓ, ജോൺ, അങ്ങയുടെ ജീവിതം ദുഃഖങ്ങളാൽ പൂരിതമായിരുന്നുവെങ്കിലും അങ്ങയുടെ മരണം മഹനീയമായിരുന്നു. സ്ഥലകാലങ്ങൾക്ക് ഉപരിസ്ഥിതനായിരിക്കുന്ന നമ്മുടെ കർത്താവും രക്ഷകനുമായ യേശു ക്രിസ്തുവിന്റെ കരുണയാലും കൃപയാലും അങ്ങയുടെ കല്ലറ അനുഗ്രഹീതവും പ്രതിഫലം മഹനീയവുമാകുന്നു. സ്നേഹം ആകാശങ്ങളെ കീഴടക്കി, മറക്കാനാവാത്ത ഓർമ്മകൾ അതിരുകളെ നിർമ്മാർജ്ജനം ചെയ്തു, സ്ഥലകാലാതീതമായി ഈ വിശുദ്ധൻ അത്ഭുതങ്ങൾ പ്രവർത്തിക്കുന്നു.

താമസിയാതെ വി. ജോൺ ക്രിസോസ്റ്റത്തിന്റെ തിരുശേഷിപ്പുകൾ കോൺസ്റ്റാന്റിനോപ്പിളിൽ കൊണ്ടു വന്ന് അടക്കം ചെയ്യുന്നതിന് ചക്രവർത്തിയുടെ അനുവാദം ലഭിക്കുന്നു. എ.ഡി. 438 ജനുവരി 28–ന് വി. അപ്പോസ്തോലന്മാരുടെ ദേവാലയത്തിൽ ഈ തിരുശേഷിപ്പുകൾ ആഘോഷമായി അടക്കം ചെയ്തു. മഹാനായ വി. ബസേലിയോസ്, ദൈവശാസ്ത്രജ്ഞനായ വി. ഗ്രിഗോറിയോസ് എന്നിവരോട് ചേർന്ന് ക്രിസോസ്റ്റമിനെയും മഹാനായ എക്കുമെനിക്കൽ പ്രബോധകൻ എന്നാണ് പൗരസ്ത്യ സഭ വിളിക്കുന്നത്. ഇവരുടെ വ്യക്തിപരമായ തിരുനാൾ കൂടാതെ മൂന്നുപേരെയും ജനുവരി 30–ന് ഒരുമിച്ച് അനുസ്മരിക്കുന്ന പതിവും ബൈസന്റീൻ സഭകളിലുണ്ട്. വി. ജോൺ ക്രിസോസ്റ്റത്തെ കാൽസിഡോണിയൻ സിനഡ് എ.ഡി. 451–ൽ സഭാപിതാവായും എ.ഡി. 1568–ൽ പിയൂസ് അഞ്ചാമൻ മാർപാപ്പ വേദപാരംഗതനായും പ്രഖ്യാപിച്ചു. എ.ഡി. 1908–ൽ പിയൂസ് പത്താമൻ മാർപാപ്പ അദ്ദേഹത്തെ സുവിശേഷപ്രസംഗകരുടെ മദ്ധ്യസ്ഥനായി പ്രഖ്യാപിച്ചു. സെപ്റ്റംബർ 13–ന് പാശ്ചാത്യസഭ വി. ജോൺ ക്രിസോസ്റ്റത്തിന്റെ തിരുനാൾ ആഘോഷിക്കുന്നു.

**ക്രിസ്തീയസാഹിത്യ സംഭാവനകൾ**

കാലാതീതരായ രചയിതാക്കളാണ് ജോൺ ക്രിസോസ്റ്റത്തെപ്പോലെയുള്ളവർ. അദ്ദേഹത്തിന്റെ വലിയ പ്രശസ്തി ജീവിതകാലത്തു തന്നെ കൃതികൾ പകർത്തി സൂക്ഷിക്കുന്നതിന് സഹായകമായിട്ടുണ്ട്. എന്നി രുന്നാലും അവയിൽ ചിലതൊക്കെ പിത്ക്കാല തലമുറയ്ക്ക് നഷ്ടപ്പെട്ടിട്ടുണ്ട്. അക്കാലത്തെ അന്ത്യോഖ്യയിലെയും കോൺസ്റ്റാന്റിനോപ്പിളിലെയും ക്രിസ്തീയവിശ്വസത്തെക്കുറിച്ച് നിർണ്ണായക വിവരങ്ങൾ നമുക്ക് ലഭ്യമായിട്ടുള്ളത് ജോണിന്റെ രചനകളിലൂടെയാണ്.

എഴുനൂറ് പ്രസംഗങ്ങളും ഇരുനൂറ്റി നാൽപത്തിയാറ് ലേഖനങ്ങളും വി. ജോൺ ക്രിസോസ്റ്റത്തിന്റേതായി നമുക്ക് ലഭിച്ചിട്ടുണ്ട്. ഇതു കൂടാതെ ബൈബിൾ ഭാഷ്യങ്ങൾ, ധാർമ്മിക പ്രബോധനങ്ങൾ, ദൈവശാസ്ത്ര രചനകൾ എന്നിങ്ങനെ വിവിധ വിഭാഗങ്ങളായി ജോൺ ക്രിസോസ്റ്റത്തിന്റെ കൃതികളെ വിഭജിച്ചിരിക്കുന്നു.

ഒരു അജപാലകൻ എന്ന നിലയിലാണ് ജോൺ ക്രിസോസ്റ്റത്തിന്റെ രചനകളെ നാം വിലയിരുത്തേണ്ടത്. ആദിമസഭയിലെ ഏറ്റം വലിയ പ്രസംഗകൻ ആയിരുന്നു അദ്ദേഹം. സുവിശേഷ ഗ്രന്ഥങ്ങളെയും വി. പൗലോസിന്റെ രചനകളെയും അടിസ്ഥാനപ്പെടുത്തി അനേകം പ്രബോധനങ്ങൾ നടത്തി. ഉൽപത്തി പുസ്തകത്തെ മാത്രം ആധാരമാക്കി അറുപത്തിയേഴു പ്രസംഗങ്ങളും സങ്കീർത്തനങ്ങളെ കേന്ദ്രീകരിച്ച് അൻപത്തിയൊൻപത് പ്രസംഗങ്ങളും മത്തായിയുടെ സുവിശേഷത്തെ അടിസ്ഥാനമാക്കി തൊണ്ണൂറ് പ്രസംഗങ്ങളും യോഹന്നാന്റെ സുവിശേഷത്തെ അധികരിച്ച് എൺപത്തിയെട്ടും നടപടി പുസ്തകം അടിസ്ഥാനമാക്കി അൻപത്തിയഞ്ച് പ്രസംഗങ്ങളും അദ്ദേഹം നടത്തി.

വി. ജോൺ ക്രിസോസ്റ്റം പ്രസംഗിച്ചുകൊണ്ടിരുന്നപ്പോൾ തന്നെ എഴുത്തുകാർ പകർത്തിയ കൃതികൾ പിന്നീട് ധാരളമായി പ്രചരിപ്പിക്കപ്പെട്ടു. ഇത് ഓരോ സ്ഥലത്തിന്റെയും സാഹചര്യത്തിന്റെയും ആവശ്യ ങ്ങളനുസരിച്ചു നൽകപ്പെട്ടതാണ്. ക്രിസ്തീയവിശ്വാസം പുറജാതി വിശ്വാസത്തെ പുനപ്രതിഷ്ഠിച്ചുകൊണ്ടിരുന്ന ഒരു കാലഘട്ടത്തിലാണ് വി. ജോൺ ക്രിസോസ്റ്റം ജീവിച്ചിരുന്നത്. അതുകൊണ്ടു തന്നെ പുറജാതികളുടെ ഇടയിലെ നൃത്തങ്ങൾ, കുതിരപ്പന്തയം, അവധിദിവസങ്ങളിലെ ആഘോഷങ്ങൾ എന്നിവയ്ക്കെതിരെ സ്ഥിരമായി പ്രസംഗിച്ചിരുന്നു.

ഒരിക്കൽ ഇത്തരം പ്രസംഗങ്ങളെ ന്യായീകരിച്ചുകൊണ്ട് അദ്ദേഹം ഇപ്രകാരം പറഞ്ഞു: ക്രിസ്തീയ വിശ്വാസികളോട് ആരാണ് ആമോസ്, ഒബാദിയ, എത്ര അപ്പോസ്തോലന്മാരുണ്ട് എന്ന് ചോദിച്ചാൽ അവർ നിശബ്ദത പാലിക്കും. എന്നാൽ കുതിരകളെയോ അവരുടെ തേരാളികളെയോ കുറിച്ചാണ്

www.malankaralibrary.com






ചോദ്യമെങ്കിൽ അവരുടെ ഉത്തരം വിജ്ഞാനികളേക്കാൾ വേഗത്തിലായിരിക്കും. പാവങ്ങളെക്കുറിച്ചുള്ള കരുതൽ അദ്ദേഹത്തിന്റെ പ്രസംഗത്തിലും എഴുത്തിലുമെല്ലാം ഉണ്ടായിരുന്നു. അമിതഭൗതികത ഉപേക്ഷിച്ച് പട്ടിണിയിൽ കിടക്കുന്നവരെ സഹായിക്കാൻ ആവശ്യപ്പെടുന്ന മത്തായിയുടെ സുവിശേഷത്തെ ആധാരമാക്കിയുള്ള ഒരു പ്രസംഗത്തിൽ അദ്ദേഹത്തിന്റെ വാക്ചാതുരി വെളിവാക്കുന്നതാണ്: എന്തുകൊണ്ടാണ് നിങ്ങൾ നിങ്ങളുടെ വിസർജ്ജ്യത്തിന് അമിത പ്രാധാന്യം കൊടുത്ത് കക്കൂസുകൾ വെള്ളിയിൽ നിർമ്മിക്കുകയും ദൈവത്തിന്റെ സാദൃശ്യത്തിൽ സൃഷ്ടിക്കപ്പെട്ട മനുഷ്യനെ കൊടുംതണുപ്പിൽ മരിക്കാൻ വിട്ടുകൊടുക്കുകയും ചെയ്യുന്നത്?

ഇന്നും ബൈസന്റൈൻ സഭകളിൽ വിശുദ്ധവാരത്തോട് അനുബന്ധിച്ചും പ്രധാന തിരുനാൾ അവസരങ്ങളിലും വി. ക്രിസോസ്റ്റത്തിന്റെ കൃതികൾ ദേവാലയങ്ങളിൽ പൊതുവായി വായിക്കുകയും ധ്യാനിക്കുകയും ചെയ്തുവരുന്നു.

പ്രസംഗങ്ങൾ കൂടാതെ അദ്ദേഹം എഴുതിയ ലേഖനങ്ങളും വ്യാപകമായി വായിക്കപ്പെട്ടു. സന്യാസജീവിത ശൈലിക്കെതിരെ എതിർപ്പുകൾ ഉണ്ടായപ്പോൾ ശെമ്മാശനായിരുന്ന ജോൺ ക്രിസോസ്റ്റം എഴുതിയതാണ് ആശ്രമജീവിതത്തെ എതിർക്കുന്നവർക്കെതിരെ എന്ന കൃതി. പിന്നീട് പൗരോഹിത്യം, വിശ്വാസ തുടക്കാർക്കുള്ള നിർദ്ദേശങ്ങൾ, ദൈവീകസ്വഭാവത്തിന്റെ ദുർഗ്രാഹ്യത തുടങ്ങിയ കൃതികളും അദ്ദേഹം രചിച്ചു.

ഇന്നും വി. ക്രിസോസ്റ്റത്തിന്റെ വിമർശനവിധേയമാക്കപ്പെടുന്ന ചില പ്രസംഗങ്ങളാണ് തന്റെ പൗരോഹിത്യജീവിതത്തിന്റെ ആരംഭകാലത്ത് ക്രിസ്തീയവിശ്വാസികൾ യഹൂദ തിരുനാളുകളിൽ സംബന്ധിക്കുന്നതിനെതിരെ നടത്തിയത്. യഹൂദ ക്രൈസ്തവർ എന്ന ഒരു വിഭാഗം അപ്പസ്തോല കാലത്തെന്നതു പോലെ ഇക്കാലത്തും നിലനിന്നിരുന്നു. അവർ ക്രിസ്തീയവിശ്വാസം സ്വീകരിക്കുകയും എന്നാൽ പരി ച്ഛേദനം ഉൾപ്പെടെയുള്ള യഹൂദാചാരങ്ങൾ അനുഷ്ഠിക്കുകയും ചെയ്തു. തന്റെ അജപാലന പരിധിയിലുള്ള ക്രിസ്തീയവിശ്വാസികൾ രണ്ടു മതവിഭാഗത്തിന്റെയും അനുഷ്ഠാനങ്ങൾ ഒരുപോലെ നടത്തുന്ന തിനെ അദ്ദേഹം ശക്തമായി എതിർത്തിരുന്നു.

ജോൺ ക്രിസോസ്റ്റത്തിന്റെ ഏറ്റം വലിയ സംഭാവനകളിലൊന്ന് അദ്ദേഹത്തിന്റെ തന്നെ പേരിൽ അറിയപ്പെടുന്ന ആരാധനാക്രമമാണ്. തന്റെ സമൂഹത്തിന്റെ ആരാധനാജീവിതം മെച്ചപ്പെടുത്തുക എന്ന ലക്ഷ്യത്തോടെ അദ്ദേഹം ചിട്ടപ്പെടുത്തിയ ആരാധനാരീതികൾ സഭയുടെ ഔദ്യോഗിക പ്രാർത്ഥനകളായി മാറി. അന്ത്യോഖ്യൻ സഭയിൽ ഉപയോഗിച്ചു തുടങ്ങിയ ഈ ആരാധനകൾ പാശ്ചാത്യ സുറിയാനി (West Syriac) ഭാഷയിലാണ് ആദ്യം രൂപപ്പെട്ടത്. കോൺസ്റ്റാന്റിനോപ്പിളിലെ പാത്രിയർക്കീസാകുന്നതിന് മുൻപ് വി. ജോൺ ക്രിസോസ്റ്റം അന്ത്യോഖ്യയിലെ ശെമ്മാശനും പുരോഹിതനുമായിരുന്നു. ഈ ആരാധനാ ക്രമം പാത്രിയർക്കീസ് എന്ന നിലയിൽ കോൺസ്റ്റാന്റിനോപ്പിളിൽ വച്ച് അദ്ദേഹം മെച്ചപ്പെടുത്തിയിട്ടുണ്ട്. ബൈസന്റൈൻ ആരാധനയുടെ കേന്ദ്രസ്ഥാനമെന്ന നിലയിൽ ഹാഗിയ സോഫിയ കത്തീഡ്രലിൽ ഉപയോഗിച്ചിരുന്ന ആരാധന പിന്നീട് സാമ്രാജ്യത്തിലുടനീളം ഉപയോഗിക്കപ്പെട്ടു. ഇന്നും പൗരസ്ത്യ ക്രിസ്തീയ സഭകളിൽ സജീവമായി നിൽക്കുന്ന അനാഫൊറയാണ് വി. ജോൺ ക്രിസോസ്റ്റത്തിന്റെ നാമത്തിലുള്ള അനാഫൊറ.

**രസകരമായ ഒരു ഐതിഹ്യം**

മധ്യകാലയുഗത്തിൽ വി. ജോൺ ക്രിസോസ്റ്റത്തിന്റെ ജീവിതവുമായി ബന്ധപ്പെട്ട് ഒരു ഐതിഹ്യം യൂറോപ്പിൽ ഉണ്ടായിട്ടുണ്ട്. ജോൺ മരുഭൂമിയിൽ സന്യാസജീവിതം നയിക്കുന്ന കാലത്ത് അദൃശ്യയായി ഒരു രാജകുമാരി അദ്ദേഹത്തിന്റെ അടുത്തെത്തി. അതൊരു ദുർദേവതയാണെന്നു കരുതി ജോൺ അവരെ സഹായിക്കാൻ തയ്യാറായില്ല. എന്നാൽ താൻ ഒരു ക്രിസ്തീയവിശ്വാസി ആണെന്നും തന്നെ സഹായിച്ചില്ലെങ്കിൽ വന്യമൃഗങ്ങളാൽ കൊല്ലപ്പെടുമെന്നും അവർ അദ്ദേഹത്തെ ബോധ്യപ്പെടുത്തി. നീണ്ടനേരത്തെ ആലോചനയ്ക്ക് ശേഷം തന്റെ ഗുഹ രണ്ടായി വിഭജിച്ചു ഒരു മറയുണ്ടാക്കി അവളെ താമസിപ്പിക്കാൻ അദ്ദേഹം തയ്യാറായി. മുൻകരുതൽ എടുത്തെങ്കിലും അവളുടെ സൗന്ദര്യത്തിൽ ജോൺ വീണുപോയി. തന്റെ തെറ്റ് മറച്ചുവയ്ക്കാൻ ശ്രമിച്ചെങ്കിലും കുറ്റബോധം വേട്ടയാടിയപ്പോൾ അവളെ ഒരു മലമുകളിൽ കൊണ്ടുപോയി അവിടെ നിന്നും താഴേക്ക് തള്ളിയിട്ടു. അതേ തുടർന്ന് പാപപരിഹാരത്തിനായി റോമിലേക്ക് തീർത്ഥാടനം നടത്തി മാപ്പപേക്ഷിച്ചെങ്കിലും ആരിൽ നിന്നും അത് ലഭിച്ചില്ല.

തന്റെ പാപത്തിന്റെ കാഠിന്യം തിരിച്ചറിഞ്ഞ ജോൺ തെറ്റുകൾക്ക് പൊറുതി ലഭിക്കുന്നതുവരെ ഒരു മൃഗത്തെപ്പോലെ നാലുകാലിൽ നടന്ന് കിഴങ്ങുകളും പച്ചിലകളും മാത്രം ഭക്ഷിച്ചു ജീവിക്കുന്നതാണെന്ന് പ്രതിജ്ഞയെടുത്തു. ഇങ്ങനെ കുറേ നാൾ കഴിഞ്ഞപ്പോൾ രാജകുമാരി കൈയ്യിൽ ഒരു കുഞ്ഞുമായി ജോണിന് പ്രത്യക്ഷപ്പെടുകയും അദ്ദേഹത്തിന്റെ പാപമെല്ലാം മോചിക്കപ്പെട്ടിരിക്കുന്നു എന്ന് അറിയിക്കുകയും ചെയ്തു. പതിനഞ്ചാം നൂറ്റാണ്ടിന് ശേഷം ഈ കഥയ്ക്ക് യൂറോപ്പിൽ വളരെ പ്രചാരം ലഭിച്ചെങ്കിലും ക്രിസ്തീയ വിശ്വാസത്തെ വികലമാക്കുന്ന ഉദാഹരണങ്ങൾ പറയുന്ന കൂട്ടത്തിൽ മാർട്ടിൻ ലൂഥർ ഈ കഥയും പറയുന്നുണ്ട്.

www.malankaralibrary.com





## ഉപസംഹാരം

വി. ജോൺ ക്രിസോസ്റ്റം ഒരു പ്രബോധകനും അതേ സമയം അജപാലകനുമായിരുന്നു. അദ്ദേഹം പ്രസംഗിച്ച വേദികളൊക്കെ ജനങ്ങളെക്കൊണ്ട് നിറഞ്ഞിരുന്നതിനാൽ പോക്കറ്റടിക്കാരെക്കുറിച്ചുള്ള മുന്നറിയിപ്പുകൾ പോലും നൽകേണ്ടിവന്നിട്ടുണ്ട്. തന്റെ പ്രബോധനം കേട്ട് കൈയ്യടിക്കുന്നവരെ, ജീവിതം പരിവർത്തനപ്പെടുത്തിയിട്ട് കൈയ്യടി മതി എന്ന് അദ്ദേഹം ഓർമ്മിപ്പിച്ചിരുന്നു. വി. ജോൺ ക്രിസോസ്റ്റത്തിലൂടെ കോൺസ്റ്റാന്റിനോപ്പിളിലെ ജനതയോട് നമ്മുടെ കർത്താവ് സംസാരിച്ചതുപോലെ ഇന്ന് നമ്മോടും സംസാരിക്കുന്നു. വിശുദ്ധ ഗ്രന്ഥം വായിക്കുന്നതിന് മുൻപ് വി. ജോൺ ക്രിസോസ്റ്റം ചൊല്ലിയിരുന്ന ഈ പ്രാർത്ഥന ഒരുപക്ഷേ നമ്മെയും സഹായിക്കും:



*എന്റെ കർത്താവായ ക്രിസ്തുവേ, എന്റെ ഹൃദയ വാതിലുകൾ തുറന്ന് അവിടുത്തെ വചനം ശ്രവിക്കാനും, അങ്ങയുടെ ഹിതമറിയാനും, ഈ ലോകത്തിലെ ഒരു തീർത്ഥാടകൻ മാത്രമായിരിക്കുന്ന, എന്നെ പ്രാപ്തനാക്കുക. അങ്ങയുടെ കല്പനകൾ എന്നിൽ നിന്ന് മറയ്ക്കരുതേ. എന്റെ തുറന്ന നയനങ്ങളാൽ അവിടുത്തെ ശാസനകളിലെ അത്ഭുതങ്ങൾ ഞാൻ ദർശിക്കട്ടെ. അങ്ങയുടെ വിജ്ഞാനത്തിലെ മറഞ്ഞിരിക്കുന്ന രഹസ്യങ്ങൾ എന്നോട് സംസാരിക്കട്ടെ. എന്റെ ദൈവമേ, ഞാൻ അങ്ങയിൽ പ്രത്യാശ അർപ്പിച്ചിരിക്കുന്ന തിനാൽ, എന്റെ മനസിനെ ദീപ്തമാക്കി അങ്ങയുടെ അറിവിന്റെ പ്രകാശത്താൽ ഞാൻ പ്രശോഭിതനാകട്ടെ. എഴുതപ്പെട്ട അങ്ങയുടെ വചനത്താൽ ഞാൻ പരിപോഷിപ്പിക്കപ്പെടുക മാത്രമല്ല, അവ എന്റെ ജീവിതത്തിൽ പ്രാവർത്തികമാക്കുകയും ചെയ്യട്ടെ. അവിടുന്നാകുന്നു അന്ധകാരത്തിൽ കഴിയുന്നവരുടെ പ്രകാശവും എല്ലാ നന്മകളുടെയും നിലക്കാത്ത കലവറയും. ആമ്മേൻ.*

www.malankaralibrary.com



## ആനുകാലികം



# താഴത്തുവയ്ക്കാനാവാത്ത വിഴുപ്പുകൾ

**ബോബി ഏബ്രഹാം**

കേരളത്തിൽ പുതിയതായി ഏർപ്പെടുത്തിയ ഇന്ധന സെസ്, വർധിപ്പിച്ച വെള്ളക്കരം, വൈദ്യുതി നിരക്ക്, അടച്ചിട്ട വീടിനു പോലും നികുതി തുടങ്ങിയവയ്ക്കെതിരെ പ്രതിഷേധം കനക്കുന്നതിനിടെയാണ് സിപിഎം സംസ്ഥാന സെക്രട്ടറി എം.വി. ഗോവിന്ദന്റെ നേതൃത്വത്തിൽ കാസർകോടു നിന്ന് തിരുവനന്തപുരത്തേക്ക് ജനകീയ പ്രതിരോധ യാത്ര ആരംഭിക്കുന്നത്. എന്നാൽ ഇതേ സമയത്ത് കേരളം മുഴുവൻ കടുത്ത പ്രതിഷേധമാണ് ഉയർന്നുകൊണ്ടിരിക്കുന്നത്. പ്രതിപക്ഷം ഒന്നടങ്കം മുഖ്യമന്ത്രിക്കെതിരെ പ്രതിഷേധത്തിലാണ്. ജനരോഷം സ്വാഭാവികമായുമുണ്ട്. പ്രതിപക്ഷ യുവജന സംഘടനകൾ പ്രതിഷേധപ്രകടനങ്ങൾക്കപ്പുറം മുഖ്യമന്ത്രിയുടെ യാത്രാപാതയിൽ കരിങ്കൊടി പ്രതിഷേധവുമായി കളംനിറയുന്നു. കരിങ്കൊടി പ്രതിഷേധത്തിനെ ഭയന്ന് മുഖ്യമന്ത്രി വലിയ വാഹനവ്യൂഹത്തിന്റെ അകമ്പടിയോടെ ജനങ്ങളുടെ യാത്രാ സ്വാതന്ത്ര്യം പോലും നിഷേധിച്ചാണ് യാത്ര. മുഖ്യമന്ത്രി പോകുന്ന വഴിയിൽ സാധാരണ ജനത്തിനിറങ്ങാനാവാത്ത അവസ്ഥ. സിപിഎം മുൻ എംഎൽഎ കോഴിക്കോട്ട് അന്തരിച്ചപ്പോൾ വീടിനു മുന്നിൽ കെട്ടിയ കറുത്ത കൊടി പോലും പൊലീസ് അഴിച്ചുമാറ്റി. മീഞ്ചന്ത സ്കൂളിൽ മുഖ്യമന്ത്രി പങ്കെടുത്ത പരിപാടിയിൽ കറുത്ത ഉടുപ്പിനും കറുത്ത മാസ്കിനും വിലക്ക്. കറുപ്പിനോട് ഇത്രയേറെ അലർജി ഒരു കമ്യൂണിസ്റ്റ് മുഖ്യമന്ത്രിക്കുണ്ടാവുന്നത് അവർ ജനങ്ങളിൽ നിന്ന് എത്രയേറെ അകന്നുപോയിരിക്കുന്നു എന്നു വ്യക്തമാക്കുന്നു.

അതു മാത്രമല്ല, വിവാദങ്ങൾ ഒന്നൊന്നായി ഇടതുമുന്നണിയെയും സർക്കാരിനെയും വേട്ടയാടുന്ന സമയത്താണ് സിപിഎം സംസ്ഥാന സെക്രട്ടറിയുടെ യാത്രയെന്നതും ശ്രദ്ധേയമാണ്. ഏറെ കോളിളക്കം സൃഷ്ടിച്ച സ്വർണക്കടത്ത്, ലൈഫ് മിഷൻ കേസുകൾ വീണ്ടും സജീവമായിരിക്കുന്നു. പ്രളയ ദുരിതാശ്വാസമെന്ന പേരിൽ റെഡ് ക്രസന്റിന്റെ പേരിൽ ലൈഫ് മിഷൻ ഫ്ളാറ്റ് സമുച്ചയത്തിനായി കൊണ്ടുവന്ന തുകയിൽ വലിയൊരു ഭാഗം കൈക്കൂലിയായി കൈപ്പറ്റിയെന്ന ആരോപണത്തിൽ റിട്ട. ഐഎഎസ് ഉദ്യോഗസ്ഥനും മുഖ്യമന്ത്രിയുടെ ഓഫിസിലെ പ്രിൻസിപ്പൽ സെക്രട്ടറിയുമായിരുന്ന എം. ശിവശങ്കർ അറസ്റ്റിലായി ഇഡിയുടെ കസ്റ്റഡിയിലാണ്. ഈ കേസുമായി ബന്ധപ്പെട്ട് മുഖ്യമന്ത്രിയുടെ ഓഫിസിലെ ഉന്നതൻ സി.എം. രവീന്ദ്രനെ ഇഡി ചോദ്യം ചെയ്യാൻ വിളിപ്പിച്ചിട്ടുമുണ്ട്. മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നുള്ള തട്ടിപ്പ് തുടങ്ങി ആരോപണങ്ങൾ ഒന്നൊന്നായി ഉയരുന്നുമുണ്ട്. ഇത്തരം ആരോപണങ്ങളോടൊക്കെ മന്ത്രിമാരുടെ പ്രതികരണം വളരെ മോശമായാണ് എന്നു പറയാതെ വയ്യ. തൊഴിലാളി വർഗ സർക്കാരെന്ന് അവകാശപ്പെടുന്ന സർക്കാരിലെ ഒരു മന്ത്രിയാണ് കെഎസ്ആർടിസി തൊഴിലാളികൾക്ക് ശമ്പളം

www.malankaralibrary.com





ഗഡുക്കളായി പോരേ എന്നു ചോദിക്കുന്നത്. അതേ സർക്കാരിലെ മറ്റൊരു മന്ത്രി വെള്ളക്കരം വർധനയെ ന്യായീകരിക്കുന്നതിനിടയിൽ പറഞ്ഞത് വെള്ളത്തിന്റെ വില വർധിച്ചതു മൂലം ആർക്കെങ്കിലും ബോധക്കേട് വന്നാൽ തളിക്കാൻ വെള്ളം സൗജന്യമായി എത്തിക്കാമെന്നു പറഞ്ഞാണ്. ധനമന്ത്രി നികുതി വർധനയെ ന്യായീകരിച്ചത് പെൻഷൻ കൊടുക്കാൻ പണം കണ്ടെത്താൻ ഇതേ മാർഗമുള്ളു എന്നു പറഞ്ഞാണ്. നികുതി വർധന പിൻവലിക്കുമെന്ന് ആരും സ്വപ്നം കാണേണ്ടെന്നും അദ്ദേഹവും മുഖ്യമന്ത്രിയും തർക്കത്തിനിടയില്ലാതെ പറഞ്ഞു. ഇടതു മുന്നണി കൺവീനർ ഉൾപ്പെടെ ഇന്ധന സെസിനെ എതിർത്തിട്ടും ഇതാണ് അവസ്ഥ എന്നതുകൊണ്ടാവാം അദ്ദേഹം ഇപ്പോൾ മൗനത്തിലുമാണ്.

ഇതിനിടയിൽ പാർട്ടിയിൽ ക്രിമിനലുകളുടെ അതിപ്രസരം ഉണ്ടായിട്ടുണ്ടെന്ന് അംഗീകരിക്കേണ്ടിയും വന്നു. എന്നാൽ അവരെയൊക്കെ സംരക്ഷിക്കാതെ പറ്റില്ലെന്നും വന്നു. ആലപ്പുഴയിൽ അനധികൃതമായി പുകയില ഉൽപന്നങ്ങൾ കടത്തിയ കേസുമായി ബന്ധപ്പെട്ട പാർട്ടി നേതാക്കളെ സംരക്ഷിക്കുന്ന സമീപനമാണ് മന്ത്രി അടക്കമുള്ള നേതാക്കൾ സ്വീകരിച്ചത്. തുടർച്ചയായി അധികാരമുള്ള പാർട്ടിയിലേക്ക് ആളുകളുടെ ഒഴുക്കുണ്ടാകുമെങ്കിലും സംരക്ഷണം കിട്ടുമെന്ന വിശ്വാസത്തിൽ ക്രിമിനലുകൾ ധാരാളമായി കടന്നുവരുന്നത് ഒട്ടും ആശാസ്യമല്ല. പക്ഷേ, ഇത്തരം ആളുകളെ അകറ്റിനിർത്താൻ പാർട്ടിക്കു കഴിയുന്നില്ലെന്നതും വാസ്തവമാണ്. അതുകൊണ്ടാണ് അർജുൻ



ആയങ്കിയെപ്പോലുള്ള സ്വർണക്കടത്തിലും മറ്റും ഏർപ്പെട്ടിട്ടുള്ള ക്രിമിനലുകൾ പോലും തങ്ങൾ കമ്യൂണിസ്റ്റുകളാണ് എന്ന് അവകാശപ്പെട്ടു തുടങ്ങിയത്. കാലാകാലങ്ങളിൽ ഇത്തരം ക്രിമിനലുകളെ പല കാര്യങ്ങൾക്കായി സംരക്ഷിച്ചതുകൊണ്ടാണ് ആകാശ് തില്ലങ്കേരിയെപ്പോലെയുള്ളവർ ഇപ്പോൾ തലവേദനയായി മാറുന്നത്. എം.വി. ഗോവിന്ദന്റെ യാത്ര തുടങ്ങുന്നതിന് ഏതാനും ദിവസം മുമ്പാണ് ആകാശ് തില്ലങ്കേരി പാർട്ടിയെ പ്രതിസന്ധിയിലാക്കി എഫ്ബി പോസ്റ്റ് ഇട്ടത്. യൂത്ത് കോൺഗ്രസ് പ്രവർത്തകനായ ഷുഹൈബിനെ കൊലപ്പെടുത്തിയകേസിലെ പ്രതിയാണ് ആകാശ് തില്ലങ്കേരി. ഈ കേസ് സിബിഐ അന്വേഷിക്കുന്നത് ഒഴിവാക്കാൻ സംസ്ഥാന സർക്കാർ വക്കീൽ ഫീസ് ഇനത്തിൽ ചെലവാക്കിയത് ഒരുകോടിയിലേറെ രൂപയാണ്. കൊലപാതകം ചെയ്യിക്കുന്നവർക്ക് സഹകരണ ബാങ്കിൽ ജോലിയും കൊലപാതകം ചെയ്തവർക്ക് അവഗണനയുമാണ് പ്രതിഫലം എന്നായിരുന്നു ആകാശ് തില്ലങ്കേരി പറഞ്ഞുവച്ചത്. പാർട്ടി അവഗണിച്ചതിനാൽ തനിക്ക് നിയമവിരുദ്ധ കാര്യങ്ങളിലേക്ക് കടക്കേണ്ടിവന്നെന്നും അതു തിരുത്താൻ പാർട്ടി ഒന്നും ചെയ്തില്ലെന്നും ആകാശ് പറഞ്ഞു.

ഇത് വലിയ വിവാദമായി വളർന്നതോടെ പാർട്ടി പ്രതിസന്ധിയിലായി. ഒടുവിൽ യാത്ര തുടങ്ങുന്ന ദിവസം തന്നെ സിപിഎം സംസ്ഥാന കമ്മിറ്റി അംഗം പി. ജയരാജനും ജില്ലാ സെക്രട്ടറി എം.വി. ജയരാജനും പങ്കെടുക്കുന്ന വിശദീകരണ യോഗം വിളിക്കേണ്ടിവന്നു സിപിഎമ്മിന്. എന്നും വിവാദമാകുമ്പോൾ ആരെയെങ്കിലും തള്ളിപ്പറഞ്ഞ് തടി രക്ഷിക്കുന്ന സമീപനം തന്നെ ഇവിടെയും എടുത്തു.

സാമ്പത്തിക പ്രതിസന്ധിക്കിടയിലും തുടരുന്ന കടുത്ത ധൂർത്ത്, അതു നേരിടാൻ നികുതിവർധന ഈ രീതിയിൽ പോകുന്ന സർക്കാരിനെതിരെ ജനരോഷം ഉയരുന്നുവെന്ന തിരിച്ചറിവിൽ നിന്നാവണം ജനകീയ പ്രതിരോധ യാത്ര എന്ന പേരിൽ കേന്ദ്ര സർക്കാരിനെതിരെ യാത്ര സംഘടിപ്പിക്കാൻ സിപിഎം തുനിഞ്ഞത്. ജനരോഷത്തിൽ നിന്നു ശ്രദ്ധ തിരിച്ചുവിടാൻ എന്തു മാർഗമെന്നു ചിന്തിക്കുന്നതിനിടയിലാണ് കുറച്ചുകാലം മുമ്പ് ജമാ അത്തെ ഇസ്ലാമി എന്ന മുസ്ലിം സംഘടനയും ആർഎസ്എസും തമ്മിൽ ചർച്ച നടത്തിയെന്ന വിവരം പുറത്തുവരുന്നത്. അതിൽ കയറിപ്പിടിച്ച് വിവാദ

മുണ്ടാക്കുക എന്ന പതിവു തന്ത്രം തന്നെ പുറത്തെടുത്തു. മുസ്ലിങ്ങൾ ഉൾപ്പെടെയുള്ള ന്യൂനപക്ഷത്തിനെതിരാണ് ആർഎസ് എസിന്റെ സമീപനം എന്നിരിക്കെ എന്തിനാണ് അവരുമായി ഒരു മുസ്ലിം സംഘടന ചർച്ച നടത്തുന്നതെന്ന ചോദ്യമാണ് മുഖ്യമന്ത്രി പിണറായി വിജയൻ ഉയർത്തിയത്. എം.വി. ഗോവിന്ദനും അത് ഏറ്റുപിടിച്ചു. എന്നാൽ ഇന്ത്യ ഭരിക്കുന്ന സർക്കാരിൽ നിർണായക സ്വാധീനമുളള ആർഎസ്എസിന്റെ നേതൃത്വത്തിൽ മുസ്ലിം സംഘടനകളുടെ യോഗം വിളിച്ചപ്പോൾ അതിൽ പങ്കെടുത്തെന്നല്ലാതെ മറ്റു തീരുമാനങ്ങളൊന്നുമുണ്ടായിട്ടില്ലെന്നായിരുന്നു ജമാ അത്തെ ഇസ്ലാമി അസിസ്റ്റന്റ് അമീർ പി. മുജീബ് റഹ്മാൻ പറഞ്ഞത്. സ്വാർഥതാൽപര്യങ്ങൾ ലക്ഷ്യമാക്കാത്തിടത്തോളം ആരു മായും സംവാദം ചർച്ച നടത്തുന്നതിൽ തെറ്റില്ലെന്നും പറഞ്ഞ അദ്ദേഹം പഴയ ചില കാര്യങ്ങൾ കൂടി വലിച്ചുതാഴെ യിട്ടപ്പോഴാണ് പിടിച്ചത് പുലിവാലായോ എന്നു സിപിഎം കേന്ദ്രങ്ങൾക്കും തോന്നിയത്.

2017ൽ ആർഎസ്എസുമായി സിപിഎം ചർച്ച നടത്തി യില്ലേ എന്നായിരുന്നു അദ്ദേഹത്തിന്റെ ചോദ്യം. ഹിന്ദുമത ത്തിലേക്ക് പരിവർത്തനം ചെയ്ത് സന്യാസിയായി ആർഎസുഎസുമായി സജീവ ബന്ധം പുലർത്തുന്ന ശ്രീ എമ്മിന്റെ മധ്യസ്ഥതയിലായിരുന്നു ആ ചർച്ച. ഓർക്കാ പ്പുറത്ത് ആ ചർച്ച വലിച്ചുപുറത്തിട്ടതോടെ സിപിഎമ്മിന് പ്രതിരോധിക്കാതെ തരമില്ലെന്നായി. അന്ന് ആ ചർച്ചയ്ക്കു ശേഷം ശ്രീ എമ്മിന് യോഗ ഇൻസ്റ്റിറ്റ്യൂട്ട് തുടങ്ങാൻ തിരുവനന്തപുരത്ത് സർക്കാർ ഭൂമി അനുവദിച്ചത് വലിയ വിവാദമായിരുന്നു. എന്നാൽ സിപിഎം – ആർഎസ്എസ് ചർച്ച പരസ്യമായിട്ടായിരുന്നുവെന്നും സിപിഎമ്മിന് ഒളിക്കാൻ ഒന്നുമില്ലെന്നുമായിരുന്നു സംസ്ഥാന സെക്രട്ടറിയുടെ പ്രതികരണം. മാത്രമല്ല, ആ ചർച്ചയോടെ കേരളത്തിൽ രാഷ്ട്രീയ സംഘർഷം കുറഞ്ഞതും സമാധാനം പാലിക്കാനായതും നേട്ടമായെന്നു വ്യക്തമാക്കിയായിരുന്നു പ്രതിരോധം. ഇത്തരം കാര്യങ്ങളിൽ സിപിഎം പുലർത്തുന്ന ഇരട്ടത്താപ്പിന്റെ വലിയ ഉദാഹരണമായി അത്. ഏതു കാര്യവും സിപിഎം ചെയ്താൽ അത് ശരിയും മറ്റുള്ളവർ ചെയ്താൽ തെറ്റും എന്ന സ്ഥിരം സമീപനം തന്നെയായി അതു മാറി. യുഡിഎഫ് സർക്കാരിൽ മന്ത്രിയായിരിക്കെ ഷിബു ബേബി ജോൺ ഗുജറാത്തിൽ സന്ദർശനം നടത്തിയിരുന്നു. അന്ന് അവിടുത്തെ മുഖ്യമന്ത്രി നരേന്ദ്ര മോദിയെ അദ്ദേഹം സന്ദർശിച്ചെന്ന പേരിൽ അദ്ദേഹത്തെ





സിപിഎം വിമർശിച്ചത് ചില്ലറയായിരുന്നില്ല. എന്നാൽ മുഖ്യമന്ത്രിയായ ശേഷം പിണറായി വിജയൻ പ്രധാന മന്ത്രി നരേന്ദ്ര മോദിയെ പൂച്ചെണ്ടുമായി കാണാൻ പോയതിൽ തെറ്റൊന്നുമില്ലെന്നായിരുന്നു പാർട്ടിയുടെ നിലപാട്. അപ്പോൾ ഷിബുവിനെ വിമർശിച്ചതെന്തിനെന്ന ചോദ്യം ഉയരുന്നു.

വിഴിഞ്ഞം സമരത്തിലും ബിജെപിയോട് ചേർന്നായി രുന്നു സിപിഎം സമരം. വികസന വിഷയങ്ങളിൽ ബിജെപിയുമായി കൂട്ടുചേരുന്നതിൽ തെറ്റൊന്നുമില്ലെ ന്നായിരുന്നു സിപിഎം സംസ്ഥാന സെക്രട്ടറിയുടെ ന്യായും. എന്നാൽ ഇതേ ന്യായം മറ്റുള്ളവരുടെ കാര്യത്തിൽ സ്വീകാര്യവുമല്ല. ഏറ്റവുമൊടുവിൽ കെ.വി. തോമസിനെ ഡൽഹിയിലേക്ക് അയച്ചിരിക്കുന്നത് ബിജെപി സർക്കാരു മായി ധാരണ ഉണ്ടാക്കാനാണത്രേ. 'ഞങ്ങളിട്ടാൽ വള്ളി ക്കളസം, നിങ്ങളിട്ടാൽ ബർമുഡ' എന്ന ട്രോളുമായിട്ടാണ് സമൂഹ മാധ്യമങ്ങളിൽ പലരും സിപഎമ്മിനെ വിമർശിച്ചത്.

ആർഎസ്എസ് ബന്ധം പറയുമ്പോൾ പഴയ ചില കാര്യങ്ങൾ കൂടി പറയാതെ വയ്യ. അടിയന്തരാവസ്ഥക്കാലത്ത് സിപിഎം നേതാക്കൾ കൂട്ടുചേർന്നു പ്രവർത്തിച്ചത് ജന സംഘവുമായിട്ടായിരുന്നു. രാജീവ് ഗാന്ധിയെ അധികാര ത്തിൽ നിന്നു പുറത്താക്കാനും സിപിഎം അവരോടൊന്നിച്ചു. പിന്നീട് വി.പി. സിങ് സർക്കാരിനെ താങ്ങിനിർത്തിയതും ഇടതുപക്ഷവും ബിജെപിയും ചേർന്നായിരുന്നു. എറ്റവും ഒടുവിൽ യുപിഎ സർക്കാരിനെതിരെ അണ്ണാ ഹസാരെയുടെ നേതൃത്വത്തിൽ സംഘപരിവാർ ആസൂത്രണം ചെയ്ത സമരത്തിലും സിപിഎമ്മിന്റെ സജീവ സാന്നിധ്യമുണ്ടാ യിരുന്നു. പക്ഷേ, ഇതെല്ലാം തന്ത്രപൂർവം മറച്ചുവയ്ക്കാനും തങ്ങളാണ് ആർഎസ്എസിന്റെ ഏറ്റവും വലിയ എതിരാ ളികൾ എന്നു പറഞ്ഞുവയ്ക്കാനും സിപിഎം നിരന്തരം ശ്രമിക്കുന്നുണ്ട്. ഇപ്പോഴത്തെ വിവാദത്തിനു പിന്നിലും വോട്ട് ബാങ്ക് തന്നെ ലക്ഷ്യം. മുസ്ലിങ്ങൾക്കിടയിലെ ചെറിയ വിഭാഗമായ ജമാ അത്തെ ഇസ്ലാമി ഇപ്പോൾ ആർഎസ് എസിനൊപ്പമായെന്നും അതിന് യുഡിഎഫിന്റെ പിന്തുണ യുണ്ടെന്ന് പറഞ്ഞുവയ്ക്കുകയും ചെയ്യുന്നതിലൂടെ സമാധാന കാംക്ഷികളായ മുസ്ലിം ഭൂരിപക്ഷത്തിന്റെ വോട്ട് ഉറപ്പിക്കുക തന്നെ ലക്ഷ്യം. പക്ഷേ, അതിലെ ഏറ്റവും വലിയ തമാശ മുൻ സിമി നേതാവ് കെ.ടി. ജലീലിനെ ജനകീയ പ്രതിരോധ യാത്രയുടെ സ്ഥിരാംഗം ആക്കിയാണ് അവർ ഇതു ചെയ്യുന്നതെന്നതാണ്. എം.വി.ഗോവിന്ദനു പുറമേ സി.എസ്. സുജാത, പി.കെ. ബിജു, എം. സ്വരാജ്, ജെയ്ക്ക്

www.malankaralibrary.com







സി. തോമസ്, കെ.ടി. ജലീൽ എന്നിവരാണ് ജാഥയിലെ സ്ഥിരാംഗങ്ങൾ. എല്ലാ മത, ജാതി വിഭാഗങ്ങളുടെയും അനുപാതം കൃത്യമാക്കിയാണ് അംഗങ്ങളെ നിശ്ചയിച്ചിരിക്കുന്നതെന്നു പറയാം. ഇതിൽ കെ.ടി. ജലീൽ മാത്രമേ പാർട്ടി അംഗമല്ലാതുള്ളു. പാർട്ടി അംഗമായ എത്രയോ മുസ്ലിങ്ങളുള്ളപ്പോഴാണ് ഈ വിവാദ നായകനെ ഉയർത്തിപ്പിടിക്കുന്നതെന്നത് പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. അധികാരത്തിൽ ഇരുന്നപ്പോൾ പക്ഷഭേദമില്ലാതെ പ്രവർത്തിക്കുമെന്ന പ്രതിജ്ഞ മറന്ന അദ്ദേഹം മതപ്രചാരകന്റെ നിലയിലേക്ക് മാറിയിരുന്നു എന്നത് എല്ലാവരും അറിഞ്ഞതാണ്. വിദേശത്തുനിന്ന് മതഗ്രന്ഥം കൊണ്ടുവന്ന് സർക്കാർ സംവിധാനത്തിലൂടെ വിതരണം ചെയ്തെന്ന ആരോപണം അദ്ദേഹത്തിനു മേൽ ഉയർന്നപ്പോൾ അതിലെന്തു തെറ്റെന്ന് ന്യായീകരിച്ച ആളാണ് അദ്ദേഹം. ന്യൂനപക്ഷ വിഭാഗങ്ങൾക്കെല്ലാം അവകാശപ്പെട്ട സ്കോളർഷിപ് ഒരു പ്രത്യേക വിഭാഗത്തിനു മാത്രമായി ചുരുക്കാനും ന്യൂനപക്ഷ ക്ഷേമത്തിനായുള്ള കോർപറേഷനിൽ നിന്ന് ഒരു മതവിഭാഗത്തെ ഒഴിവാക്കാനും അദ്ദേഹം ശ്രമിച്ചെന്ന ആരോപണം ഉയർന്നിരുന്നു. അതിനെയൊക്കെ പരിഹസിച്ചുതള്ളുകയായിരുന്നു അദ്ദേഹം. ന്യൂനപക്ഷ ക്ഷേമ കോർപറേഷനിൽ ബന്ധുവിനെ നിയമിക്കുകയും അതു ന്യായീകരിക്കുകയും ചെയ്ത അദ്ദേഹം ലോകായുക്ത വിധിയെത്തുടർന്ന് നാണംകെട്ട് രാജിവച്ചു പോവുകയായിരുന്നു. അതിനു ശേഷവും ആ വിധി പുറപ്പെടുവിച്ച ജസ്റ്റിസ് സിറിയക് ജോസഫിനെതിരെ വ്യക്തിപരമായ വിമർശനങ്ങളഴിച്ചുവിടുകയായിരുന്നു അദ്ദേഹം. അഭയ കേസിൽ കോടതി നൽകിയ വിധി ഉൾക്കൊള്ളാതെ ആ ബെഞ്ചിൽ അംഗമായിരുന്ന സിറിയക് ജോസഫിനെ മാത്രം പേരെടുത്തുപറഞ്ഞ് സമൂഹ മാധ്യമത്തിൽ പോസ്റ്റിട്ട കെ..ടി.ജലീലിന്റെ ലക്ഷ്യമെന്തായിരുന്നു? ഇങ്ങനെ ഒരു വിഭാഗത്തിൽപെട്ടവരെ തിരഞ്ഞുപിടിച്ചാക്രമിക്കുന്ന ഒരാളെതന്നെ ഈ യാത്രയിലംഗമാക്കി കേരളത്തിലൂടനീളം പ്രദർശിപ്പിക്കുന്നതിന്റെ സാംഗത്യം ചോദ്യംചെയ്യപ്പെടേണ്ടതുണ്ട്. സിപിഎം ഒട്ടേറെ വിഴുപ്പുകൾ ചുമക്കുന്നുണ്ട്. അതു പലതും താഴെ വയ്ക്കാൻ പറ്റാത്തതുമാണ്. അതാണ് ആ പാർട്ടി ഇന്നു നേരിടുന്ന എറ്റവും വലിയ പ്രതിസന്ധി.

**മേമ്പൊടി**

ആലിൻകായ പഴുക്കുമ്പോൾ കാക്കയ്ക്ക് വായ്പുണ്ണ് എന്നു പറയുന്ന അവസ്ഥയിലാണ് കോൺഗ്രസ്. ജനത്തെ കഴുതകളെപ്പോലെ കണ്ട് നികുതി അടിച്ചേൽപിക്കുമ്പോഴും നല്ലൊരു സമരം നടത്താൻ കെൽപില്ലാത്ത പാർട്ടിയായി കോൺഗ്രസ് മാറുന്നോ എന്നു സംശയിക്കുന്നവരെ കുറ്റപ്പെടുത്താനാവില്ല. സംഘടനാ ദൗർബല്യം അതിന്റെ പാരമ്യത്തിലാണ്. ഒരു പ്രസിഡന്റിനെ നിശ്ചയിച്ച് വർഷം രണ്ടായാലും സഹ ഭാരവാഹികളെ നിശ്ചയിക്കാനാവുന്നില്ല. എല്ലാവരും നേതാക്കളാകുന്നതിന്റെ പ്രശ്നമാണ്. അതുകൊണ്ടുതന്നെ സംഘടനാ സംവിധാനം ചലിക്കുന്നില്ല. ജില്ലാ തലത്തിൽ കുറച്ച് ഇത്തിൾക്കണ്ണികൾ മാത്രം ഭാരവാഹികളാകുമ്പോൾ യഥാർഥ പ്രവർത്തകർ പുറംതള്ളപ്പെടുന്നു. ഇത്തിൾക്കണ്ണികൾക്കൊട്ട് ജനസ്വാധീനവുമില്ല. നിലവിൽ യൂത്ത് കോൺഗ്രസുകാർ ഇറങ്ങിനടന്ന് തല്ലുമേടിക്കുന്നതുകൊണ്ട് തെരുവിൽ പ്രതിഷേധത്തിന്റെ സൂചനയെങ്കിലുമുണ്ട്. അപ്പോഴും മുതിർന്നവർ മറ്റവനെ എങ്ങനെ ഒതുക്കാം എന്ന ഗവേഷണത്തിലാണ്. എല്ലാവരെയും ഒതുക്കിക്കഴിയുമ്പോൾ പാർട്ടി അവിടെയുണ്ടോ എന്നു തിരിഞ്ഞുനോക്കിയാൽ കൊള്ളാം.

## ഉപകാരസ്മരണ



ഒരു വിശ്വാസി

www.malankaralibrary.com



ഓർമ



റവ. ഡോ. പ്രഭീഷ് ജോർജ്

# സ്വർഗം വരച്ച കാലത്തിന്റെ പുരോഹിതൻ

"അച്ചൻ മരണത്തെ ഭയപ്പെടേണ്ട. കാരണം അച്ചൻ ഒരു വിശുദ്ധനാണ്." പൗരോഹിത്യാഭിഷേകം നൽകിയ മെത്രാന്റെ അധരങ്ങളിൽ നിന്ന് ഉതിർന്നു വീണ ഈ വാക്കുകൾ ആ പുരോഹിതൻ ശ്രവിച്ചത് അർബുദകോശങ്ങളുടെ ആലിംഗനത്താൽ ശരീരം മുഴുവൻ തളർന്ന് കട്ടിലിൽ കിടന്നുകൊണ്ടായിരുന്നു. ഇതിനു രണ്ടു വാരങ്ങൾ കഴിഞ്ഞ് സകല വിശുദ്ധരുടേയും തിരുന്നാൾദിനത്തിൽ സ്വർഗം ഇരുകരങ്ങൾ നീട്ടി ആ പുണ്യജീവിതത്തെ സ്വീകരിച്ചു. 2022 നവംബർ മാസം സ്വർഗം പൂകിയ മാർത്താണ്ഡം ഭദ്രാസനത്തിലെ ബഹു. ആന്റണി ത്രിത്വ നിലയം അച്ചനെ ഓർക്കുമ്പോൾ ഒറ്റവാക്യത്തിൽ പറയാം "സ്വർഗം വരച്ച കാലത്തിന്റെ പുരോഹിതൻ."

ഇൻഡ്യൻ മഹാസമുദ്രത്തിൽ കൂറ്റൻ തിരമാലകൾ താണ്ഡവമാടിയ 2004 ഡിസംബർ 26; ലോകം മുഴുവൻ വിറങ്ങലിച്ചു നിന്ന ഭീകരദിനം: കിരാത്തൂർ മലങ്കര സുറിയാനി കത്തോലിക്കാ ദൈവാലത്തിന്റെ മദ്ബഹായിൽ മുട്ടുകുത്തി പ്രാർത്ഥിച്ചുകൊണ്ടിരുന്ന ഒരു മുപ്പതുകാരന്റെ കരം പിടിച്ചുകൊണ്ട് മാർത്താണ്ഡം ഭദ്രാസനത്തിന്റെ ദ്വിതീയാദ്ധ്യക്ഷൻ അഭിവന്ദ്യ യൂഹാനോൻ മാർ ക്രിസോസ്റ്റം മെത്രാപ്പോലീത്താ പറഞ്ഞു, "തിരുസഭയിൽ കശീശാ ആകുവാൻ പരിശുദ്ധാത്മാവ് നിന്നെ വിളിക്കുന്നു." ജന്മദിനത്തിൽ തന്നെ വൈദികപട്ടം സ്വീകരിക്കാൻ ഭാഗ്യം ലഭിച്ച നവവൈദികൻ. മുപ്പതാം വയസ്സിൽ പരസ്യജീവിതം ആരംഭിച്ച ക്രിസ്തുവിന്റെ നിത്യപൗരോഹിത്യത്തിൽ അദ്ദേഹം കാലെടുത്തു വച്ചതും മുപ്പതാം ജന്മദിനത്തിൽ. യുവജനങ്ങളിൽ ആത്മീയജ്വാല പകരുന്ന കോളേജ് ക്യാമ്പസ് മിനിസ്ട്രിയായ ജീസ്സസ് യൂത്തിന്റെ മൂശയിൽ സ്ഫുടം ചെയ്ത ആ യുവവൈദികൻ രക്ഷയുടെ കാസായെടുത്ത് സ്വർഗത്തിലേയ്ക്ക് നോക്കി മനസ്സിൽ മന്ത്രിച്ചു: "എനിക്ക് എല്ലാം ക്രിസ്തുവാണ്." പൗരോഹിത്യത്തിന്റെ പുതുവസ്ത്രം അണിഞ്ഞുകൊണ്ട് ആന്റണിയച്ചൻ തുടക്കം കുറിച്ച പൗരോഹിത്യ യാത്രയ്ക്ക് തിരശ്ശീല വീണത് സകലവിശുദ്ധരുടേയും ദിനത്തിലെ സുപ്രഭാതത്തിലായിരുന്നു എന്നത് സ്വർഗം വരച്ച കാലത്തിന്റെ ഒരടയാളമാണ്.

ശ്രീ കടാക്ഷത്തിനും ശ്രീമതി സോമിനി ഭായിക്കും വിവാഹ ജീവിതത്തിന്റെ ആദ്യവർഷങ്ങളിൽ ഒരു കുഞ്ഞിനെ ലഭിക്കാതെ വന്നപ്പോൾ ദൈവാശ്രയം കൈമുതലാക്കിയ ആ ദമ്പതികൾ ഒരു കുഞ്ഞിനെ ലഭിക്കാനായി കുഴിത്തുറയിലെ വി. അന്തോണിയോസിന്റെ ദൈവാലയത്തിൽ പോയി നിരന്തരം പ്രാർത്ഥിച്ചു. സ്വർഗം അവരുടെ പ്രാർത്ഥനയ്ക്ക് ഉത്തരം നൽകിയത് വിവാഹത്തിന്റെ പഞ്ചവർഷത്തിലാണ്. കടിഞ്ഞൂൽ പൈതലിന് പാദുവായിലെ വി. അന്തോണിയോസിന്റെ

www.malankaralibrary.com



പേരു നൽകാൻ അവർക്ക് രണ്ടാമതൊന്ന് ആലോചിക്കേണ്ടി വന്നില്ല. രണ്ടു കുഞ്ഞുങ്ങളെക്കൂടി നൽകി ദൈവം ആ ദമ്പതികളെ വീണ്ടും അനുഗ്രഹിച്ചു (മിൽട്ടണും, അരുൾ ദിനേശും)

ഇടവക ദൈവാലയത്തിലെ ശുശ്രൂഷകളിൽ ഭക്തി പൂർവം പങ്കാളിയായ ബാലനെക്കണ്ട് പലരും പറഞ്ഞു ഇവൻ ഭാവിയിൽ ഒരു പുരോഹിതനാകും. ഹൈസ്കൂൾ വിദ്യാഭ്യാസം ദൈവാലയത്തോട് ചേർന്നുള്ള മാർ ഗ്രിഗോറിയോസ് സ്കൂളിലും ഹയർ സെക്കൻഡറി പഠനം ത്രിത്വപുരം സെന്റ് ജോസഫ്സ് സ്കൂളിലും പൂർത്തിയാക്കി, ഡിഗ്രി പഠനത്തിനായി തിരുവനന്തപുരം മാർ ഈവാനിയോസ് കോളേജിൽ ചേർന്നത് ആന്റണിയുടെ ജീവിതത്തിൽ വഴിത്തിരിവായി. ജീസസ്സ് യൂത്തിലെ സജീവ അംഗമായതോടെ ദൈവീക കാര്യങ്ങൾക്ക് പ്രഥമ പരിഗണന നൽകുന്ന ഒരു ആത്മീക ശൈലി അദ്ദേഹം സ്വായത്തമാക്കി. ഭൗതീക ശാസ്ത്രത്തിൽ ബിരുദം നേടിയതോടൊപ്പം തന്നെക്കുറിച്ചുള്ള ദൈവഹിതവും തിരിച്ചറിഞ്ഞു. ഇതിന് ആന്റണിയെ ഏറെ സഹായിച്ചത് അനന്തപുരിയിലെ ആത്മീയ പ്രഭാഷകനും കോളേജിലെ മലയാളം പ്രൊഫസറുമായിരുന്ന ബഹു. സാമുവേൽ കാട്ടുകല്ലിലച്ചൻ (പിന്നീട് സാമുവേൽ മാർ ഐറേനിയോസ് പിതാവ്) ആയിരുന്നു.

തിരുവനന്തപുരം അതിഭദ്രാസനത്തിനുവേണ്ടി ഒരു വൈദികനാകാനുള്ള ആഗ്രഹവുമായി 1996 ജൂണിൽ പട്ടം സെന്റ് അലോഷ്യസ് മൈനർ സെമിനാരിയിൽ ചേർന്നു. ആ വർഷാവസാനം പുതുതായി രൂപീകൃതമായ മാർത്താണ്ഡം ഭദ്രാസനത്തിനുവേണ്ടി വൈദിക പഠനം തുടർന്ന ബ്ര. ആന്റണി നാലാഞ്ചിറ സെന്റ് മേരീസ് മലങ്കര മേജർ സെമിനാരിയിൽ ഫിലോസഫിയും തിയോളജി പഠനവും പൂർത്തിയാക്കി. പരിശീലന കാലഘട്ടത്തിൽ ഒരിക്കൽ പോലും ദൈവവിളിയെക്കുറിച്ച് സംശയിക്കാതെ തീരുമാനത്തിൽ ഉറച്ചു നിന്നു. പരിശീലനം പൂർത്തിയാക്കി സെമിനാരിയുടെ പടവുകളിറങ്ങുമ്പോൾ വിളിക്കുള്ളിലെ തന്റെ ബഹു. ആനന്റണി ശെമ്മാശൻ കണ്ടെത്തിയിരുന്നു: പാദുവായിലെ വി. അന്തോണിയോസിനെപ്പോല സുവിശേഷം പ്രസംഗിക്കുക.

കന്യാകുമാരി കേന്ദ്രമാക്കി സഹവൈദികനായി ആരംഭിച്ച പൗരോഹിത്യ ശുശ്രൂഷയെ തുടർന്ന് രൂപതയുടെ വളരെ ഗൗരവമായ ശുശ്രൂഷയാണ് ഫാ. ആന്റണി ത്രിത്വനിലയത്തെ അഭിവന്ദ്യ പിതാവ് ഭരമേൽപിച്ചത്: ഭാവിവൈദികരെ വാർത്തെടുക്കാനുള്ള മാർ എപ്രേം മൈനർ സെമിനാരിയുടെ റെക്ടർ സ്ഥാനം. അനേകം വൈദിക വിദ്യാർത്ഥികൾക്ക് ദൈവസ്വരം തിരിച്ചറിയാൻ സഹായിക്കുന്നതോടൊപ്പം പരിശീലനത്തിന്റെ ബാലപാഠങ്ങളും ബഹു. റെക്ടറച്ചൻ പകർന്നു നൽകി. അവരിൽ പലരും വൈദികപട്ടം സ്വീകരിച്ച് ഇന്ന് മാർത്താണ്ഡം ഭദ്രാസനത്തിൽ സ്തുത്യർഹമായ ശുശ്രൂഷ ചെയ്യുന്നു. തുടർന്ന്, മാർത്താണ്ഡം ക്രിസ്തുരാജ കത്തീഡ്രൽ വികാരിയായും എം.സി.വൈ.എം. രൂപതാ ഡയറക്ടറായും സേവനമനുഷ്ഠിച്ചു. ക്രിയാത്മകവും സംഘാതവുമായ യുവജന ശുശ്രൂഷയിലൂടെ അനേകം യുവജനങ്ങളെ പ്രചോദിപ്പിക്കാൻ ബഹു. അച്ചന്റെ നേതൃത്വവും വ്യക്തിപരമായ ഇടപെടലുകളും സഹായിച്ചു എന്നത് ഇന്നും യുവജനങ്ങൾ നന്ദിപൂർവം ഓർക്കുന്നു. ആത്മീയ ശുശ്രൂഷയ്ക്കായി കുഴിത്തുറയിൽ ഒരു ധ്യാനകേന്ദ്രവും യുവജനങ്ങൾക്ക് ഉന്നത ജോലി സാധ്യത ഉറപ്പാക്കാനായി കന്യാകുമാരിയിൽ സെന്റ് പോൾസ് എഡ്യുക്കേഷൻ അക്കാദമിയും തുടങ്ങിക്കൊണ്ട് ദൈവജനത്തിന്റെ സമഗ്രപുരോഗതി ഉറപ്പാക്കാൻ ബഹു. ആന്റണി അച്ചൻ നടത്തിയ ധീരമായ ചുവടുവയ്പ് ദൈവരാജ്യത്തിന്റെ വ്യാപനത്തിനുള്ള പ്രേഷിത ശുശ്രൂഷയുടെ മറ്റൊരു ഭാവമായിരുന്നു.

കത്തീഡ്രൽ ദൈവാലയത്തിലെ ഞായറാഴ്ചകളിലെ തിരക്കേറിയ അജപാലന ശുശ്രൂഷയക്ക് ശേഷം സ്വന്തം വാഹനം 250 കിലോമീറ്ററോളം ഡ്രൈവ് ചെയ്ത് ആന്റണിയച്ചൻ പോയത് മധുര, തിരുച്ചി പ്രദേശത്തേയ്ക്കായിരുന്നു. പൗലോസിന്റെ പ്രേഷിത തീക്ഷ്ണതയോടെ ബഹു. അച്ചൻ അനേകം കുടുംബങ്ങളിൽ കയറിയിറങ്ങി. പ്രാർത്ഥനാകൂട്ടായ്മകൾ രൂപീകരിച്ച് സഭാകൂട്ടായ്മകൾക്ക് അച്ചൻ അടിസ്ഥാനം കുറിച്ചു. രോഗക്കിടക്കിയിലും അദ്ദേഹം സ്വന്തം രൂപതാദ്ധ്യക്ഷനോട് ചോദിച്ചത് ഒരു കൊച്ചു മിഷൻ പള്ളിയുടെ ചുമതല തരുമോ എന്നായിരുന്നു. ജീവിതത്തിന്റെ അവസാന ശ്വാസംവരെ ഒരു മിഷണറിയായി ജീവിക്കണമെന്ന് അതിയായി ആഗ്രഹിച്ചിരുന്ന ആ വൈദികന്റെ സ്വർഗീയ മാദ്ധ്യസ്ഥം രൂപതയുടെ പ്രേഷിത പ്രവർത്തനങ്ങൾക്ക് ശക്തി പകരും എന്നതിൽ സംശയമില്ല.

അനേകം സ്ഥലങ്ങളിലേയ്ക്ക് കടന്നുചെന്ന് ദൈവവചനം പ്രസംഗിക്കുന്നതിൽ എന്നും അദ്ദേഹം ആനന്ദം കണ്ടെത്തിയിരുന്നു. മെനർ സെമിനാരി റെക്ടറായിരുന്നപ്പോഴും കത്തീഡ്രൽ വികാരി ആയിരുന്നപ്പോഴും എം.സി.വൈ.എം. ഡയറക്ടറായിരുന്നപ്പോഴും ഈ പതിവിന് മുടക്കം വന്നിട്ടില്ല. ഒരു ഗിത്താറിന്റെ അകമ്പടിയോടെ യുവജന വേദികളിൽ സംഗീതസാന്ദ്രമായി ദൈവവചനം പ്രസംഗിച്ചപ്പോൾ അനേകം യുവഹൃദയങ്ങളിൽ കൃപാഭിഷേകമായി അത് മാറിയിരുന്നു. കലാപരമായി മൂകാഭിനയത്തിലൂടെ പങ്കുവച്ച ദൈവവചനം അനേകം ഹൃദയങ്ങളിൽ പാപബോധചിന്ത ഉണർത്തി.

ആടുകളുടെ മണമുള്ള ആ അജപാലകന്റെ ഹൃദയത്തിൽ പ്രഥമ ഇടം കണ്ടെത്തിയത് പാവങ്ങളും രോഗികളുമായിരുന്നു. ആത്മാവിന്റെ ആരോഗ്യം മാത്രമല്ല, ശരീരത്തിന്റെയും മനസ്സിന്റേയും ആരോഗ്യവും ഒരുപോലെ പ്രധാനപ്പെട്ടതാണെന്ന് തിരിച്ചറിഞ്ഞ ആന്റണി അച്ചൻ അനേകം രോഗികളെ തന്റെ വാഹനത്തിൽ നാഗർകോവിലെയും തിരുവനന്തപുരത്തെയും ആശുപത്രികളിൽ കൊണ്ടുപോകുന്നതിൽ പ്രത്യേകം താല്പര്യം എടുത്തിരുന്നു. സാധാരണക്കാർക്ക് രോഗപീഡകളിൽ ആന്റണി അച്ചൻ ആശ്വാസം മാത്രമല്ല, ഒരു നല്ല കൂട്ടിരിപ്പുക്കാരൻ കൂടിയായിരുന്നു. അച്ചന്റെ പൗരോഹിത്യത്തിന്റെ നന്മ സ്വീകരിച്ച അനേകർ ഇന്നും അച്ചനെ ഓർക്കുന്നത് മറ്റൊരു ക്രിസ്തു (Alter Christus) ആയിട്ടാണ്.

ബന്ധങ്ങളുടെ പുരോഹിതനായിരുന്നു ആന്റണിയച്ചൻ. താൻ കണ്ടുമുട്ടിയവരെയും തനിക്ക് പരിചയമുള്ളവരേയും തന്റെ പൗരോഹിത്യ യാത്രയിൽ ചേർത്തു നിറുത്താൻ ഒരു

www.malankaralibrary.com



പ്രത്യേക വൈദഗ്ദ്യം ബഹു. അച്ചനുണ്ടായിരുന്നു. സർക്കാർ സംവിധാനങ്ങളുമായി സഹകരിച്ചുകൊണ്ട് ദൈവജനത്തിന് നന്മ പ്രാപ്യമാക്കാൻ അച്ചൻ തന്റെ വ്യക്തിപരമായ സൗഹൃദങ്ങളും ബന്ധങ്ങളും ഉപയോഗിച്ചു. പ്രകൃതി ദുരന്തങ്ങളുടെ സമയത്ത് ദ്രുതകർമ്മസേനയുടെ പല ബറ്റാലിയനും ബഹു. ആന്റണി അച്ചന്റെ നിർദ്ദേശം കാത്തു തയ്യാറായി കന്യാകുമാരി ജില്ലയിൽ തമ്പടിച്ചിരുന്നു. സർക്കാർ സംവിധാനങ്ങളിൽ ബഹു. അച്ചനുണ്ടായിരുന്ന സ്വാധീനം അത്രമാത്രം വലുതായിരുന്നു. തമിഴ്നാട് ഡി.ജി.പി. മുതലുള്ളവരുടെ പേരുകൾ ആന്റണി അച്ചന്റെ ഫ്രണ്ട്സ് ലിസ്റ്റിൽ ഇടപിടിച്ചിരുന്നത് ആകസ്മികമായിരുന്നില്ല. അച്ചന്റെ ആത്മീക സേവനങ്ങൾക്കും പൊതുസമൂഹത്തിലുള്ള ഇടപെടലുകൾക്കും ഗ്ലോബൽ പീസ് യൂണിവേഴ്സിറ്റി 2019-ൽ ഹോണററി ഡോക്ടറേറ്റ് നൽകി അച്ചനെ ആദരിച്ചു. മാർത്താണ്ഡം രൂപതാദ്ധ്യക്ഷൻ അഭിവന്ദ്യ വിൻസെന്റ് മാർ പൗലോസ് മെത്രാപ്പോലീത്താ ആ ഹ്യസ്വജീവിതത്തെ സാക്ഷ്യപ്പെടുത്തി പറഞ്ഞു: "He is a man of initiation"

2019 ജൂലൈ 19ന് വെല്ലൂർ ആശുപത്രിയുടെ കൺസൾട്ടേഷൻ റൂമിൽ വച്ച് ഡോക്ടേഴ്സ് പറഞ്ഞു: മൂന്നു മാസത്തേയ്ക്ക് അച്ചന്റെ ആയുസ്സിന് ഒരു കുഴപ്പവുമില്ല. വൻകുടലിൽ ക്രമരഹിതമായി വളർന്ന കോശങ്ങൾ മെഡിക്കൽ സ്കാനിംഗിൽ ആദ്യമായി പതിഞ്ഞപ്പോൾ അർബുദം വളർച്ചയുടെ നാലാമത്തെ സ്റ്റേജിലായിരുന്നു. ശരീരത്തെ മുഴുവൻ വിഴുങ്ങാൻ തയ്യാറായ സുനാമി പോലെ. ഒന്നര പതിറ്റാണ്ടു കഴിഞ്ഞ ആ പൗരോഹിത്യജീവിതത്തിലേയ്ക്ക് ആഞ്ഞടിച്ച സുനാമി. ക്രിസ്തുവിനെ ചങ്കായി സ്വീകരിച്ച ആ പുരോഹിതന്റെ ചങ്കിലേയ്ക്ക് ആഞ്ഞടിച്ച സഹനത്തിന്റെ സുനാമി.

രോഗത്തെ ആത്മധൈര്യംക്കൊണ്ട് നേരിട്ട ആന്റണിയച്ചൻ കാൻസർ സർവൈവർ എന്ന യൂടൂബ് ചാനലിലൂടെ അനേകർക്ക് പ്രചോദനം നൽകി വീണ്ടും രണ്ടുകൊല്ലത്തിലധികം ജീവിച്ചു. ഡോക്ടർമാർ മുന്നറിയിപ്പു നൽകിയ മൂന്നു മാസം മൂന്നുവർഷത്തേയ്ക്ക് വഴിമാറിയപ്പോൾ ചികിത്സിച്ച ഡോക്ടർമാർ ഒരേ സ്വരത്തിൽ പറഞ്ഞു, ഇത് മെഡിക്കൽ സയൻസിൽ അവിശ്വസനീയം. രോഗത്തെ പരാതികൂടാതെ അംഗീകരിച്ച ബഹു. അച്ചൻ സഹനത്തിന് പുതിയ വ്യാഖ്യാനം നൽകുകയായിരുന്നു.


സഹനത്തിന് പൗരോഹിത്യത്തിന്റെ കൈയ്യൊപ്പു ചാർത്തിയ ബഹു. ആന്റണിയച്ചൻ പറഞ്ഞു, "വലിയെ രസിക്കവും" (Enjoy the pain). ശരീരത്തിൽ ജീവൻ നിലനിൽക്കുമ്പോൾ മാത്രമേ വേദന ഉണ്ടാവുകയുള്ളൂ. ജീവൻ പോയാൽ വേദന പിന്നെ അറിയില്ല. അതായത് വേദന ശരീരത്തിൽ മാത്രമേ ഉള്ളൂ. ഉറച്ച ബോധ്യത്തോടെ അദ്ദേഹം പറഞ്ഞു: "Feel the pain, but do not feel the suffer" അക്ഷരാർത്ഥത്തിൽ മൂന്നുവർഷക്കാലം സഹനത്തെ ആസ്വദിച്ച ആ വൈദികൻ രോഗക്കിടക്കയിൽ തന്നെ സന്ദർശിച്ചവർക്ക് പകർന്നു നൽകിയത് ക്രിസ്തീയ പ്രത്യാശയുടെ പുഞ്ചിരികൾ മാത്രമായിരുന്നു. രോഗപീഢകൾ രൂക്ഷമായി ശരീരം തളർന്നു കിടക്കുമ്പോഴും ദൈവീക ശുശ്രൂഷ സഭയിൽ തുടരാനുള്ള അഭിവാഞ്ചയായിരുന്നു ആ മനസ്സിൽ നിറയെ. ആരോടും പിണങ്ങാതെ ജീവിച്ച ധന്യമായ ജീവിതം. എല്ലാവരേയും സ്നേഹിച്ച മനുഷ്യ സ്നേഹി. നന്മമാത്രം ചെയ്ത കർമ്മയോഗി. 18 വർഷം നീണ്ടു നിന്ന പൗരോഹിത്യ യാത്ര. ഒരു പുരുഷായുസ്സിൽ ചെയ്തു തീർക്കാവുന്ന നന്മകൾ ചുരുങ്ങിയ കാലംക്കൊണ്ട് ചെയ്തു തീർത്ത ശ്രേഷ്ഠമായ പൗരോഹിത്യം. മാസങ്ങൾക്ക് മുമ്പ് എല്ലാവരോടും നന്ദി പറഞ്ഞ് സ്വർഗീയ യാത്രയ്ക്കായി ഒരുങ്ങിയ പുണ്യജിവിതം. ജീവിക്കാൻ വേണ്ടി മാത്രം ആഗ്രഹിക്കുകയും പരിശ്രമിക്കുകയും ചെയ്ത പൗരോഹിത്യം. മരണം പോലും ഒരു ഉറക്കമാക്കി മാറ്റിയ സാക്ഷ്യം. ഇന്ന് ആന്റണിയച്ചൻ ഒരു ഓർമ മാത്രമല്ല, പ്രചോദനം കൂടെയാണ്.



അവിശ്വസനീയമായ ആ പൗരോഹിത്യത്തിന്റെ ദീപ്തമായ ഓർമകൾക്കു മുമ്പിൽ സഹപാഠികൾക്ക് പറയുവാനുള്ളത് ഒന്നു മാത്രം "ദൈവത്തിന്റെ കൈയ്യൊപ്പുള്ള പുരോഹിതാ, സമാധാനത്തോടെ പോവുക."

---

## ഉപകാരസ്മരണ



ഒരു വിശ്വാസി

www.malankaralibrary.com



വിശേഷം



# ശാസ്ത്രപാതയിൽ ഒരു അൾത്താര ശുശ്രൂഷകൻ



**ക്ലിന്റൺ എൻ. സി. ഡാമിയൻ**

ആധുനിക കാലത്ത് ക്രൈസ്തവ വിശ്വാസത്തെക്കാൾ ശാസ്ത്രത്തെ ഉയർത്തി നിർത്തി ചോദ്യശരങ്ങളും വിമർശനങ്ങളും തീർക്കുക എന്നത് ന്യൂജെൻ യുവത്വങ്ങളുടെ ശീലവും രീതിയും ആണ്. ദൈവവിശ്വാസി എന്നതിനെക്കാൾ യുക്തിവാദത്തിന്റെയും നിരീശ്വര പ്രസ്ഥാനങ്ങളുടെയും ഭാഗമായി നിന്നുകൊണ്ട് ശാസ്ത്രപരമായ തെളിവ് എവിടെ എന്ന വാദമുഖം ഉയർത്തി അത് അഭിമാനമായി പേറുന്ന യുവത്വങ്ങളുടെ എണ്ണം വിരളമല്ല. കുഞ്ഞുനാൾ മുതൽ മാതാപിതാക്കളിൽ നിന്നും വേദപാഠക്ലാസുകളിൽ നിന്നും പകർന്നു ലഭിക്കുന്ന വിശ്വാസത്തെ യുവത്വത്തിലേയ്ക്ക് കടക്കുമ്പോൾ സ്വതന്ത്ര ചിന്തയുടെ പേരിൽ തള്ളിക്കളഞ്ഞ് പ്രത്യയശാസ്ത്രങ്ങൾക്ക് മുൻതൂക്കം നൽകി, ശാസ്ത്രമാണ് വലുതെന്ന് ചിന്തിക്കുന്നവർ ഓർക്കേണ്ട ഒരു സത്യമുണ്ട്; കത്തോലിക്കാ സഭയോളം ശാസ്ത്രത്തിന്റെ വളർച്ചയ്ക്കും വികസനത്തിനുമായി സംഭാവനകൾ നൽകിയ വേറെ മതാധിഷ്ഠിതമായ പ്രസ്ഥാനം ലോകത്തിലുണ്ടാകില്ല. അതിന് തെളിവായി ആഗോള കത്തോലിക്കാസഭയുടെ ആസ്ഥാനമായ വത്തിക്കാനിലെ വാനനിരീക്ഷണ കേന്ദ്രം തന്നെ മതിയാകും. അതോടൊപ്പം തന്നെ, നൊബേൽ സമ്മാനം ലഭിച്ച ശാസ്ത്രജ്ഞൻമാരുടെ എണ്ണത്തിൽ എഴുപതു ശതമാനത്തോളം ക്രൈസ്തവരായിരുന്നു എന്നതും ഓർക്കേണ്ടതുണ്ട്.

ഈ ആധുനിക കാലത്തും കത്തോലിക്കാ ശാസ്ത്രജ്ഞൻമാരെ വെറുതെ ഓൺലൈനിൽ തിരഞ്ഞു നോക്കിയാൽ ഒരു കൂട്ടം ശാസ്ത്രജ്ഞൻമാരെ കണ്ടെത്താനാകും എന്നത് അത്ഭുതവും ആശ്വാസവും ജനിപ്പിക്കുന്ന വസ്തുതയാണ്; തങ്ങളുടെ ശാസ്ത്ര ഗവേഷണ പാതയിൽ കത്തോലിക്കാ വിശ്വാസത്തെ മുറുകെ പിടിച്ച് നടന്നുനീങ്ങുന്ന ശാസ്ത്രജ്ഞർ! നമ്മൾ അറിയാതെപോകുന്ന അത്തരക്കാരിൽ ചിലർ ഈ കൊച്ചു മലയാളക്കരയിലും ഉണ്ടെന്നത് കഴിഞ്ഞ ദിവസം കണ്ടുമുട്ടിയ ഒരു ചെറുപ്പക്കാരൻ എന്നെ ഓർമ്മിപ്പിച്ചു; തിരുവനന്തപുരം മലങ്കര മേജർ അതിഭദ്രാസനത്തിനു തന്നെയല്ല, മലങ്കര കത്തോലിക്കാ സഭയ്ക്കും ആഗോള കത്തോലിക്കാ സഭയ്ക്കുതന്നെയും അഭിമാനമായി ഉദിച്ചുയരുന്ന യുവശാസ്ത്രജ്ഞനായ ഡോ. ജെറിൻ തോമസ് പനച്ചിക്കൽ എന്ന ചെറുപ്പക്കാരൻ. വിശ്വാസത്തെ ശാസ്ത്രംകൊണ്ട് കീറിമുറിക്കുന്ന ലോകത്ത് ഓരോ മലങ്കര കത്തോലിക്കാ യുവത്വവും അറിഞ്ഞിരിക്കേണ്ട എളിമ നിറഞ്ഞ ഒരു ജീവിതം തന്നെയാണ് അദ്ദേഹത്തിന്റേത്. അദ്ദേഹവുമായി അല്പസമയം സംഭാഷണത്തിൽ ഏർപ്പെട്ടപ്പോൾ അദ്ദേഹത്തിന്റെ കറയറ്റ ദൈവവിശ്വാസവും ഒത്തുതീർപ്പില്ലാത്ത മൂല്യബോധവും എനിക്ക് അത്ഭുതവും പ്രചോദനവും ആയി.

**അൾത്താര ശുശ്രൂഷകനായ യുവശാസ്ത്രജ്ഞൻ**

കേരളത്തിന്റെ വിദ്യാഭ്യാസരംഗത്ത് മലങ്കര കത്തോലിക്കാ സഭയുടെ യശസ്സും അഭിമാനവും ഉയർത്തി പിടിക്കുന്ന മഹാകലാലയമായ മാർ ഇവാനിയോസ് കോളജിലെ ധനതത്വശാസ്ത്ര അധ്യാപകനായിരുന്ന അഡ്വ. പ്രൊഫ. ഡോ. തോമസുകുട്ടി പനച്ചിക്കലിന്റെയും ഗണിത ശാസ്ത്ര വകുപ്പ് മേധാവിയും അധ്യാപികയുമായിരുന്ന പ്രൊഫ. ഡോ. മേരി ജോർജിന്റെയും രണ്ടാമത്തെ മകനാണ് ഡോ. ജെറിൻ തോമസ്. തന്റെ ഇടവക ദേവാലയമായ നാലാഞ്ചിറ സെന്റ് തോമസ് മലങ്കര കത്തോലിക്കാ ദേവാലയത്തിൽ അൾത്താര ശുശ്രൂഷകനായും ദേവാലയ ഗായക സംഘത്തിൽ കീബോർഡിസ്റ്റായും ദൈവത്തിനും സഭാ സമൂഹത്തിനും നിസ്വാർത്ഥ സേവനം നൽകി വരുന്നു ഈ ചെറുപ്പക്കാരൻ. മാർ ബസേലിയോസ് എഞ്ചിനിയറിംഗ് കോളേജിലെ ബിരുദ പഠനത്തിനിടയിൽ കത്തോലിക്കാ യുവത്വങ്ങളുടെ കൂട്ടായ്മയായ ജീസസ്സ് യൂത്തിന്റെ സജീവാംഗമായി തീർന്നു. അതോടൊപ്പം

www.malankaralibrary.com



തന്നെ മലങ്കര കത്തോലിക്കാ സഭയുടെ ഔദ്യോഗിക യുവജന പ്രസ്ഥാനമായ എംസിവൈഎം പ്രസ്ഥാനത്തിന്റെ തിരുവനന്തപുരം മേജർ അതിരൂപത സെനറ്റ് അംഗവുമായിരുന്നു.

**ജപമാലയേന്തി ശാസ്ത്ര ഗവേഷണപാതയിലേയ്ക്ക്**

നാലാഞ്ചിറ മാർ ബസേലിയോസ് കോളജ് ഓഫ് എഞ്ചിനീയറിങ് ആൻഡ് ടെക്നോളജിയിൽ നിന്നും ഇലക്ട്രോണിക്സ് ആൻഡ് കമ്മ്യൂണിക്കേഷനിൽ ബിരുദം നേടി. ബിരുദ കാലത്ത് കോളേജിലെ ജീസസ്സ് യൂത്ത് പ്രവർത്തനങ്ങളിൽ സജീവ സാന്നിദ്ധ്യമായിരുന്നു. കലാലയത്തിൽ അർപ്പിക്കപ്പെടുന്ന വി. കുർബ്ബാനകളിൽ സജീവ പങ്കാളിത്തം നൽകിയിരുന്ന അദ്ദേഹം സംസാര മദ്ധ്യേ, നമ്മുടെ കലാലയങ്ങളിൽ പ്രാർത്ഥന കൂട്ടായ്മകളുടെയും ആത്മീയ സംഘടനകളുടെയും പ്രയോജനത്തെയും ആവശ്യകതയെയും കുറിച്ച് വാചാലനായി. ഗവൺമെന്റ് എഞ്ചിനീയറിംഗ് കോളേജിൽ നിന്നും സിഗ്നൽ പ്രോസസ്സിങ്ങിൽ എം.ടെക്ക് ബിരുദം നേടിയ ശേഷം പിഎച്ച്.ഡി ഗവേഷണത്തിനായി ഭാരതത്തിലെ പ്രമുഖ ശാസ്ത്ര ഗവേഷണ കേന്ദ്രമായ ബാംഗ്ലൂർ ഇന്ത്യൻ ഇൻസിറ്റ്യൂറ്റ് ഓഫ് സയൻസിൽ ചേർന്നു. ഗവേഷണത്തിന്റെ തിരക്കിനിടയിലും ദൈവത്തെയോ ദൈവിക കാര്യങ്ങളെയോ മറക്കുവാനോ മാറ്റിവയ്ക്കുവാനോ തയ്യാറായില്ല എന്നതാണ് അദ്ദേഹത്തെ വ്യത്യസ്തനാക്കുന്നത്! ഇൻസിറ്റ്യൂട്ടിലെ സമാന ചിന്താഗതിയുള്ള സുഹൃത്തുക്കളെ ഒരുമിപ്പിച് തന്റെ ഗവേഷണത്തിനിടയിലും ഒരു ജപമാല സഖ്യം രൂപീകരിക്കുവാൻ അദ്ദേഹത്തിനുകഴിഞ്ഞു. കോവിഡിന്റെ ദുരിത കാലത്ത് അത് തനിക്കും കൂടെയുള്ളവർക്കും നൽകിയ സമാധാനവും സമാശ്വാസവും വളരെ വിലപ്പെട്ടതായിരുന്നു എന്ന് അദ്ദേഹം സാക്ഷ്യപ്പെടുത്തുന്നു. ബാംഗ്ളൂരിലെ മലങ്കര സഭാകൂട്ടായ്മയോടു ചേർന്നും പ്രവർത്തിക്കുവാൻ അദ്ദേഹത്തിനു കഴിഞ്ഞു. മലങ്കര കത്തോലിക്കാ സഭയുടെ ബാംഗ്ലൂർ മിഷൻ കേന്ദ്രമായ സെന്റ് ജോസഫ് മലങ്കര കാത്തലിക്ക് ദേവാലയത്തിലെ അൾത്താര ശുശ്രൂഷകനായും ഗായകസംഘത്തിൽ കീബോർഡിസ്റ്റായും പ്രവർത്തിച്ചു. മലങ്കര കത്തോലിക്കനായിരിക്കെ സഭകളുടെ ഐക്യമെന്ന ബോധ്യത്തിൽ റീത്തുകൾക്കതീതമായ ഒരു കത്തോലിക്കാ സ്നേഹത്തിലും ഐക്യത്തിലും സഹവർത്തിക്കാൻ അദ്ദേഹം പ്രത്യേകം ശ്രദ്ധിച്ചിരുന്നു. സീറോ മലബാർ സഭയുടെ ബാംഗ്ലൂർ സെന്റ് സെബാസ്റ്റ്യൻസ് ഫെറോന ഇടവകയുടെ കീഴിൽ മൈഗ്രന്റ് യൂത്തിന്റെ പ്രസിഡന്റായി പ്രവർത്തിച്ചത് ആ ഉൾക്കാഴ്ചയോടെ ആണ്.

**ചരിത്രത്തിൽ ഇടംപിടിച്ച മനസ്സു വായനയുടെ ഗവേഷണം**

നൊബേൽ സമ്മാന ജേതാവായ ശ്രീ.സി.വി.രാമന്റെ ശാസ്ത്ര ഗവേഷണങ്ങൾ വിളഞ്ഞ ഭാരതത്തിലെ ഏറ്റവും മികച്ച ശാസ്ത്ര ഗവേഷണ സ്ഥാപനമായ ഇന്ത്യൻ ഇൻസിസ്റ്റ്യൂട്ട് ഓഫ് സയൻസിലെ ഡിപ്പാർട്ട്മെന്റ് ഓഫ് ഇലക്ട്രിക്കൽ എഞ്ചിനീറിംഗിലെ പ്രൊഫ.ഡോ. എ. ജി. രാമകൃഷ്ണന്റെ കീഴിലാണ് ഡോ. ജെറിൻ ഗവേഷണം പൂർത്തീകരിച്ചത്. തന്റെ വിദ്യാഭ്യാസ - കരിയർ രംഗത്ത് ഒരു ഉയർച്ചയുടെ നേട്ടങ്ങൾ എന്നതിനപ്പുറം ഭാരതത്തിലെ ശാസ്ത്ര ഗവേഷണത്തിന്റെ ചരിത്രതാളുകളിൽ സുവർണ്ണ ലിപികളാൽ തീർക്കപ്പെടുന്ന മികച്ച കണ്ടുപിടിത്തമാണ് അദ്ദേഹം തന്റെ ഗവേഷണത്തിലൂടെ നടത്തിയിരിക്കുന്നത്. മെഷീൻ ലേണിംഗ് ഫോർ ഡീക്കോഡിംഗ് ഇമാജിൻഡ് വേഡ് ആൻഡ് ആൾട്ടേഡ് സ്റ്റേറ്റ് ഓഫ് കോൺഷ്യസ്നെസ്സ് ഫ്രം ഇഇജി (Machine Learning for Decoding Imagined Words and Altered State of Consciounsess from EEG) എന്നതായിരുന്നു അദ്ദേഹത്തിന്റെ ഗവേഷണ വിഷയം. ഒരാൾ മനസ്സിലാലോചിക്കുന്നവയെ വായിച്ചെടുക്കാൻ സാധ്യമാക്കുന്ന പ്രക്രിയയാണത്. ശബ്ദത്തോടെ തന്നെ മനസ്സിൽ ആലോചന നടക്കുമെങ്കിലും ശബ്ദമോ ആംഗ്യമോ ആയി പുറത്തു വരാത്ത കാര്യങ്ങളും മനസ്സിലാക്കാനാണ് ഇഇജിയും നിർമ്മിത ബുദ്ധിയിലെ (Artificial Intelligence) ഡീപ് ലേണിങ്ങ് (Deep Learning) സാങ്കേതിക വിദ്യയും ഉപയോഗിച്ചിരിക്കുന്നത്. ഇഇജി സിഗ്നലുകളെ ഡീപ് ലേണിങ്ങ് വഴി ഡീക്കോഡ് ചെയ്താണ് മനസ്സിലെ ആശയം വേർതിരിച്ചെടുക്കുന്നത്. ഈ രീതിയിൽ അദ്ദേഹം നടത്തിയ രണ്ടു പരീക്ഷണങ്ങളും വിജയം കണ്ടിരുന്നു. പൂർണ്ണമായ പക്ഷാഘാതം പോലെയുള്ള രോഗബാധിതർക്ക്, തങ്ങൾ പറയുവാൻ ആഗ്രഹിക്കുകയും എന്നാൽ പറയുവാൻ സാധിക്കാതെയും പോകുന്ന കാര്യങ്ങൾ വായിച്ചെടുക്കുന്നതു മുതൽ യുദ്ധഭൂമിയിൽ ശബ്ദമില്ലാതെ സൈനികർക്ക് പരസ്പരം വിവരങ്ങൾ കൈമാറാൻ സാധിക്കുന്നതു വരെ നീളുന്ന അനന്തമായ സാധ്യതകളാണ് ഡോ.ജെറിന്റെ പഠനം ശാസ്ത്ര സാങ്കേതിക ഗവേഷണ രംഗത്ത് തുറന്നിട്ടിരിക്കുന്നത്. തന്റെ കണ്ടുപിടിത്തങ്ങൾ ഫ്രന്റിയേഴ്സ് ന്യൂറോ സയൻസിൽ (Frontiers Neuro Science) പ്രസിദ്ധീകരിച്ചതോടെയാണ് അന്താരാഷ്ട്രതലത്തിൽ ഡോ. ജെറിന്റെ ഗവേഷണ പഠനഫലം ചർച്ചയ്ക്കിടയായത്.

**നേട്ടങ്ങളിൽ മാർ ഈവാനിയോസ് പിതാവിന്റെ മാധ്യസ്ഥം**

ഒരു മികച്ച യുവശാസ്ത്രജ്ഞൻ എന്ന നിലയിൽ നേട്ടങ്ങളുടെ ഉയരങ്ങളിൽ എത്തുമ്പോഴും ഓരോ ചുവടിലും ദൈവദാസൻ മാർ ഇവാനിയോസിന്റെ മാധ്യസ്ഥം തേടാറുണ്ടെന്ന് എവിടെയും തുറന്നു പറയാൻ ഡോ. ജെറിന് യാതൊരു മടിയുമില്ല. ബിരുദ പഠന കാലത്തുതന്നെ ഗവേഷണത്തോട് അദ്ദേഹം താൽപ്പര്യം പ്രകടിപ്പിച്ചിരുന്നു. അക്കാലത്തു് വിവിധ ദേശീയ- അന്തർദ്ദേശീയ സെമിനാറുകളിൽ പങ്കെടുക്കുകയും ഗവേഷണ ലേഖനങ്ങൾ അവതരിപ്പിക്കുകയും അവാർഡുകൾ കരസ്ഥമാക്കുകയും ചെയ്തിട്ടുണ്ട്. 2012-ൽ തിരുവനന്തപുരത്തെ മാർ ബസേലിയോസ് കോളജ് ഓഫ് എഞ്ചിനിയറിംഗ് ആൻഡ് ടെക്നോളജിയിൽ നിന്നും Outstanding Achievement Award കരസ്ഥമാക്കിയാണ് ബിരുദം പൂർത്തീകരിച്ചത്. ദേശീയതലത്തിൽ JRF, GATE പരീക്ഷകൾ മികച്ച സ്കോറോടുകൂടി പാസാകുകയും വിവിധ സർക്കാർ ഏജൻസികളുടെ സ്കോളർഷിപ്പുകൾക്ക് അർഹനാകുകയും ചെയ്തു. ഇറ്റാലിയൻ ഗവൺമെന്റിന്റെ പ്രത്യേക

www.malankaralibrary.com



ക്ഷണിതാവായി ലോക പ്രശസ്ത ഗവേഷണകേന്ദ്രമായ ഇറ്റലിയിലെ അബ്ദസ് സലാം ഇന്റർനാഷ്ണൽ സെന്ററിൽ (Abdus Salam International Centre for Theoretical Physics, Trieste, Italy) നിർമ്മിത ബുദ്ധിയിൽ പരിശീലനം നേടി. തന്റെ പിച്ച്ഡി പഠനം വിജയകരമായി പൂർത്തിയാക്കിയതിനു ശേഷം ഇപ്പോൾ ഡോ. ജെറിൻ കേരളത്തിലെ മികച്ച എഞ്ചിനിയറിംഗ് കലാലയമായ തിരുവനന്തപുരത്തെ കോളേജ് ഓഫ് എഞ്ചിനിയറിങ്ങിൽ അസിസ്റ്റന്റ് പ്രൊഫസറായി സേവനമനുഷ്ഠിച്ചു വരുന്നു. തന്റെ ഓരോ നേട്ടവും ആ കബറിന്റെ പുണ്യസ്ഥലത്ത് നിന്ന് ലഭിച്ചതാണെന്ന്, ദൈവദാസൻ മാർ ഇവാനിയോസ് പിതാവിന്റെ കബറിടത്തെ ചൂണ്ടിക്കാട്ടികൊണ്ട് പറഞ്ഞപ്പോൾ അദ്ദേഹത്തിന്റെ കണ്ഠം ഇടറുന്നുണ്ടായിരുന്നു.

**എല്ലാം ദൈവദാനമായി കരുതുന്ന കുടുംബം**

ഒരേസമയം ഗാസ്ത്രഗവേഷണ രംഗത്തും അൾത്താര ശുശ്രൂഷകളിലും സജീവമായ പങ്കാളിത്തം ഡോ. ജെറിന് നൽകാനാകുന്നത് പ്രാർത്ഥനയിലും വിശ്വാസത്തിലും അധിഷ്ഠിതമായ കുടുംബത്തിന്റെ പിന്തുണകൊണ്ടു തന്നെയാണ്. കേരളത്തിലെ വിഖ്യാതമായ കലാലയത്തിലെ അധ്യാപകരായിരുന്നിട്ടും ദൈവവിശ്വാസത്തിലും അൾത്താര ശുശ്രുഷ രംഗത്തും ഉറച്ചു നിൽക്കുവാനും മക്കളെ ആ വഴിയിലൂടെ നടത്തുവാനും കാണിച്ച മാതൃകയ്ക്ക് ഒരായിരം അഭിനന്ദങ്ങൾ നൽകണം. ഇപ്പോൾ സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയിൽ ഡെപ്യൂട്ടി മാനേജരായി സേവനം അനുഷ്ഠിക്കുന്ന മൂത്ത മകൻ, ജസ്റ്റിൻ തോമസ്, ഒരു ക്വിസ്സർ ആയി ദേശീയ-അന്തർ ദേശീയ അവാർഡുകൾ വാരികൂട്ടിയപ്പോഴും, ഇളയ മകനായ ജെറിൻ ഗവേഷണ മേഖലയിൽ ഉന്നതങ്ങൾ കീഴടക്കുമ്പോഴും എല്ലാം ദൈവദാനം മാത്രമാണെന്ന് എളിമയോടെ ഈ കുടുംബം വിശ്വസിക്കുകയും ഏറ്റുപറയുകയും ചെയ്യുന്നു. ഡോ. ജെറിന്റെ സഹധർമ്മിണിയായ അഡ്വ. ഏയ്ഞ്ചൽ മേരി ജോൺ എംസിവൈഎം മാവേലിക്കര രൂപത മുൻ സിൻഡിക്കേറ്റ് അംഗമാണ്.

ഭാരതത്തിന്റെ ശാസ്ത്ര രംഗത്ത് ഉദിച്ചു വരുന്ന യുവശാസ്ത്രജ്ഞനായ ഡോ. ജെറിൻ തോമസ് പനച്ചക്കൽ, ഗവേഷണ രംഗത്ത് ഇനിയും ഇനിയും മുന്നേറട്ടെ എന്നു നമുക്ക് പ്രാർത്ഥിക്കാം. അങ്ങനെ, മലങ്കര കത്തോലിക്കാ സഭയ്ക്കും ആഗോള ക്രൈസ്തവ സഭാസമൂഹത്തിനും ഒരു അഭിമാന താരകമായി ഈ ചെറുപ്പക്കാരൻ മാറുവാൻ ഇടയാകട്ടെ.



# ഉപകാരസ്മരണ

ഒരു വിശ്വാസി

www.malankaralibrary.com



വിചിന്തനം




# സ്വത്വബോധവും സ്വത്വ രാഷ്ട്രീയവും



റവ. ഫാ. വർഗീസ് വള്ളിക്കാട്ട്

ഭരണാധികാരികൾ, രാഷ്ട്രീയക്കാർ, പാർട്ടിക്കാർ, പൗരന്മാർ – അങ്ങനെജനാധിപത്യ സംവിധാനത്തിൽ മനുഷ്യർ പലവിധമാണ്. 'പാർട്ടി പറയുന്നത് പരമ സത്യം' എന്നത് ഒരു സാധാരണ പൗരന്റെ നിലപാടല്ല. ജനാധിപത്യ ക്രമത്തിൽ പാർട്ടിയുടെ താല്പര്യം ഭരണം പിടിക്കുക, കുറഞ്ഞപക്ഷം അതിൽ പങ്കാളിയെങ്കിലും ആകുക എന്നതാണ്. പാർട്ടിയുടെ താല്പര്യത്തിനും നിലപാടിനും മീതെയാണ് രാജ്യത്തിൻറെ താല്പര്യം എന്നു കരുതുന്ന രാഷ്ട്രീയക്കാരുടെ എണ്ണം അധികം ഉണ്ടാവുമെന്ന് കരുതാൻ വയ്യ. സമീപകാല രാഷ്ട്രീയം ശ്രദ്ധിക്കുന്ന ഒരാൾക്ക് സ്വാഭാവികമായും ഉണ്ടാകുന്ന ചില വിചാരങ്ങളാണ് പങ്കുവയ്ക്കാൻ ശ്രമിക്കുന്നത്.

**രാജ്യവും ഭരണവും രാജ്യസ്നേഹവും**

രാജ്യം ഭരിക്കുന്ന ഭരണാധികാരികൾ പാർട്ടി രാഷ്ട്രീയത്തിനുപരി, ജനങ്ങളെ പൊതുവായി കാണുകയും പൊതു നന്മ ലക്ഷ്യംവച്ചു ഭരണം നടത്തുകയും ചെയ്യുന്നത്തിലാണ് ജനാധിപത്യത്തിന്റെ ശക്തി കുടികൊള്ളുന്നത്. രാജ്യസ്നേഹം എന്നാൽ, ജനങ്ങളുടെ ക്ഷേമത്തിലുള്ള താല്പര്യവും പ്രതിബദ്ധതയുമാണ്. രാജ്യം ഒരു ഭൂപ്രദേശം മാത്രമല്ല, അതിൽ അധിവസിക്കുന്ന മുഴുവൻ മനുഷ്യരും അവരുടെ ജീവിത സാഹചര്യങ്ങളും അവരുടെ ചരിത്രവും ഭാഗധേയവും കൂടിയാണ്. അതുകൊണ്ടുതന്നെ, രാജ്യസ്നേഹം ജനങ്ങളുടെ, വിശിഷ്യാ ദരിദ്രരും നിസ്വരുമായവരുടെ സംരക്ഷണത്തിനും അഭിവൃദ്ധിക്കും വേണ്ടി ആത്മ സമർപ്പണം ചെയ്യാനുള്ള സന്നദ്ധതയാണ്. രാജ്യദ്രോഹമാകട്ടെ, രാജ്യത്തോടുള്ള, പൗരനോടുള്ള അക്രമമാണ്, ഹിംസാത്മകമായ നിലപാടാണ്.

ഒരാൾ രാജ്യസ്നേഹം തെളിയിക്കേണ്ടത് ഏതെങ്കിലും പ്രത്യേക വിഭാഗത്തോടോ സംസ്കൃതിയോടോ മാത്രം സവിശേഷമായ ആഭിമുഖ്യം പുലർത്തിക്കൊണ്ടും അതിനെ

www.malankaralibrary.com



മാത്രം ദേശീയതയുടെയും ദേശ സ്നേഹത്തിന്റെയും പ്രതീകവും അടയാളവുമായി ഉയർത്തിക്കാണിച്ചുകൊണ്ടും ആകണം എന്നത് അംഗീകരിക്കാൻ കഴിയുന്ന നിലപാടല്ല. സമഷ്ടിയുടെയും സാകല്യത്തിന്റേതുമായ ഒരു ദർശനവും സമീപനവും വളർത്തുന്നതിലാണ് ഭരണാധികാരികൾ മനസ്സിരുത്തേണ്ടത്. പൊതുവായ ചില വീക്ഷണങ്ങൾ പങ്കുവച്ചത്, പ്രത്യേകമായ ചില കാര്യങ്ങളിലേക്ക് വരുന്നതിനാണ്.

**ഇന്ത്യയുടെ ആത്മാവിൽ അസ്ഥിവാരം ഉറപ്പിച്ചവർ**

ഭാരതത്തിന്റെ പുരാതന സംസ്കൃതിയെ വ്യാഖ്യാനിച്ചു പുനർനിർമ്മിക്കാൻ പരിശ്രമിച്ചുകൊണ്ടാണ് ആധുനിക ഇന്ത്യയുടെ സ്രഷ്ടാക്കളിൽ പ്രമുഖനായ സ്വാമി വിവേകാനന്ദൻ ആധുനിക ഇന്ത്യയുടെ പുനർനിർമ്മാണത്തിനും ദേശാഭിമാനത്തിനും അടിത്തറയൊരുക്കിയത്. ചരിത്രാധ്യാപികയായ ഡോ. എൻ. ലക്ഷ്മിക്കുട്ടി 'സ്വാമി വിവേകാനന്ദനും രാഷ്ട്രപുനർനിർമ്മാണവും' എന്ന ഗ്രന്ഥത്തിൽ പ്രസക്തമായ ചില വസ്തുതകൾ പങ്കുവയ്ക്കുന്നുണ്ട്. അതിലെ പ്രധാന ആശയത്തെ ഇങ്ങനെ സംഗ്രഹിക്കാമെന്നു തോന്നുന്നു: ഇന്ത്യയുടെ സ്വത്വവും അനന്യതയും കുടികൊള്ളുന്നത് അതിന്റെ പൗരാണിക വേദ സംസ്കൃതിയിലാണ്. ഇന്ത്യയുടെ മോചനം അഥവാ, ഇന്ത്യയിലെ ജനസാമാന്യത്തിന്റെ പുരോഗതി വിവേകാനന്ദ സ്വാമികൾ സ്വപ്നംകണ്ടു. അധികാരവും, സമ്പത്തും, വിജ്ഞാനവുമെല്ലാം ഇതിനായി വിനിയോഗിക്കപ്പെടുന്ന ഒരു ഭാവി ഇന്ത്യയെ അദ്ദേഹം വിഭാവന ചെയ്തു. ദേശീയ പ്രസ്ഥാനത്തിന് നേതൃത്വം നൽകിയ ഗാന്ധിജിയുടെയും ഇതര നേതാക്കളുടെയും സങ്കല്പശക്തിയെ ഉണർത്തി ഒരു പുതിയ ഇന്ത്യയെ സ്വപ്നം കാണാൻ അവരെ പ്രേരിപ്പിച്ച ഘടകങ്ങളിൽ, സ്വാമി വിവേകാനന്ദന്റെ ഈ ദർശനത്തിനു മുഖ്യ പങ്കുണ്ടായിരുന്നു. രാഷ്ട്രീയ സ്വാതന്ത്ര്യം ദേശീയപ്രസ്ഥാന നേതാക്കളുടെ മുഖ്യ ലക്ഷ്യമായിരുന്നെങ്കിലും, ആന്തരികമായി ശാക്തീകരിക്കപ്പെടാത്ത ഒരു ജനതയ്ക്ക് ആത്മാഭിമാനത്തോടെയും ആത്മവിശ്വാസത്തോടെയും രാജ്യത്തെ മുന്നോട്ടു നയിക്കാനുള്ള കരുത്തുണ്ടാവുകയില്ല എന്നതായിരുന്നു അവരുടെ ബോധ്യം.



മേല്പറഞ്ഞ വീക്ഷണത്തെ ഇങ്ങനെ വിശദീകരിക്കാം: മനുഷ്യനിലെ ദൈവിക ചൈതന്യം മനുഷ്യാന്തസ്സിന്റേയും, സമത്വത്തിന്റെയും, സാഹോദര്യത്തിന്റെയും മാത്രമല്ല സ്വാതന്ത്ര്യത്തിന്റെയും അനിഷേധ്യമായ അടിത്തറയാണ്. ഇന്ത്യൻ സമൂഹത്തിന്റെ നവീകരണത്തിനും മോചനത്തിനുമുള്ള ഇന്ധനം ഇന്ത്യയുടെ ആത്മീയ സ്രോതസ്സുകളിലാണ് കണ്ടെത്തേണ്ടത്. ഉപനിഷത്തുകളും ഭഗവത് ഗീതയും നവമായി വ്യാഖ്യാനിച്ചുകൊണ്ടും ഇന്ത്യൻ യാഥാർഥ്യങ്ങളെ അതിന്റെ വെളിച്ചത്തിൽ വിശകലനം ചെയ്തുകൊണ്ടും പുരാതന ഭാരതത്തിന്റെ ആത്മീയ ശോഭയെ വെളിപ്പെടുത്തിയവരാണ് സ്വാമി വിവേകാനന്ദനും ഗാന്ധിജിയും. അവർ മുന്നോട്ടുവച്ച കാഴ്ചപ്പാടുകൾ ഓരോ ഇൻഡ്യാക്കാരനിലും ആത്മാഭിമാനവും ആത്മവിശ്വാസവും പകരുന്നതായിരുന്നു! അവർ കൊളുത്തിവച്ച പ്രകാശത്തെ ജനസാമാന്യത്തിനു പകരാനുള്ള മാർഗം വിദ്യാഭ്യാസമാണ്.

**വിദ്യാഭ്യാസത്തിലൂടെ മാറ്റിയെടുക്കേണ്ട സമൂഹം**

ഏതൊരു സമൂഹത്തിന്റെയും സാമൂഹ്യവും രാഷ്ട്രീയവും സാമ്പത്തികവുമായ പുരോഗതിയുടെ അടിസ്ഥാനം വിദ്യാഭ്യാസമാണ്. ഇന്ത്യയുടെ പരമ്പരാഗതമായ വിദ്യാഭ്യാസ രീതികൾക്ക് പരിമിതികൾ ഉണ്ടായിരുന്നു. എങ്കിലും അതു സാംസ്കാരികവും ആത്മീയവുമായ ഔന്നത്യം പുലർത്തി. സമൂഹത്തിന്റെ ഉന്നത ശ്രേണിയിൽ ഒതുങ്ങിനിന്നു എന്നതായിരുന്നു അതിന്റെ പ്രധാന പരിമിതി.വിദ്യാഭ്യാസത്തെസാർവത്രികവൽക്കരിക്കുന്നതിൽ പാശ്ചാത്യ വിദ്യാഭ്യാസം പ്രധാന പങ്കു വഹിച്ചു. എന്നാൽ, പാശ്ചാത്യ വിദ്യാഭ്യാസമാണോ ഇന്ത്യയുടെ പുരോഗതിക്കുള്ള മാർഗം എന്ന ചോദ്യം പ്രസക്തമായിത്തന്നെ നിലനിന്നു. പശ്ചാത്യ വിദ്യാഭ്യാസവും ഇംഗ്ലീഷ് ഭാഷയും ഇന്ത്യയിൽ ചിന്തിക്കുന്ന ഒരു തലമുറയെ വാർത്തെടുത്തു എന്നതു വസ്തുതയാണ്. എന്നാൽ, ഇംഗ്ളീഷ് വിദ്യാഭ്യാസം ഇന്ത്യക്കാരിൽ സ്വാഭിമാനം വളർത്തുന്നതായിരുന്നില്ല എന്നതാണ് ഡോ. ശശി തരൂരിനെപ്പോലുള്ളവർ ചൂണ്ടിക്കാട്ടിയ അതിന്റെ പ്രധാന പരിമിതി.

ഇന്ത്യയുടെ സാംസ്കാരിക തനിമയെയും വ്യക്തിത്വത്തെയും വിലമതിക്കുന്നതും ഇന്ത്യയുടെ ധാർമ്മിക മൂല്യങ്ങളെ ഉൾക്കൊള്ളുന്നതും ഒപ്പം, പാശ്ചാത്യ ശാസ്ത്രവും സാങ്കേതിക വിദ്യയും നൽകുന്ന അറിവിന്റെയും നൈപുണ്യത്തിന്റെയും നന്മകളെ വളർത്തുന്നതുമായ ഒരു വിദ്യാഭ്യാസ പദ്ധതിയാണ് ഇന്ത്യക്കാവശ്യം എന്ന കാഴ്ചപ്പാടാണ് ഡോ. തരൂരിനെപ്പോലുള്ളവർ മുന്നോട്ടു വയ്ക്കുന്നത്. തരൂരിന്റെ തന്നെ വാക്കുകളിൽ 'ഭാഷയും മാതൃകകളും ബൗദ്ധിക സംബ്രദായങ്ങളുംകൊണ്ട് പാശ്ചാത്യർ നമ്മുടെ ജീവിതത്തിലേക്ക് കൊണ്ടുവന്ന ഇന്ത്യൻ മനസ്സിന്റെ കോളനിവൽക്കരണത്തെ' അതിജീവിക്കുക എന്നതാണ് മുഖ്യമായ കാര്യം. അതിനായി അദ്ദേഹം നിർദ്ദേശിക്കുന്ന മാർഗം ഇന്ത്യ അതിന്റെ സ്വത്വം പുനഃസ്ഥാപിക്കുക എന്നതാണ്: 'സ്വത്വത്തിന്റെ പുനഃസ്ഥാപനത്തിലൂടെയല്ലാതെ ഇന്ത്യയുടെ വികസനം സാധ്യമാവുകയില്ലെന്ന് ഇന്ത്യക്കാർ മനസ്സിലാക്കിക്കൊണ്ട്, ദശാബ്ദങ്ങളായി ക്രമേണ അത് മാറിക്കൊണ്ടിരി

www.malankaralibrary.com






ക്കുകയാണ്: ആരാണ് നമ്മൾ, എന്തിലാണ് നമ്മൾ അഭിമാനിക്കുന്നത്, നമ്മൾ എന്തായിത്തീരണമെന്നാണ് ആഗ്രഹിക്കുന്നത് എന്നതാണിത്' എന്നും, 'സംസ്കാരത്തെ പ്രകടിപ്പിക്കുന്നതിനായി പുതിയ മാർഗങ്ങൾ കണ്ടെത്തുക (പഴയതിനെ നവീകരിക്കുക) എന്നതാണ്' ഇന്ത്യൻ ദേശീയവാദികളുടെ കർത്തവ്യം എന്നും അദ്ദേഹം ചൂണ്ടിക്കാട്ടുന്നു (ഇരുളടഞ്ഞ കാലം പേജ് 298 – 299). അതായത്, ഇൻഡ്യാക്കാരനായിരിക്കുന്നതിൽ അഭിമാനം കൊള്ളുകയും, ഒപ്പം എല്ലാഭാഗത്തു നിന്നുമുള്ള അറിവിന്റെ വെളിച്ചത്തെ സ്വാഗതം ചെയ്യുന്നതുമായ ഒരു മനോഭാവം വിദ്യാർത്ഥിയിൽ സൃഷ്ടിക്കുന്നതാവണം വിദ്യാഭ്യാസം.

എന്നാൽ, ദേശീയ നേതാക്കളിൽത്തന്നെ ഡോ. അംബേദ്ക്കറിനെപ്പോലുള്ളവർ 'ഹിന്ദു സത്വ' (ഹിന്ദുത്വ) പുനർനിർമ്മാണ യുക്തിയിൽ അധിഷ്ഠിതമായ ദേശീയതയെ പിന്തുണച്ചിരുന്നില്ല എന്നതും ഓർക്കേണ്ടതുണ്ട്. അംബേദ്കറെ സംബന്ധിച്ചിടത്തോളം, അസ്തിത്വപരമായ യാഥാർഥ്യത്തെ ഒരു 'ബൗദ്ധിക നിർമ്മിതി'കൊണ്ട് തിരസ്കരിക്കാനോ പരിഹരിക്കാനോ കഴിയുന്നതായിരുന്നില്ല. ജാതിഭേദങ്ങൾ ഒരു യാഥാർഥ്യവും തൊട്ടുകൂടായ്മ വലിയ ഒരു വിഭാഗം ജനങ്ങളുടെ അനുഭവവുമായിരുന്നു. ഹിന്ദുത്വ പുനർനിർമ്മാണ യുക്തികൊണ്ട് അതിനെ മറച്ചുവയ്ക്കാനോ മറികടക്കാനോ സാധ്യമായിരുന്നില്ല. അതിനു നിയമപരമായ പരിഹരമാണ് അദ്ദേഹം നിർദ്ദേശിച്ചത്. സ്വാമി വിവേകാനന്ദൻ അദ്വൈത വേദാന്ത വ്യാഖ്യാനംകൊണ്ട് മനുഷ്യാന്തസ്സിനേയും അടിസ്ഥാന മാനവ സമത്വത്തെയും മാനവികമായ സാഹോദര്യ ഭാവനയെയും ആദർശവൽക്കരിക്കുമ്പോൾത്തന്നെ, ഇന്ത്യമുഴുവൻ യാത്രചെയ്ത അദ്ദേഹത്തിന് 'മനുഷ്യാസ്തിത്വത്തിന്റെ ദൃശ്യമായ ക്ഷതത്തെയും അറിയാൻ കഴിഞ്ഞു' എന്നും 'ഒരു ദൈവദർശനത്തെക്കാൾ ഒരു അപ്പക്കഷ്ണത്തിനു കൊതിക്കുന്ന ഇന്ത്യയെ...' അദ്ദേഹം കണ്ടെത്തി എന്നും അമിയ പി. സെന്നിനെ ഉദ്ധരിച്ചുകൊണ്ട് ഡോ. എൻ. ലക്ഷ്മിക്കുട്ടി ചൂണ്ടിക്കാട്ടുന്നുമുണ്ട് (ഡോ. എൻ. ലക്ഷ്മിക്കുട്ടി, പേജ് 161).

**ആർ. എസ്. എസ്സും ഹിന്ദു സ്വത്വ നിർമ്മിതിയും**

ഹിന്ദു സ്വത്വ ('ഹിന്ദുത്വ') ബോധ നിർമ്മിതിയും സ്വത്വാധിഷ്ഠിത രാഷ്ട്രീയ ശാക്തീകരണവും ഏതളവിൽ ഇന്ത്യൻ സമൂഹത്തെ സഹായിക്കും എന്ന ചോദ്യം പ്രസക്തമാണ്. 'ഞങ്ങൾ ഇന്ത്യക്കാർ' എന്ന് ഇന്ത്യൻ ഭരണഘടന നിർവചിക്കുന്ന, എല്ലാ വിഭാഗം ജനങ്ങളേയും സമഗ്രമായി ഉൾക്കൊള്ളുന്ന ഒരു രാഷ്ട്രബോധമാണ് അതുകൊണ്ട് അർത്ഥമാക്കുന്നതെങ്കിൽ, അത് സ്വാഗതാർഹമാണ്. അതല്ലാത്ത മറ്റെന്തായാലും അത് അപകടകരവുമാണ്.

'ഹിന്ദുത്വ' പ്രത്യയശാസ്ത്രത്തിലൂടെ പുരാതനമായ ഒരു 'ആദർശാത്മക സുവർണ്ണകാലം' തിരികെ കൊണ്ടുവരാനുള്ള പരിശ്രമങ്ങൾ ഫലപ്രദമാവുകയില്ല. കാരണം, അങ്ങനെ ഒന്നില്ല. വിവിധ ജനവിഭാഗങ്ങളുടെ വൈവിധ്യമാർന്ന സ്വത്വ ബോധങ്ങളെ ഇന്ത്യയെന്ന വൈവിധ്യത്തിലെ ഏകത്വത്തിലേക്കു സമന്വയിപ്പിക്കുന്നതാണ് 'നമ്മൾ ഇന്ത്യക്കാർ' എന്ന ഇന്ത്യൻ ഭരണഘടന വിഭാവന ചെയ്യുന്ന പൗരസമൂഹത്തിന്റെ സ്വത്വബോധം.

**സ്വത്വബോധത്തിന്റെ പ്രാധാന്യവും സ്വത്വ രാഷ്ട്രീയം ഉയർത്തുന്ന വെല്ലുവിളികളും**

സ്വത്വബോധവും സ്വാഭിമാനവും നമുക്കുണ്ടായേ തീരൂ. എന്നാൽ സ്വത്വബോധം സ്വത്വ രാഷ്ട്രീയത്തിലേക്ക് വളരുകയും, അധികാരത്തിനും ആധിപത്യത്തിനും വേണ്ടിയുള്ള മത്സരമായി അത് ശക്തിപ്രാപിക്കുകയും ചെയ്യുമ്പോൾ, ശക്തിക്കുപകരം ശൈഥില്യമായിരിക്കും അതു രാഷ്ട്രത്തിനു സമ്മാനിക്കുക. ദേശീയ പ്രസ്ഥാനത്തോടൊപ്പം ശക്തി

www.malankaralibrary.com



പ്രാപിച്ച ഹിന്ദു സ്വത്വ ('ഹിന്ദുത്വ') രാഷ്ട്രീയവും മുസ്ലീം സ്വത്വ രാഷ്ട്രീയവും, രണ്ടും രാജ്യത്തിന് ആപത്തുണ്ടാക്കി എന്നത് ചരിത്രമാണ്.

സ്വാമി വിവേകാനന്ദനും ഗാന്ധിജിയും വിഭാവന ചെയ്ത 'വേദാന്ത സ്വത്വനിർമ്മിതി'യിലൂന്നിയ 'സ്വാഭിമാനം', ഇന്ത്യയിലെ വിവിധ മത സാംസ്കാരിക പ്രാദേശിക യാഥാർഥ്യങ്ങളെ ഉൾക്കൊള്ളുന്നതും, ജാതി അടിസ്ഥാനപ്പെടുത്തിയുള്ള മതപരമായ അവകാശ ആനുകൂല്യങ്ങളെ നിഷേധിക്കുന്നതും, പൗരൻ എന്ന നിലയിൽ എല്ലാ വ്യക്തിയുടെയും അന്തസ്സും തുല്യ അവകാശങ്ങളും ഉറപ്പുവരുത്തുന്നതും, ഭാരതീയൻ എന്ന പൗരബോധത്തിൽ എല്ലാവരെയും ഒന്നിപ്പിക്കുന്നതുമായിരുന്നു. അങ്ങനെയല്ലാതെയുള്ള എല്ലാത്തരം സ്വത്വ രാഷ്ട്രീയവും രാഷ്ട്രത്തെ ശക്തിപ്പെടുത്തുകയല്ല, പ്രതിസന്ധിയിലാക്കുകയാണ് ചെയ്യുന്നത്. സ്വത്വ രാഷ്ട്രീയത്തിലൂന്നി ഏതെങ്കിലും ഒരു വിഭാഗം ഇതര വിഭാഗങ്ങൾക്കുമേൽ ആധിപത്യം സ്ഥാപിക്കാൻ ശ്രമിക്കുക എന്നത് ജനാധിപത്യ സങ്കൽപ്പങ്ങൾക്കു വിരുദ്ധമാണ്.

**സ്വത്വ രാഷ്ട്രീയവും ചരിത്രം നൽകുന്ന പാഠവും**

കൊളോണിയൽ അനുഭവങ്ങളിലൂടെ കടന്നുപോയിട്ടുള്ള മിക്കവാറും എല്ലാ രാജ്യങ്ങളിലും സ്വത്വ പ്രതിസന്ധിയും അതിൽനിന്നു മുക്തമാകാനുള്ള തീവ്ര പരിശ്രമങ്ങളും ഉണ്ടായിട്ടുണ്ട്. ഒരു പക്ഷെ, അതേറ്റവും തീവ്രവും രൂക്ഷവുമായിരുന്നത് ഇസ്ലാമിക രാജ്യങ്ങളിലാണ്. മിക്കവാറും എല്ലാ ആധുനിക ഇസ്ലാമിക പുനരുജ്ജീവന പ്രസ്ഥാനങ്ങളും രൂപപ്പെട്ടുവന്നത് കോളനിവൽക്കരണത്തിന്റെ സാംസ്കാരിക ആധിപത്യത്തിനെതിരായിട്ടായിരുന്നു. തങ്ങൾക്കു നഷ്ടപ്പെട്ടു പോകുന്നു എന്ന് അവർ കരുതിയ 'ഇസ്ലാമിക സ്വത്വ'ത്തിനും സംസ്കാരത്തിനും വേണ്ടിയുള്ള ബൗദ്ധികമായ ചെറുത്തുനിൽപ്പുകളായിട്ടാണ് അവ രൂപം കൊണ്ടത്. പത്തൊൻപതാം നൂറ്റാണ്ടിന്റെ അവസാനത്തിലും ഇരുപതാം നൂറ്റാണ്ടിലുമായി വളർന്നുവന്ന ഇത്തരം പുനരുജ്ജീവന സ്വത്വ രാഷ്ട്രീയ പ്രസ്ഥാനങ്ങളാണ് ആധുനിക സലാഫിയ പ്രസ്ഥാനങ്ങൾക്കും, തക്ഫീരി ജിഹാദിസം ഉൾപ്പെടെയുള്ള ജിഹാദിസ്റ്റ് – മുജാഹിദ് പ്രസ്ഥാനങ്ങൾക്കും ജന്മം നൽകിയത്. സ്വത്വ ബോധത്തിന്റെ അത്തരം തീവ്രരൂപങ്ങളെല്ലാംതന്നെ, അതു ശക്തിപ്രാപിച്ച സമൂഹങ്ങളെ വലിയ പ്രതിസന്ധിയിലേക്കും ദുരിതങ്ങളിലേക്കും തള്ളിവിടുകയാണ് ഉണ്ടായത്.

ഒരു ദേശ രാഷ്ട്രത്തിന്റെ തലത്തിൽ രൂപപ്പെടുന്ന 'സ്വത്വ രാഷ്ട്രീയം' മതാധിഷ്ഠിത രാഷ്ട്രീയത്തിന്റെയോ മണ്ണിന്റെ മക്കൾ വാദത്തിന്റെയോ രൂപത്തിൽ ശക്തിപ്പെടുമ്പോൾ, അത് ഐക്യത്തേക്കാൾ വിവിധ ജനവിഭാഗങ്ങൾക്കിടയിൽ വിഭജനത്തിനും, വിദ്വേഷത്തിനും കാരണമായേക്കാം. മത രാഷ്ട്രീയവും പ്രാദേശിക വാദവും തീവ്ര സാംസ്കാരിക രാഷ്ട്രീയവുമെല്ലാം ഏതൊരു രാജ്യത്തിനും ആപത്താണ്.

**ജനാധിപത്യ ഇന്ത്യ പാഠം ഉൾക്കൊള്ളണം**

ഇന്ത്യയിലെ രാഷ്ട്രീയപ്പാർട്ടികൾ സ്വയം വിലയിരുത്തുകയും തങ്ങളുടെ രാഷ്ട്രീയ ആശയങ്ങളെയും ആദർശങ്ങളെയും നയപരിപാടികളെയും നിലപാടുകളെയും വിമർശന




വിധേയമാക്കുകയും ചെയ്യണം. വ്യക്തിയുടെ സ്വാതന്ത്ര്യം, സമൂഹത്തിന്റെ ഐക്യം, ജനാധിപത്യ സംവിധാനങ്ങളുടെ വളർച്ച രാജ്യത്തിൻറെ വികസനം തുടങ്ങിയ അടിസ്ഥാന ആശയങ്ങളോടുള്ള നിലപാടിന്റെ വെളിച്ചത്തിൽ ആശയ സംവാദത്തിൽ ഏർപ്പെടുന്ന ഒരു പുത്തൻ രാഷ്ട്രീയ സംസ്കാരം രൂപപ്പെട്ടു വരണം. എല്ലാ പരമ്പരാഗത പാർട്ടികളിലുമുള്ള ചെറുപ്പക്കാരും അഭ്യസ്തവിദ്യരുമായ പുതു തലമുറ ആഗ്രഹിക്കുന്നതും സ്വപ്നം കാണുന്നതും അത്തരം ഒരു രാഷ്ട്രീയത്തെയാണ്.

'നമ്മൾ ഇന്ത്യക്കാർ' എന്ന സ്വത്വ ബോധം രാജ്യത്തെ ഏകോപിപ്പിക്കുകയും ശക്തിപ്പെടുത്തുകയും ചെയ്യും. എന്നാൽ, 'സ്വത്വ രാഷ്ട്രീയം,' 'വിഭജിച്ചു ഭരിക്കുക' എന്ന കോളോണിയൽ യുക്തിയെ ശക്തിപ്പെടുത്തുന്നതാണ്.

**ഉപകാരസ്മരണ**



ഒരു വിശ്വാസി

www.malankaralibrary.com

## മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ
## പ്രഥമ പ്രസിദ്ധീകരണം
## ആകർഷകമായ രൂപകല്പനയിൽ
## എല്ലാ കുടുംബങ്ങളിലേക്കും...

# ക്രൈസ്തവ
# കാഹളം




വായിക്കുക    വരിക്കാരാകുക    പ്രചരിപ്പിക്കുക


www.malankaralibrary.com

RNI Licence No. 5675/1960
Registered-Postal Reg.No.KL/TV(N)284/2021-2023
Date of Publication 28-2-2023

Christavakahalam Monthly, MARCH 2023
Annual Subscription Rs. 150/-
Single Copy Rs. 15/-

impex
Products for Life

With Best Complements from...




**K.K JOSE C/o IMPEX DISTRIBUTION LLP**

**(Distributors of Crompton, Godrej, Havells, REO, Kerovit by Kajaria) Manthuruthy (PO), Karukachal, Kottayam, Kerala - 686542 Tel No. 0 9811208119, 9999208119**

**Quality Service in Every Way... All the Way**

**Distributors of Alappuzha, Kottayam, Idukki and Pathanamthitta**

Published by The Director, Communication Media, Major Archdiocese of Trivandrum
Printed at St. Mary's Press, Pattom, Trivandrum-4, Ph: 0091 471 2446116, 2443374, e-mail: stmaryspresspattom@gmail.com